(1) ഉത്തിഷ്ഠതാ = ചൈതന്യവത്തായി എഴുന്നേറ്റു നിൽക്കുക. (2) ജാഗ്രത ഈ ലോകത്തിൽ നാം ശാശ്വതരല്ലെന്നോർമ്മിക്കുക. (3) പ്രാപ്യവരാന്നിബോധതാ = അറിവുള്ളവരിൽ നിന്ന് അറിവുനേടി പ്രബുദ്ധരാകുക (4) അസതോമാ സദ്ഗമയ = തിന്മയിൽ നിന്ന് ഞങ്ങളെ നന്മയിലേക്ക് നയിക്കുക. (5) തമസോ മാ ജ്യോതിർ ഗമയ = ഇരുട്ടിൽ നിന്ന് വെളിച്ചത്തിലേക്ക് ഞങ്ങളെ നയിക്കുക. (6) സഹനാ വവതു = നമുക്കൊരുമിച്ചു നിലനിൽക്കാം. (7) സഹനൗ ഭുനക്തു = കർമ്മഫലം ഒരുമിച്ചനുഭവിക്കാം. (8) സഹവീര്യം കരവാവഹൈ = ഒരേപോലെ പ്രവൃത്തിപഥത്തിൽ മുന്നേറാം. (9) തേജസ്വിനാവധീതമസ്തു = (അപ്രകാരം) തേജസ്വികളാകാം. (11) മാ വിദ്വിഷാവഹൈ = ആരോടും വിദ്വേഷമില്ലാത്ത മാനസീകാവസ്ഥയുണ്ടാകട്ടെ. (10) മാതൃദേവോ ഭവ= അമ്മ ഈശ്വര തുല്യയായിത്തീരട്ടെ. (12) സത്യമേവ ജയതേ = സത്യമേ വിജയിക്കൂ. (13) ലോകാ സമസ്താ സുഖിനോ ഭവന്തു = ലോകത്തിലെ സർവചരാചരങ്ങൾക്കും സുഖമുണ്ടാകട്ടെ.....

=======================================

## വേദങ്ങൾ : മുകളിൽ നിന്ന് രണ്ടാം തലം

പിന്നെ വരുന്നു വേദങ്ങൾ. ഹിന്ദുവിന്റെ അടിസ്ഥാന ഗ്രന്ഥങ്ങൾ. മനസ്, ശരീരം, കുടുംബം, സംസ്കാരം, രാഷ്ട്രം ഇവയുമായി ബന്ധപ്പെട്ട സർവചരാചരങ്ങളും വേദങ്ങളുടെ വിഷയങ്ങളാണ്. പ്രപഞ്ചത്തെ തന്നെ ഈശ്വരനായി കാണുന്ന നിലവാരം. ബ്രഹ്മാണ്ഡവും പിണ്ഡാണ്ഡവും ബന്ധിപ്പിക്കുന്ന മാനവരാശിക്കുള്ള സന്ദേശങ്ങൾ മാത്രം അനാദിയായ - അപൗരുഷേയമായ - മന്ത്രദൃഷ്ടാക്കളെഴുതിയതാണ് വേദങ്ങൾ. ഒരുവാക്ക്, ഒരു വരി, ഒരു ഋക്ക്, ഒരു സൂക്തത്തിലൂടെ ജീവിതസന്ദേശപ്രകാരം ലോകമെങ്ങും പരത്തുന്നു. ഇവിടെ നൽകുന്നത് സന്ദേശങ്ങൾ മാത്രം. സാധാരണക്കാർക്ക് എളുപ്പത്തിൽ പ്രാപ്യമല്ലാത്തവ.



Scanned with CamScanner

1. ഋഗ്വേദസംഹിത (25 ശാഖകൾ) 2. യജുർവേദസംഹിത (108 ശാഖകൾ) 3. സാമവേദസംഹിത (1000 ശാഖകൾ) 4. അഥർവവേദസംഹിത (50 ശാഖകൾ) : വേദസന്ദേശങ്ങളെടുക്കേണ്ടത് ഇപ്രകാരമായിരിക്കണം. സംഗച്ഛധ്വം = നമുക്കൊരുമിച്ച് മുന്നോട്ടുപോകാം. സംവദധ്വം= ചൈതന്യവത്തായി സംസാരിക്കാം . സംവോമനാംസി ജാനതാം = നല്ല രീതിയിൽ പരസ്പരം മനസ്സിലാക്കാം. സമാനോ മന്ത്രഃ = ഒരേ മന്ത്രമാലപിക്കാം. (5) സമാനാ ഹൃദയാനി വഃ = നമ്മുടെ ഹൃദയത്തുടിപ്പുകളും ഒരേ രീതിയിലാകട്ടെ. (6) ഭദ്രം കർണ്ണേഭി ശ്രുണുയാമ ദേവാ = നന്മനിറഞ്ഞതു കേൾക്കുവാനിടവരട്ടെ (7) ആനോ ഭദ്രാ: ക്രതവോയന്തുവിശ്വതഃ = നന്മനിറഞ്ഞ ചിന്താധാരകൾ ലോകത്തിലെല്ലായിടത്തുനിന്നും വന്നുചേരട്ടെ. (8) സത്യം വദ = സത്യം പറയുക (9) ധർമ്മം ചര = ധർമ്മത്തിലൂടെ ചരിക്കുക (10) സ്വാധ്യായ പ്രവചനാഭ്യാം ന പ്രമദിതവ്യം = പഠിച്ച് പഠിപ്പിക്കുന്നതിൽ നിന്ന് വ്യതിചലിക്കാതിരിക്കുക.

==============================

## വാത്മീകിരാമായണം : മുകളിൽ നിന്ന് മൂന്നാം തലം

ത്രേതായുഗത്തിലെ വാത്മീകി രാമായണം, വേദങ്ങൾക്കുശേഷം, ജീവിതാനുഭവങ്ങളിലേക്ക് താഴേക്കിറങ്ങിവരുന്നു. വ്യാഖ്യാനങ്ങളില്ലെങ്കിലും വായനയിലൂടെയും വിവരണങ്ങളിലൂടെയും മനസിലാക്കാൻ സാധിക്കുന്ന വാത്മീകിരാമായണമാണ് ഇവിടെ അഭികാമ്യം. ചരിത്ര പുരുഷന്മാരുടെ അനുഭവങ്ങളും അവർ പരസ്പരം നൽകുന്ന ഉപദേശങ്ങളും മാത്രം കഥകളില്ല ചരിത്രം മാത്രം.

രാമായണത്തിലെ ദശരഥൻ, കൈകേയി, സുമിത്ര, ശ്രീരാമൻ, ലക്ഷ്മണൻ, ഭരതൻ, ബാലി, സുഗ്രീവൻ, രാവണൻ, കുംഭകർണ്ണൻ, വിഭീഷണൻ, ഹനുമാൻ, ശബരി ....... എന്നീ ചരിത്രപുരുഷന്മാരുടെ പ്രത്യേകതകൾ, ശരിതെറ്റുകൾ, കർമ്മഫലങ്ങൾ, നന്മതിന്മകൾ, രാമായണത്തിലെ ഓരോ സംഭവവും വിശകലനം ചെയ്ത് സമകാലീന പ്രസക്തമായ സന്ദേശങ്ങൾ വിശദീകരിച്ച് പഠിക്കണം. ഉദാഹരണം : ദശരഥൻ കൈകേയിക്ക് വരം കൊടുക്കേണ്ടതാവശ്യമായിരുന്നോ? (2) നല്ല സ്വഭാവമുള്ള കൈകേയിക്ക് കൂട്ടുകെട്ട് മന്ഥരയായപ്പോൾ എന്തു സംഭവിച്ചു? (3) തന്റെ മകനെ രാജാവാക്കണമെന്ന് ശഠിച്ചതിന്റെ പരിണതഫലം (4) യുദ്ധം ചെയ്തപ്പോൾ ജ്യേഷ്ഠാനുജന്മാരായ ബാലിസുഗ്രീവന്മാർക്ക് എന്തുസംഭവിച്ചു? (5) രാവണന്റെ സ്വാർത്ഥതയുടെ പരിണതഫലമെന്തായിരുന്നു? (6) തെറ്റു ചെയ്ത രാവണന്റെകൂടെ നിന്നവർക്കെന്തു സംഭവിച്ചു? (7) രാവണന്റെ കൂടെ നിൽക്കാത്ത വർക്കെന്തു സംഭവിച്ചു? (8) അച്ഛന്റെ തെറ്റിനുവേണ്ടി നിലനിന്ന മക്കൾക്കെന്തു സംഭവിച്ചു? (9) മണ്ഡോദരിയുടെ ഉപദേശം തിരസ്കരിച്ച രാവണനെന്തു സംഭവിച്ചു? (10) ഇപ്രകാരം പ്രവർത്തിച്ചാൽ നമുക്കു സംഭവിക്കുന്നതെന്തായിരിക്കുമെന്ന് പഠിക്കാൻ ശ്രമിക്കണം.

==============================



Scanned with CamScanner

## മഹാഭാരതം : മുകളിൽ നിന്ന് നാലാം തലം

ദ്വാപരയുഗത്തിലെ മഹാഭാരതം, ജീവിതം ധന്യമാക്കാൻ പക്ഷിമൃഗാദികളുടെ കഥകൾ ഏകദേശം 60,000 ശ്ലോകങ്ങളിലൂടെ നൽകുന്നു. മഹാഭാരതത്തിലെ പ്രധാന ചരിത്രപുരുഷന്മാരുടെ (കഥാപാത്രങ്ങളല്ല) ജീവിതാനുഭവങ്ങളും അവർ പരസ്പരം നൽകുന്ന ഉപദേശങ്ങളും കേൾക്കുന്നവന്റേയും വായിക്കുന്നവന്റേയും ജീവിതത്തിൽ നന്മയും, വെളിച്ചവും, ശാന്തിയും നിറയ്ക്കാൻ. ഭാവ രാഗ താള ത്തോടെ ഭാരതം നിലനിൽക്കുന്നു, ഗീതയും ഭീഷ്മോപദേശവും, വിദുരോപദേ ശവും അനുഗീതയുടെയും നൽകികൊണ്ട്.

മഹാഭാരതത്തിലെ ധൃതരാഷ്ട്രർ, ഗാന്ധാരി, കുന്തീദേവി, വിദുരർ, ഭീഷ്മർ, ദ്രോണർ, കർണൻ, ധർമ്മപുത്രൻ, അർജ്ജുനൻ, ദുര്യോധനൻ, ദുഃശാസനൻ, ശകുനി, ......... തുടങ്ങിയവരുടെ ഗുണങ്ങളും ദോഷങ്ങളുമെന്തായിരുന്നു? അവർ ചെയ്ത ശരിയും തെറ്റും എന്തായിരുന്നു? അവരുടെ ജീവിതവും ജീവി താന്ത്യവും എങ്ങിനെയായിരുന്നു? അതിനുള്ള കാരണവും കാരണക്കാരുമാരാ യിരുന്നു? അവരെപ്പോലെ നാം ജീവിച്ചാൽ നമുക്കെന്തു സംഭവിക്കും

(1) അമ്മയായ ഗാന്ധാരി കണ്ണുകെട്ടി നടന്നപ്പോൾ മക്കൾ ക്കെന്തു സംഭവിച്ചു? (2) പിതാവ് അന്ധനോ അന്ധനെപ്പോലെ പെരുമാറുന്നവനോ ആയാൽ മക്കൾ ക്കെന്തു സംഭവിക്കുമെന്ന് പഠിക്കുക. (3) മാതാവായ കുന്തി, മക്കളിൽ വാശിയും പക യും വളർത്താതിരുന്നതിനാൽ പാണ്ഡവർക്കെന്തു സംഭവിച്ചു? സൈന്യ ബലത്തിൽ കുറവായിരുന്നിട്ടും എന്തുകൊണ്ട് പാണ്ഡവർ ജയിച്ചു? (4) ദുര്യോ ധനാദികൾ എന്തുകൊണ്ട് ഇത്രയും ദുഷ്ടന്മാരായി? (5) ഭീഷ്മർക്ക് എന്തുകൊണ്ട് ശരശയ്യയിൽ കിടക്കേണ്ടിവന്നു? (6) ധർമ്മപുത്രർക്ക് ചൂതുകളിയിൽ ലഹരി മൂത്ത തുകൊണ്ടല്ലേ എല്ലാം പണയം വച്ച് കാട്ടിൽ പോകേണ്ടിവന്നത്? (7) കുടുംബ ത്തിലെ അംഗമായ ശകുനി, തെറ്റായ പന്ഥാവിലൂടെ കൗരവരെ നയിച്ചതിന്റെ ഫലമെന്തായിരുന്നു? (8) രാഷ്ട്രത്തിന്റെ നന്മ ലക്ഷ്യമിട്ട് എടുത്ത പ്രതിജ്ഞ രാഷ്ട്രത്തെ ഭരിക്കുന്നവരുടെ രക്ഷയ്ക്കായി മാറ്റിയതല്ലേ ഭീഷ്മർക്ക് ഇങ്ങിനെയൊരു ദുരവസ്ഥയുണ്ടായത്? കൗരവർക്കെന്തു സംഭവിച്ചു, എന്തുകൊണ്ടത് സംഭവിച്ചു?

ഉപനിഷത്തിന്റേയും വേദത്തിന്റെയും രാമായണത്തിന്റേയും നിലവാരത്തിലേക്കു യരാനാകാത്തവർക്ക് 18 പുരാണങ്ങളിലും ഉപപുരാണങ്ങളിലും ആയിരക്കണ ക്കിന് ആസുരിക - രാക്ഷസീയ - ദൈവീക - ദാസ സ്വഭാവമുള്ളവരുടെ കഥകൾ വിവരിക്കുന്നു. നന്മനിറഞ്ഞവർക്ക് എന്തു സംഭവിക്കുന്നു തിന്മനിറഞ്ഞവർക്ക് എന്തു സംഭവിക്കുന്നു. അങ്ങനെ ജീവിച്ചാൽ നമുക്കെന്തുസംഭവിക്കും.

---

## പുരാണങ്ങൾ : മുകളിൽ നിന്ന് അഞ്ചാം തലം

പുരാണങ്ങളിൽ നിന്ന് കഥകൾ വേർതിരിച്ചെടുത്ത് കഥാപാത്രങ്ങളിൽ നിന്നും



Scanned with CamScanner

നാം പഠിക്കേണ്ടതായ തത്വങ്ങളും സന്ദേശങ്ങളും വിശകലനം ചെയ്യണം. പുരാണകഥകളിലെ സത്യം - അസത്യം, ധർമ്മം - അധർമ്മം, നീതി - അനീതി, ശരി - തെറ്റ്, ഇവ എന്തെല്ലാമാണെന്നും കഥാപാത്രങ്ങളെപ്പോലെ നമ്മൾ ജീവിച്ചാൽ എന്തുസംഭവിക്കുമെന്നും ചിന്തിപ്പിക്കുന്ന വിധത്തിൽ പഠിപ്പിക്കണം.

പുരാണ കഥാപാത്രങ്ങൾ നൽകുന്ന ഉപദേശങ്ങൾ സമകാലീന പ്രസക്തമാംവിധത്തിൽ പഠിച്ച് പഠിപ്പിക്കണം. പ്രഹ്ളാദന്റെ കഥ, ധ്രുവന്റെ കഥ, നഹുഷന്റെ കഥ, പ്രാചീന ബർഹിസ്സിന്റെ കഥ, കപിലന്റെ ഉപദേശം, ജഡഭരതന്റെ കഥ, മഹാബലിചക്രവർത്തിയുടെ കഥ, അംബരീഷന്റെ കഥ, ഗജേന്ദ്രന്റെ കഥ, ഭസ്മാസുരന്റെ കഥ, അസുരന്മാരുടെ കഥകൾ, ദേവതകൾക്ക് അഹങ്കാരമുണ്ടായതിന്റെ കഥകൾ, ശിവന്റെ കഥകൾ, ത്രിമൂർത്തിമാരുടെ കഥയിലോരോന്നും വിവരിച്ചുകൊടുത്ത് ജീവിതത്തിൽ പകർത്തേണ്ടതായ സന്ദേശങ്ങളെടുക്കേണ്ടതും പഠിപ്പിക്കുക. (50 കഥകൾ വിശകലനം ചെയ്യണം)

## സനാതനധർമ്മ പഠനം – 31

# ഈശാവാസ്യ ഉപനിഷദ് : ഒരു ശാസ്ത്രീയ പഠനം

**ഓം പൂർണ്ണമദഃ പൂർണ്ണമിദം പൂർണ്ണാത്പൂർണ്ണമുദച്യതേ**

**പൂർണ്ണസ്യ പൂർണ്ണമാദായ പൂർണ്ണമേവാവശിഷ്യതേ**

അതിസൂക്ഷ്മമായ പരമാണുവിലും അതിമഹത്തായ പ്രപഞ്ചത്തിലും നിറഞ്ഞുനിൽക്കുന്ന ചൈതന്യം പൂർണ്ണമാണ്. ഈ പൂർണ്ണത്തിൽ നിന്നുദിക്കുന്നതും ഉത്ഭവിക്കുന്നതും പൂർണ്ണമാകുന്നു. ഈ പൂർണ്ണചൈതന്യത്തിൽ, പൂർണ്ണം ഉത്ഭവിച്ചതിനു ശേഷം അവശേഷിക്കുന്നതും പൂർണ്ണം തന്നെ.

1. **ഈശാവാസ്യമിദം സർവ്വം യത്കിഞ്ച ജഗത്യാം ജഗത്**

   **തേന ത്യക്തേന ഭുഞ്ജീഥാഃ മാ ഗൃധഃ കസ്യസ്വിദ്ധനം**

ഈ പ്രപഞ്ചത്തിലെ സർവ്വതും ഇപ്രകാരമുള്ള (ബ്രഹ്മ) ചൈതന്യം അഥവാ ഈശൻ വസിക്കുന്നതാകുന്നു. എന്തെല്ലാം ദ്രവ്യങ്ങളുണ്ടെങ്കിലും അതിലെല്ലാമുണ്ട് ബ്രഹ്മചൈതന്യം. ഈ ചൈതന്യത്താൽ സൃഷ്ടിക്കപ്പെട്ടവയെല്ലാം (തേന ത്യക്തേന) കർമ്മമണ്ഡലത്തിലുപയോഗിക്കാവുന്നതാണ് (ഭുഞ്ജീഥ). പ്രപഞ്ച ചൈതന്യത്തിന്റെ പ്രവർത്തനമണ്ഡലത്തിന്നപ്പുറം, മറ്റൊരു ചൈതന്യവും ആരും തന്നെ (ഒരു വ്യക്തിയും) സൃഷ്ടിക്കുന്നില്ല. മറ്റൊന്നിന്റേയും ധനം (സൃഷ്ടിയും) ഇവിടമില്ല തന്നെ. പ്രപഞ്ച നിയമമനുസരിച്ചുള്ള പന്ഥാവാണ് സർവ്വചരാചരങ്ങളുടേയും കർമ്മത്തിന്റെ ആസ്തിത്വ മാർഗം.

2. **കുർവ്വന്നേവേഹ കർമ്മാണി ജിജീവിഷേച്ഛതംസമാഃ**

   **ഏവം ത്വയി നാന്യഥേതോ ƒസ്തി ന കർമ്മ ലിപ്യതേ നരേ**



Scanned with CamScanner

പ്രപഞ്ച ചൈതന്യത്തിന്റെ വ്യക്തമായ മാർഗരേഖയിലൂടെ ചലിച്ച് നൂറുവർഷം ജീവിക്കുക. ഈ പന്ഥാവിൽ നിന്ന് വ്യതിചലിച്ച് മറ്റൊന്ന് സ്വയം സൃഷ്ടിച്ച് ജീവിക്കേണ്ടതില്ല. മനുഷ്യൻ സ്വന്തം സൃഷ്ടിയിൽ മുഴുകേണ്ടതുമില്ല. അതസാദ്ധ്യവുമാണ്.

**3. അസുര്യാ നാമ തേ ലോകാ അന്ധേന തമസാവൃതാഃ**
**താംസ്തേ പ്രേത്യാഭിഗച്ഛന്തി യേ കേ ചാത്മഹനോ ജനാഃ**

സുഖസന്തോഷാദികളുടെ അംശമില്ലാത്ത ഒരു ആസുരിക, നരകതുല്യമായ, പൂർണമായും കൂരിരുട്ടിനാൽ ആവൃതമായിട്ടിരിക്കുന്ന ഒരു ലോകമുണ്ട്. നാശോന്മുഖമായ കർമ്മത്തിലൂടെ, ഈ ലോകത്തിലേക്കാണ് ഇവർ (പ്രകൃതി നിയമത്തിനെതിരായി പ്രവർത്തിക്കുന്നവർ) ജനങ്ങളെ നയിക്കുന്നത്. ജനതയുടെ സർവനാശമായിരിക്കും ഇത്തരം കർമ്മത്തിന്റെ പരിണതഫലം

**4. അനേജദേകം മനസോജവീയോ നൈനദ്ദേവാ ആപ്നുവൻ പൂർവ്വമർഷത്**
**തദ്ധാവതോ ഽന്യാനത്യേതി തിഷ്ഠത് തസ്മിന്നപോ മാതരിശ്വാ ദധാതി.**

പ്രപഞ്ചത്തിലെ സർവ്വകർമ്മധർമ്മങ്ങളും നിയന്ത്രിക്കുന്ന ഒരു ചൈതന്യമുണ്ട്. പ്രകൃതിയുടെ സമഗ്ര പ്രവർത്തനങ്ങളും (സൃഷ്ടിയും, സ്ഥിതിയും സംഹാരവും) ഈ ചൈതന്യത്തിന്നധീനമാണ്. ചലനമില്ലാത്തതുപോലെ കാണുന്ന ഈ ചൈതന്യത്തിന് മനസ്സിനേക്കാൾ വേഗതയുണ്ട്. സർവ്വജീവജാലങ്ങളിലും അത് ആത്മ ചൈതന്യ രൂപത്തിൽ വസിക്കുന്നു. ജീവികളുടെ പ്രാണസ്പന്ദനം ഈ ചൈതന്യത്താൽ നടക്കുന്നു.

**5. തദേജതി തന്നൈജതി തദ്ദൂരേ തദ്വന്തികേ**
**തദന്തരസ്യ സർവ്വസ്യ തദു സർവ്വസ്യാസ്യബാഹ്യത**

എല്ലാത്തിനേയും നിരന്തരം ചലനാത്മകമാക്കുന്ന ഈ ചൈതന്യം ചലനമില്ലാതെ നിൽക്കുന്നു, (നിൽക്കുന്നതായി തോന്നുന്നു). അത് അകലേയും അടുത്തുമുണ്ട്. സർവ്വചരാചരങ്ങൾക്കകത്തും അവയ്ക്കു പുറത്തുമുണ്ട്.

**6. യസ്തു സർവ്വാണി ഭൂതാന്യാത്മന്യേവാനുപശ്യതി**
**സർവ്വഭൂതേഷു ചാത്മാനം തതോന വിജുഗുപ്സതേ**

മേൽവിവരിച്ച ചൈതന്യം സർവ്വചരാചരങ്ങളിലുമുണ്ട്. എന്നിലും (നമ്മിലും) നിന്നിലും (നിങ്ങളിലും) ഒരേ ചൈതന്യസാന്നിദ്ധ്യമായതുകൊണ്ട്, എല്ലാത്തിലും ആ ചൈതന്യത്തെ ദർശിക്കുവാൻ സാധിക്കുന്നവൻ (ആത്മീയാചാര്യനായ ഋഷിവര്യനാണെങ്കിലും, ഭൗതീക ശാസ്ത്രജ്ഞനാണെങ്കിലും) ജീവജാലങ്ങളിൽ വ്യത്യാസം കാണുന്നില്ല. ഒന്നിനേയും നിന്ദിക്കുന്നുമില്ല.

**7. യസ്മിൻ സർവ്വാണി ഭൂതാന്യാത്മൈവാഭൂദ്വിജാനതഃ**
**തത്ര കോ മോഹഃ കഃ ശോകഃ ഏകത്വമനുപശ്യതഃ**

സർവ്വചരാചരങ്ങളിലും ഒരേ തേജസ്സിന്റെ സാന്നിദ്ധ്യം ദർശിക്കുവാൻ സാധിക്കുന്ന



Scanned with CamScanner

ഋഷിവര്യനും ശാസ്ത്രജ്ഞനും, ചരാചരങ്ങളിലെ രൂപ-ഭാവ ഭേദങ്ങളിൽ മോഹിക്കുകയോ ദുഃഖിക്കുകയോ ചെയ്യുന്നതെങ്ങിനെ? അവർ ഏകപ്രപഞ്ച ചൈതന്യദ്രഷ്ടാക്കളാണല്ലോ!

8. **സപര്യഗാച്ഛുക്രമകായമവ്രണം അസ്നാവിരം**
**ശുദ്ധമപാപവിദ്ധം കവിർമനീഷീ പരിഭൂഃ**
**സ്വയംഭൂർയ്യാഥാതഥ്യതോർത്ഥാൻ**
**വ്യദധാച്ഛാശ്വതീഭ്യഃ സമാഭ്യഃ**

ചരാചരങ്ങളിൽ വ്യാപിച്ചിരിക്കുന്ന തേജോമയമായ ചൈതന്യം ശരീരരഹിതമാണ്. അത് നാശമില്ലാത്തതും, (ജീവനുള്ള ശരീരത്തിലേതുപോലെ) ഞരമ്പുകളില്ലാത്തതും, ശുദ്ധവും, കളങ്കരഹിതവും ആകുന്നു. ഇതാകട്ടെ സ്വയം ജനിച്ചതും എല്ലാത്തിനേയും വലയംവയ്ക്കുന്നതും, ശാശ്വതവും പ്രപഞ്ചത്തെ കർമ്മനിരതമാക്കുന്നതുമത്രെ.

9. **അന്ധം തമഃ പ്രവിശന്തി യേ അവിദ്യാമൂപാസതേ**
**തതോഭൂയ ഇവ തേ തമോ യ ഉ വിദ്യായാം രതാഃ**

ഭൗതിക ശാസ്ത്രത്തിലൂടെ ലഭിക്കുന്ന വിജ്ഞാനം (അവിദ്യ) മാത്രമാണ് യഥാർത്ഥ പൂർണ്ണജ്ഞാനമെന്ന് വിശ്വസിച്ച്, അതുമാത്രം ഉപാസിക്കുന്നവർ ഘോരമായ ഇരുട്ടിലേക്കാണ് പ്രവേശിക്കുന്നത്. ആത്മീയജ്ഞാനമായ വിദ്യമാത്രമാണ് യഥാർത്ഥപൂർണ്ണജ്ഞാനമെന്നു വിചാരിച്ചുപാസിക്കുന്നവരും അതേ ഘോരാന്ധകാരത്തിലേക്കുതന്നെ പ്രവേശിക്കുന്നു.

10. **അന്യദേവാഹുർവ്വിദ്യയാ അന്യദാഹുരവിദ്യയാ**
**ഇതി ശുശ്രുമ ധീരാണാം യേ നസ്തദ്വിചചക്ഷിരേ**

ആത്മീയവിദ്യയിലൂടെ ലഭിക്കുന്നത് ജ്ഞാനത്തിന്റെ ഒരു ഭാഗം മാത്രമാണ്. അവിദ്യയിലൂടെ ലഭിക്കുന്നത് ജ്ഞാനത്തിന്റെ രണ്ടാം ഭാഗവും. പണ്ഡിതന്മാരും ധിഷണാശാലികളുമായ ഋഷിവര്യന്മാരാണ് ഇങ്ങിനെ പറഞ്ഞിരിക്കുന്നത്.

11. **വിദ്യാം ചാവിദ്യാംച യസ്തദ്വേദോഭയം സഹ**
**അവിദ്യയാ മൃത്യും തീർത്ധ്വാ വിദ്യയാമൃതമശ്നുതേ**

ആന്തരീക ആത്മീയജ്ഞാനമായവിദ്യ, ഭൗതീക ബാഹ്യ ജ്ഞാനമായ അവിദ്യ എന്നിങ്ങിനെ, ജ്ഞാനം രണ്ടുവിധമത്രെ. ബാഹ്യമായ ഭൗതികജ്ഞാനത്താൽ എല്ലാ ഭൗതീക ദുഃഖങ്ങളിൽ നിന്നും മോചനം നേടുകയും, ആത്മീയ ജ്ഞാനത്താൽ അമരത്വത്തെ പ്രാപിക്കുകയുമാണ് ജീവിതലക്ഷ്യം.

12 **അന്ധം തമഃ പ്രവിശന്തി യേഽസംഭൂതിമുപാസതേ**
**തതോ ഭൂയ ഇവ തേ തമോ യ ഉ സംഭൂത്യാം രതാഃ**

ഉൽപത്തി ഇല്ലാത്ത (അസംഭൂതി) ഒന്നിനെമാത്രം ഉപാസിക്കുന്ന വ്യക്തിയും കൂരിരു



Scanned with CamScanner

ട്ടിൽ പ്രവേശിക്കുന്നു. അപ്രകാരം തന്നെ ഉൽപത്തിയുള്ളതിനെ (സംഭൂതി) മാത്രം ഉപാസിക്കുന്നവനും കൂരിരുട്ടിൽ തന്നെ പ്രവേശിക്കുന്നു.

13. **അന്യദേവാഹുഃ സംഭവാദന്യദാഹുരസംഭവാത്**
**ഇതി ശുശ്രുമ ധീരാണാം യേ നസ്തദ്വിചചക്ഷിരേ.**

ദ്രവ്യങ്ങളുടെ സംഭൂതി - ഭൗതിക - പിണ്ഡജ്ഞാനത്തിലൂടെ ലഭിക്കുന്നത് ഒരു ഭാഗം അറിവുമാത്രമാണ്. ഊർജ്ജ ജ്ഞാനത്തിലൂടെ- ആന്തരീക ജ്ഞാനത്തിലൂടെ - അ സംഭൂതിയുടെ അറിവിന്റെ മറ്റൊരു ഭാഗവും ലഭ്യമാകുന്നു. എന്ന് ധിഷണാ ശാലിക ളായ പണ്ഡിതർ പറയുന്നു.

14. **സംഭൂതിംച വിനാശംച യസ്തദ്വേദോഭയംസഹ**
**വിനാശേന മൃത്യും തീർത്വാള്സംഭൂത്യാള്മൃതമശ്നുതേ**

ഭൗതികവും നാശ സഹിതവുമായ ദ്രവ്യ ഗുണദോഷ ജ്ഞാനവും, ദ്രവ്യങ്ങളുടെ അടി സ്ഥാന നാശരഹിതമായ ചൈതന്യ ജ്ഞാനവും ചേർന്നതാണ് സമഗ്രജ്ഞാനം. ഇവ യിൽ ദ്രവ്യങ്ങളുടെ ജ്ഞാനമുപയോഗിച്ച് ജീവിതം ധന്യമാക്കുക (സുഖസമൃദ്ധി നേടു ക). അവയുടെ അടിസ്ഥാനജ്ഞാനം നേടി അമരത്വത്തെ (ശാശ്വതമായ പ്രപഞ്ചചൈ തന്യജ്ഞാനത്തിലൂടെ) പ്രാപിക്കുക. (ഈ വരികളുടെ സമാന്തരവിവരണം 11 ാം ശ്ലോക ത്തിലുണ്ട്)

15. **ഹിരണ്മയേന പാത്രേണ സത്യസ്യാപിഹിതം മുഖം**
**തത്ത്വം പൂഷന്നപാവൃണു സത്യധർമ്മായ ദൃഷ്ടയേ**

വസ്തുക്കളുടെ യാഥാർത്ഥ്യവും, ദ്രവ്യത്തിന്റെ യഥാർത്ഥരൂപവും സ്വർണനിറത്തി ലുള്ള ആവരണം കൊണ്ട് മൂടിയിരിക്കുകയാണ്. സത് എന്തെന്നും അതിന്റെ പ്രപ ഞ്ചദത്തമായ പന്ഥാവ് (ധർമ്മം) എന്തെന്നും മനസ്സിലാക്കുവാൻ, പുറമേ കാണുന്ന ആവരണം നീക്കം ചെയ്യേണ്ടതാണ്.

16. **പൂഷന്നേകർഷേ യമ സൂര്യ പ്രാജാപത്യ വ്യൂഹരശ്മീൻ സമൂഹ**
**തേജോ യത്തേരൂപം കല്യാണതമംതത്തേ പശ്യാമി യോള്സാവസൗപുരുഷഃ സോള്ഹമസ്മി**

സർവചരാചരങ്ങളേയും പോഷിപ്പിക്കുന്നതും, നിയന്ത്രിക്കുന്നതും, സൂര്യതേജസ്സു ള്ളതും, സർവ്വസൃഷ്ടിയുടേയും ആധാരചൈതന്യവും, ആയ രൂപം എനിക്കു ദർശി ക്കുവാൻ സാധിക്കുന്നു. ഉജ്ജ്വലപ്രഭയാർന്ന ആ ചൈതന്യം, മംഗളകരമായ, പ്രപഞ്ച (പുരുഷ) ചൈതന്യം, ഞാനിതാ കാണുന്നു.

17. **വായുരനിലമമൃതമഥേദം ഭസ്മാന്തം ശരീരം**
**ഓം ക്രതോസ്മര കൃതംസ്മര ക്രതോസ്മര കൃതംസ്മര**

വായുവും, അഗ്നിയും, മരണമില്ലാത്ത (നാശമില്ലാത്ത) ദ്രവ്യമൂലകങ്ങളുടെ പരമാണുകളും (അവയ്ക്ക് നാശമില്ലാത്തതിനാൽ അവ അമൃതസ്വഭാവമുള്ളതെ ന്നിവിടെ പറയുന്നു)



Scanned with CamScanner

ചേർന്ന മനുഷ്യശരീരം അന്ത്യത്തിൽ ഭസ്മമായിത്തീരുന്നു. ക്ഷയ- നാശങ്ങൾക്കു അത് വിധേയമാകുന്നു. ഇതാണ് ശാശ്വതസത്യം, ഇത് മനസ്സിലാക്കിയ ഭൗതികശാസ്ത്രജ്ഞന്മാരും ആത്മീയ ആചാര്യന്മാരും ഒരേ സ്വരത്തിൽ ആഹ്വാനം ചെയ്യുന്നു! എല്ലാകർമ്മത്തിന്റേയും ഭൂത- വർത്തമാന ഭാവികൾ ചിന്തിക്കുക.

18. അഗ്നേ നയ സുപഥാ രായേ അസ്മാൻ വിശ്വാനി ദേവ വയൂനാനി വിദ്വാൻ
    യുയോധ്യസ്മജ്ജുഹുരാണമേനോ ഭൂയിഷ്ഠാം തേ നമ ഉക്തിം വിധേമ

ഹേ അഗ്നേ നല്ല പന്ഥാവിലൂടെ ഞങ്ങളുടെ ശരീരത്തേയും മനസ്സിനേയും നയിക്കുക. സർവ്വതിന്റേയും ആധാരഭൂതമായ അഗ്നേ! ഞങ്ങളുടെ മനസ്സിൽ ഒളിഞ്ഞിരിക്കുന്ന അപഥചിന്താധാരകളെ ഇല്ലാതാക്കുവാൻ സാധിക്കുന്ന അങ്ങേക്ക് ഞങ്ങൾ പ്രണാമം ചൊല്ലി നമസ്കരിക്കുന്നു.

## സനാതനധർമ്മ പഠനം –32

## വിദ്യാർത്ഥികളിൽ പരീക്ഷാഭയം ഒഴിവാക്കാൻ രക്ഷാകർത്താക്കൾക്കും അദ്ധ്യാപകർക്കുമുള്ള മാർഗനിർദ്ദേശങ്ങൾ

ഈ നിർദ്ദേശങ്ങൾ അദ്ധ്യാപകർക്കും മാതാപിതാക്കൾക്കുമുള്ളതാണ്. ഇതൊരു മാർഗ ദർശന രേഖയായിട്ടേ എടുക്കാവൂ. ഓരോ വരിയും അനുഭവത്തിന്റെ മധുരവും ചേർത്തുവേണം, വിദ്യാർത്ഥികളോട് സാവധാനത്തിൽ ഉപദേശിക്കുവാൻ. ഇതൊരു ഉപദേശമായിരിക്കണം, മാർഗദർശനമായിരിക്കണം. കഥപോലെയറിയിക്കണം, ലാളിത്യത്തോടെ പറയണം, അവനവന്റെ അനുഭവങ്ങളുടെ പ്രതിഫലനമായികേൾക്കുന്നവർക്കു തോന്നണം, ആത്മവിശ്വാസം ജ്വലിപ്പിക്കുന്ന രീതിയിൽ പറഞ്ഞുകൊടുക്കണം. നിസ്സഹായവസ്ഥയുണ്ടാക്കുന്ന വിധത്തിലൊരു വരിപോലുമുണ്ടാകരുത്. പരീക്ഷയും പരീക്ഷണങ്ങളും ജീവിതത്തിന്റെ ഭാഗമാണെന്ന രീതിയിൽ ശബ്ദം താഴ്ത്തി, വ്യക്തമായ ഭാഷയിൽ, ചിരിച്ച മുഖവുമായിവേണം ഇനി പറയുന്ന ഓരോ കാര്യവും വിദ്യാർത്ഥികളോട് വിവരിക്കാൻ. ഏകദേശം രണ്ടുമണിക്കൂർ സമയം രണ്ടു ദിവസങ്ങളായോ മൂന്നുനാലു ദിവസങ്ങൾ നീണ്ടു നിൽക്കുന്ന രീതിയിൽ അൽപാൽപമായോ പറഞ്ഞുകൊടുക്കണം. കേട്ടുകൊണ്ടിരിക്കാൻ രസകരമായവിധത്തിൽ വേണം അവതരിപ്പിക്കാൻ. വീണ്ടും വീണ്ടും ആവർത്തിക്കണം. വിദ്യാർത്ഥികളെകൊണ്ട് ആവർത്തിപ്പിക്കണം.

==========================================

ലോകത്തിൽ സ്കൂൾ- കോളേജ് വിദ്യാഭ്യാസം നേടാത്ത ഉന്നതരുണ്ടാകില്ല. അവരെല്ലാം ഏതു കർമ്മ മണ്ഡലത്തിൽ പ്രവർത്തിക്കുന്നവരാണെങ്കിലും പരീക്ഷയെഴുതിയിട്ടുണ്ടാകും. അതുകൊണ്ട് പഠിക്കുന്നതുപോലെ ഒരു സാധാരണ കാര്യം മാത്രമാണ് പരീക്ഷയെഴുതുന്നതുമെന്നറിയിക്കണം.

==========================================



Scanned with CamScanner

പരിക്ഷ എഴുതുന്ന ലോകത്തിലെ ഏതു പ്രഗത്ഭനും ഭയമുണ്ടായിരിക്കുമെന്നു പറയണം. ഇലക്ഷന് നിൽക്കുന്ന പ്രധാനമന്ത്രിക്കും പ്രസിഡന്റിനും അതൊരു പരീക്ഷയാണ്, പരീക്ഷണമാണ്. അവർക്കും ഭയമുണ്ടായിരിക്കും. പരീക്ഷയെഴുതുന്നതിനു തയ്യാറെടുക്കുന്ന വിദ്യാർത്ഥികളിൽ അൽപമെങ്കിലും ഭയമുണ്ടാകാത്തവരുണ്ടാകില്ല.

========================================

സ്വന്തം പഠനകാലത്ത് പരീക്ഷക്കു തയ്യാറായ രീതിയും, പഠിച്ച രീതിയും പരീക്ഷയെഴുതുമ്പോൾ തോന്നിയ ഭയവും അദ്ധ്യാപകരും മാതാപിതാക്കളും വിവരിച്ചു പറയണം.

========================================

ഈ ലോകത്തിൽ വിദ്യാഭ്യാസം നേടാൻ സാധിക്കാത്ത പാവപ്പെട്ട കോടിക്കണക്കിന് ജനതയുടെ അവസ്ഥയും നിങ്ങളെ പോലെയുള്ള വിദ്യാർത്ഥികളുടെ അവസ്ഥയും താരതമ്യം ചെയ്തു പറഞ്ഞുകൊടുക്കണം.

========================================

ഇന്ന് ധാരാളം ഉന്നത പഠന സ്ഥാപനങ്ങളുള്ളതിനാൽ ഉയർന്ന പഠനത്തിന് ഒരു ബുദ്ധിമുട്ടുമുണ്ടാകില്ല. അതുകൊണ്ട് ഉയർന്ന വിദ്യാഭ്യാസത്തിനെക്കുറിച്ച്, പരീക്ഷയെഴുതാൻ പോകുന്ന വിദ്യാർത്ഥി ചിന്തിച്ച് ഭയപ്പെടരുതെന്നുപദേശിക്കണം.

========================================

ജീവിതത്തിൽ ഒരു നിലയിൽ നിന്നും ഉയരങ്ങളിലേക്കു പോകുമ്പോൾ അവിടെയെല്ലാം പ്രത്യക്ഷമായോ പരോക്ഷമായോ പരീക്ഷയുണ്ട് എന്നറിയിക്കണം. ഏറ്റവും ഉന്നതമായ ഡോക്ടർ പദവിയിലും, ഐ.എ.എസിലും, എല്ലാത്തിലും ഇനിയുമിനിയും പരീക്ഷകളിലൂടെ പോകേണ്ടതുകൊണ്ട് ഈ പരീക്ഷകളെല്ലാം ഭക്ഷണം കഴിക്കുന്നതുപോലെ ജീവിതത്തിന്റെ ഭാഗമാണെന്നു പഠിപ്പിക്കണം, അതവർ ഓർമ്മിക്കണമെന്നറിയിക്കണം.

========================================

എത്രകാലത്തെ പരിചയമുണ്ടെങ്കിലും ഒരു ഡോക്ടർ രോഗിയെ ശസ്ത്രക്രിയ നടത്തുമ്പോഴും, ഡ്രൈവർ വണ്ടിയോടിക്കുമ്പോഴും, ജവാൻ യുദ്ധക്ഷേത്രത്തിൽ നിൽക്കുമ്പോഴും, പൈലറ്റ് വിമാനമോടിക്കുമ്പോഴും, തെങ്ങുകയറ്റത്തൊഴിലാളി തെങ്ങിൽ കയറുമ്പോഴും, സിനിമാനടൻ അഭിനയിക്കുമ്പോഴും, പാട്ടുകാരൻപാടുമ്പോഴും, മന്ത്രി ഫയലിൽ ഒപ്പിടുമ്പോഴും, പോലീസുകാരൻ സമരക്കാരെ നേരിടുമ്പോഴുമെല്ലാം അവരുടെ മനസ്സിലും ഭയമുണ്ട്. അങ്ങിനെയൊരു ഭയം പരീക്ഷക്കു തയ്യാറെടുക്കുമ്പോഴും സാധാരണമാണ്. അത് നമ്മെ തളർത്തേണ്ടയാവശ്യമില്ല കാരണം, അതെല്ലാവർക്കുമുള്ളതാണ് എന്നറിയണം. ഇതെല്ലാം അദ്ധ്യാപകർ/മാതാപിതാക്കൾ വിദ്യാർത്ഥികൾക്ക് ഉദാഹരണ സഹിതം വിവരിച്ചുകൊടുക്കണം.

========================================

പലപ്പോഴും പരീക്ഷയെക്കുറിച്ചുള്ള ഭയമാണ് നാം പഠിച്ചതുപോലും മറക്കാൻ കാരണമായേക്കാവുന്നത് എന്നുമറിയിക്കണം. ഇന്റർവ്യൂവിന് പഠിച്ചുപോകുന്ന



Scanned with CamScanner

വിദ്യാർത്ഥിക്ക് പലതും മറന്നുപോകുന്നത് ഭയംകൊണ്ടാണ്. വരുന്നതുവരട്ടെ എന്നു വിചാരിച്ചു പരീക്ഷ എഴുതുന്ന വിദ്യാർത്ഥിക്ക് നല്ല മാർക്ക് ലഭിക്കുകയും ചെയ്യുന്നുണ്ട്. ശ്രദ്ധയോടെ പഠിക്കണം, പഠിച്ചതു ശ്രദ്ധയോടെ എഴുതണം. ഇതിന് ഭയമില്ലാത്ത ശാന്തമായ മനസ്സും ബുദ്ധിയും ആവശ്യമാണ്.

========================================

പരീക്ഷയുടെ മാർക്കെന്നു പറയുന്നത് ജീവിത നേട്ടങ്ങളിൽ ഒരു ഘടകം മാത്രമാണ്. ജീവിതത്തെ ധന്യമാക്കുന്നത് നന്മനിറഞ്ഞ ജീവിതാനുഭവങ്ങളാണ്. നാം ഓരോ ക്ലാസും കഴിഞ്ഞു മുകളിലേക്കുള്ള ക്ലാസുകളിലേക്കു പോകുമ്പോൾ ഈ മാർക്കുകളൊന്നും ആരും അന്വേഷിക്കാറുമില്ല. പ്രയോജനപ്പെടാറുമില്ലെന്നറിയണം. ഇന്നു മഹാന്മാരായ ആരോടെങ്കിലും നിങ്ങൾക്ക് സ്കൂളിലെത്ര മാർക്ക് ലഭിച്ചു എന്ന് ആരെങ്കിലും അന്വേഷിക്കാറുണ്ടോ എന്നു ലളിതമായി പറഞ്ഞുകൊടുക്കണം.

========================================

ജീവിതമെന്നത് പഠനവുമല്ല, പരീക്ഷയുമല്ല. ഇതു രണ്ടും ജീവിതത്തെ നന്മയിലേക്കെത്തിക്കാനുള്ള മാർഗം മാത്രമാണ്. കോളേജ് വിദ്യാഭ്യാസം നേടാത്ത എത്ര പണ്ഡിതന്മാരാണുള്ളത്. സോക്രട്ടീസ്, നബി, ക്രിസ്തു, രാമകൃഷ്ണ പരമഹംസർ, ആൽബർട്ട് ഐൻസ്റ്റീൻ ........ അവരെ ലോകം ഇന്നും ഓർമ്മിക്കുന്നു. ഭാരതത്തിലെ മഹർഷിമാരും ഋഷിമാരുമെല്ലാം ആദരിക്കപ്പെടുന്നത് അവർ പരീക്ഷയിലെത്ര മാർക്കുവാങ്ങിയെന്നു നോക്കിയിട്ടല്ലല്ലോ എന്നറിയിക്കണം.

========================================

ജീവിതത്തിലടുക്കും ചിട്ടയുമുണ്ടായാൽ എല്ലാ കർമ്മത്തിലും ഏർപ്പെടുമ്പോഴുണ്ടാകുന്ന ഭയം ഇല്ലാതാകും. രാവിലെ 5.30നു മുമ്പുണരണം, കിടക്കയിലിരുന്ന് 30 സെക്കന്റെങ്കിലും പ്രാർത്ഥിക്കണം, കുളിച്ച് പൂജാമുറിയിൽ 10 മിനിറ്റെങ്കിലും ശാന്തമായി പ്രാർത്ഥിക്കണം, ക്ലാസിൽ പറയുന്നതു ശ്രദ്ധിച്ചു കേൾക്കണം, കേട്ടത് ഇന്റർവെൽ സമയത്ത് സുഹൃത്തുക്കളുമായി ഏതാനും മിനിറ്റു സമയം ചർച്ച ചെയ്യണം, വീട്ടിൽ പോയി കൈയ്യും കാലും മുഖവും കഴുകി ചായ കുടിച്ച്, അൽപസമയം കളിച്ച് അഥവാ വിശ്രമിച്ച്, കുളിച്ച്, കുറച്ചു സമയം ശാന്തമായി പ്രാർത്ഥിച്ച്, അന്നന്നു പഠിച്ചതൊന്ന് ഓർമ്മിച്ച് വായിച്ച് എഴുതി പഠിക്കണം. രാത്രി 10.30നുശേഷം പഠിക്കാൻ ശ്രമിക്കരുത്. പരീക്ഷാ ദിവസങ്ങളിലും ഉറങ്ങാതെ പഠിച്ചാൽ പരീക്ഷയെഴുതുന്ന നേരത്ത് തലച്ചോറ് തളർന്നുപോകുമെന്ന് ഓർമ്മിപ്പിക്കണം.

========================================

പഠിക്കുന്നതും പരീക്ഷയ്ക്കു തയ്യാറാകുന്നതും പരീക്ഷയെഴുതുന്നതുമെല്ലാം ജീവിതത്തിന്റെ ഭാഗമാണെന്നറിയിക്കണം. അതൊന്നും ഭാരമല്ലെന്നോർമ്മിപ്പിക്കണം.

========================================

പഠിച്ച് എഴുതുന്നതിനേക്കാൾ മഹത്തരം പഠിച്ച് മനസ്സിലാക്കലാണെന്നും അതാണ് വിദ്യാഭ്യാസമെന്നുമറിയണം. റാങ്കും, ഒന്നാം സ്ഥാനവും ലഭിക്കുന്നത് നല്ലതാണ്. പക്ഷേ അതെല്ലാം കാലം കഴിയുമ്പോൾ ആരും ഓർമ്മിക്കില്ല. അതിനെടുത്ത



Scanned with CamScanner

ടെൻഷൻ വെറുതേയായിരുന്നു എന്ന് പിന്നീടു തോന്നാത്ത വിധത്തിൽ അറിയാനും ഉൾക്കൊള്ളാനുമായി പഠിച്ച് നാം good ഉം ആകണം great ഉം ആകണമെന്ന് വിദ്യാർത്ഥികളെ ഓർമ്മിപ്പിക്കണം.

==========================================

ജീവിതത്തിൽ ജനനം മുതൽക്ക് മരണം വരെയുള്ള പ്രയാണത്തിൽ സുഖവും ദുഃഖവുമുണ്ട്, ജയവും പരാജയവുമുണ്ട്, ഉയർച്ചയും താഴ്ചയുമുണ്ട്, അനുമോദിക്കുന്നവരും അവഹേളിക്കുന്നവരുമുണ്ട്, ചിരിയും കരച്ചിലുമുണ്ട്, സന്തോഷവും സന്താപവുമുണ്ട്, ശത്രുക്കളും മിത്രങ്ങളുമുണ്ട്. ഇതെല്ലാം ഇല്ലാതാകില്ല, ഉണ്ടാകാതിരിക്കുകയുമില്ല. ഇതില്ലാത്തവരാരുമുണ്ടാകില്ല എന്നു നാം വ്യക്തമായിട്ടറിയണം. ജീവിതാനുഭവങ്ങളിലൂടെ കടന്നുപോയി ധന്യനാകണമെന്നറിയിക്കണം, അതാണു ജീവിതമെന്നു പറയുന്നത്.

==========================================

എന്നുമുള്ള പ്രാർത്ഥനയിൽ നാം സ്മരിക്കേണ്ടത്; ജീവിതാനുഭവങ്ങളനുഭവിച്ച് മുന്നേറുമ്പോൾ തളരാതിരിക്കാനുള്ള ധൈര്യം തരേണമേ ജഗദീശ്വരാ എന്നാണ്. ഈശ്വരനല്ല നമുക്ക് റാങ്ക് തരേണ്ടത്. നമ്മുടെ കർമ്മത്തെ ധന്യമാക്കാനും ധന്യമായ കർമ്മഫലം ലഭിക്കാനുമുള്ള ഉൾക്കരുത്താണ് ഈശ്വരാനുഗ്രഹമായി ലഭിക്കേണ്ടതെന്നും പറഞ്ഞുകൊടുക്കണം. ആത്മവിശ്വാസം ലഭിക്കാനും, ശാന്തമായ മനസ്സുണ്ടാകാനും, സമചിത്തതയോടെ കാര്യങ്ങളഭിമുഖീകരിക്കാനുള്ള അവസ്ഥയുണ്ടാകാനുമാണ് പ്രാർത്ഥിക്കേണ്ടത്.

==========================================

ജീവിതത്തിൽ നമ്മളാരും ഈ ഭൂമിയിൽ ശാശ്വതരല്ല. നമ്മൾ ഭൂമിയിൽ വന്നു, കുറേക്കാലം ജീവിച്ചു, ഇനിയും കുറേക്കാലം സന്തോഷത്തോടെ ധന്യമായി ജീവിക്കണം. അതിനുശേഷം എന്നെന്നേക്കുമായി നാം തിരിച്ചു പോകേണ്ടവരാണെന്നു മറക്കരുത് എന്ന് ഓർമ്മിപ്പിക്കണം. ആ യാത്രയിൽ ഒരു ചെറിയ കാര്യം മാത്രമാണ് വിദ്യാഭ്യാസം അതിലൊരു ചെറിയ കാര്യം മാത്രമാണ് പരീക്ഷ അതിലൊരു ചെറിയ കാര്യം മാത്രമാണ് പരീക്ഷയിലെ മാർക്ക് എന്നുമോർക്കണം.

## സനാതനധർമ്മ പഠനം –33

## SYLLABUS FOR LEARNING THE SANATHANA DHARMA (AN OUTLINE)

### A. INDIAN LITERATURE (FIVE LEVELS)

### 1. FIRST LEVEL : PURANAS

Glorious messages given through hundreds of stories in 18=18 puranas and upapuranas. Main focus on messages from stories.

## 2. SECOND LEVEL : MAHABHARATHA :

Messages given through experiences of Pandavas, Kouravas and the related characters + stories told for them. Focus should be on experiences then only come stories.

## 3.THIRD LEVEL: VALMEEKI RAMAAYANA:

Without giving any stories the messages for glorious life are given through the experience of Sr. Rama and about 20 characters. Focus on their experiences.

## 4. FOURTH LEVEL : VEDAS :

Thousands of direct messages are given in Vedas for the elevation of mind, body, family relations, social bondage and national integration, without any stories and without mentioning sin, virtue, hell or heaven.

## 5.FIFTH LEVEL : UPANISHADS & DARSANAS :

The truths, facts and essence of life, human body, mind and so on are given through the major 18 upanishads and six darsans.

## B. INDIAN CUSTOMS & RITUALS - ACHARAS (FIVE LEVELS)

6. **Achars** meant for elevating the mind and thoughts through listening stories, experiences, messages and facts on life. Blessing, motivation, prayer, meditation.

7. **Acharas** meant for improving health of the body through ashtanga yoga, sooryanamaskara, fasting, food controlling and so on. All acharas connected with food, pilgrimage, temple visit, etc have this aspect also.

8. **Acharas** connected with building the family relations among the family members and relatives. Strengthening family bondage so that our basic cultural unit will remain intact.

9. **Acharas** meant for strengthening social bondages for sharing caring and curing the family members and solving the social problems and evils. This has stood the test of time in the multicultural Indian society for protecting us.

10. **Acharas** meant for national integration like celebrating festivals, pilgrimage, visiting holy places and performing nationally important festivals.



Scanned with CamScanner

## C. INDIAN SPIRITUALITY (FIVE LEVELS)

**11. Spirituality** at the temple level of performing poojas, bhajans and temple visit etc. Society as a whole is focused in this type of acharas.

**12. Self elevation** to the level of an incarnation like Lord Krishna, Sri. Rama, Sankaracharya and so on. These acharas are meant for each individuals in the society to a igher level, elevation.

**13. Realization that thrimoorthy Brahma Vishnu Maheswara** are within us. And also thrisakthi; iccha sakthi in mind, jnaana sakti in brain and kriya sakthi in organs.

**14. Realization that the cosmic system** itself is the manifestation of divine power as prapancha purusha chaithanya and I am within that system. Cosmic form of divine power/god: Viswaroopa as explained in Vedas.

**15. Paramaathma chaitanya** (cosmic soul and individual soul) spread inside and outside us is the core of the final stage of the spiritual realization of Sanathana dharma.

## D. INDIAN SCIENTIFIC & TECHNOLOGICAL KNOWLEDGE (FIVE BRANCHES)

**16. Ancient Indian knowledge** in various aspects of pure mathe matics and astronomy which were at par with the modern knowledge.

**17. Knowledge of metals,** alloys, ores and metallurgical processes and their compounds and used in various fields. This include the metals and alloys used in huge constructions like temples, palaces, Delhi iron pillar etc.

**18. Indian knowledge** in health and food science, medicines and their processing and productions. Ayurveda, Yoga and the scientific knowledge on all types of health oriented subjects.

**19. Knowledge** in various aspects of agriculture, biological sciences, fermentation technolgoy,usage of preservatives, production of textiles using cotton, silk and so on.

**20. Civil engineering knowledge** in building forts, huge



Scanned with CamScanner

temples mandapas, gopurams during the Chola Chera, Pandya Pallava dynasties and also in North Indian temples.

### LIVE A GLORIOUS LIFE THROUGH SANAATHANA DHARMA

- Remember we may live here for about 85 years!
- Remember every breath takes us to graveyard
- Let us make our life useful, purposeful and fruitful
- Let it be useful for ourselves, family, society and nation.
- Convert bad mind into good mind, good to better mind.
- Convert bad thoughts, action & results also to good.
- Listen, watch, discuss, think and practice good.
- Listen directly the messages from stories, experiences.
- Learn and teach the truths of life and remember always
- Move from bad to good, then good to better!
- Move form darkness to light, ignorance to knowledge.
- Experience of living is life, not preparation for living
- Purify the mind, activate the body, strengthen family relations, enrich sanathana dharma, build social bondage, serve our motherland
- Set small and big goal and work for achieving that.
- Let the world remember your contributions.

## സനാതനധർമ്മ പഠനം –34

## വേദ – ഉപനിഷദ് മന്ത്ര സന്ദേശം

1. ഉത്തിഷ്ഠതാ ജാഗ്രതാ പ്രാപ്യവരാന്നിബോധതാ
   ക്ഷുരസ്യ ധാരാ നിശിതാ ദുരത്യയാ ദുർഗം
   പഥസ്തദ് കവയോ വദന്തി (കഠോപനിഷദ്)

എഴുന്നേൽക്കൂ ഉണരൂ ലക്ഷ്യത്തിലെത്തുന്നതുവരെ തളരാതെ പ്രവർത്തിക്കൂ. മൂർച്ചയുള്ള വാളിലൂടെ നടക്കുന്നതുപോലെ പ്രയാസമേറിയതത്രെ ധർമ്മ-കർമ്മമാർഗ്ഗം എന്ന് ജ്ഞാനികൾ പറയുന്നു.

2. ഓം ആപ്യായന്തു മമാംഗാനി വാക് പ്രാണശ്ചക്ഷു
   ശ്രോത്രബലമിന്ദ്രിയാണി ച സർവാണി (കേനോപനിഷദ്)

എന്റെ അംഗങ്ങൾ സംപുഷ്ടങ്ങളായി ഭവിക്കട്ടെ. വാക്കും പ്രാണനും, നേത്രവും, കർണവും മറ്റെല്ലാ കർമ്മേന്ദ്രിയങ്ങളും ആരോഗ്യവും ശക്തിയുള്ളതാകട്ടെ



Scanned with CamScanner

3. വാങ്മേ മനസി പ്രതിഷ്ഠിതാ മനോ മേ വാചി പ്രതിഷ്ഠിതം

ആവിരാവീർമാ എധി വേദസ്യ മ ആണീസ്ഥഃ ശ്രുതം

മേ മാ പ്രഹാസീരനേന അഹോരാത്രാൻ സംദധാമീ (ഐതരേയോപനിഷദ്)

വാക്ക് മനസ്സിലും മനസ്സ് വാക്കിലും പ്രതിഷ്ഠിതമാവട്ടെ. മനസ്സ് ഉദ്ദേശിക്കുന്നതുതന്നെ വാക്ക് ഉച്ചരിക്കുകയും വാക്ക് ഉച്ചരിക്കാനുള്ളതിനെ തന്നെ മനസ് വിവക്ഷിക്കുകയും ചെയ്യട്ടെ. പ്രകാശമാനമായ ഈശ്വര ചൈതന്യം എന്നിൽ പ്രകാശിക്കുമാറാകട്ടെ. പകലും രാത്രിയും നിരന്തരം പഠിക്കുവാൻ എനിക്ക് സാധിക്കട്ടെ. ഞാൻ അറിവിന്റെ മൂർത്തിമത് ഭാവമായിത്തീരട്ടെ.

4. സത്യം വദ ധർമ്മം ചര സ്വാധ്യായാൻ മാ പ്രമദ

സത്യാന്നപ്രമദിതവ്യം ധർമ്മാൻ ന പ്രമദിതവ്യം

കുശലാൻ ന പ്രമദിതവ്യം ഭൂത്യൈ ന പ്രമദിതവ്യം

ദേവപിതൃ കാര്യാഭ്യാം ന പ്രമദിതവ്യം

സ്വാധ്യായ പ്രവചനാഭ്യാം ന പ്രമദിതവ്യം

മാതൃ ദേവോ ഭവ, പിതൃദേവോ ഭവ,

ആചാര്യ ദേവോ ഭവ, അതിഥി ദേവോ ഭവ,

രാഷ്ട്ര ദേവോ ഭവ (തൈത്തരീയോപനിഷദ്)

സത്യം പറയുക, ധർമ്മം അനുഷ്ഠിക്കുക, അദ്ധ്യയനത്തിൽ നിന്നും വ്യതിചലിക്കാതിരിക്കുക. സംതൃപ്തമായ ജീവിതത്തിൽ നിന്ന് വ്യതിചലിക്കാതിരിക്കുക. സത്യത്തിൽനിന്നും ധർമ്മത്തിൽ നിന്നും വ്യതിചലിക്കാതിരിക്കുക. സമുജ്ജ്വല ബന്ധം സ്ഥാപിച്ചു ജീവിക്കുന്നതിൽ നിന്ന് വ്യതിചലിക്കരുത്. പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്ന ധർമ്മത്തിൽ നിന്ന് വ്യതിചലിക്കരുത്. ദേവ പൂജയും പിതൃസ്മരണയും ചെയ്യുന്നതിൽ നിന്നും വ്യതിചലിക്കരുത്. മാതാവും പിതാവും ആചാര്യനും അതിഥിയും രാഷ്ട്രവും ഈശ്വരതുല്യരായി ഭവിക്കട്ടെ.

5. ഭദ്രം കർണേഭി ശ്രുണുയാമ ദേവാ ഭദ്രം പശ്യേമാ അക്ഷ ഭിർയജത്രാഃ

സ്ഥിരൈരംഗൈഃ സ്തുഷ്ടു വാംസ

സ്ഥനൂഭിർ വ്യശേമ ദേവഹിതം യദായുഃ (മണ്ഡൂക്യോപനിഷദ്)

നന്മ നിറഞ്ഞത് നമ്മുടെ ചെവികളാൽ കേൾക്കുമാറാകട്ടെ. നന്മ നിറഞ്ഞത് കണ്ണുകളാൽ കാണുമാറാകട്ടെ. ആരോഗ്യമുള്ള ശരീരാവയവങ്ങളാൽ നിർമ്മിച്ചിരിക്കുന്ന ശരീരത്തിന് ആയുസ്സുള്ളിടത്തോളംകാലം ദേവഹിതങ്ങളായ കർമ്മങ്ങളനുഷ്ഠിക്കുവാൻ ഇടവരട്ടെ, ജഗദീശ്വരാ!

6. അണോരണീയാൻ മഹതോ മഹീയാൻ ആത്മാഗുഹായാം നിഹിതോƒ സജന്തോഃ

തമക്രതു പശ്യതി വീതശോകോ ധാതു പ്രസാദാൻ

മഹിമാനമീശം (ശ്വേതാശ്വേതര ഉപനിഷദ്)

അണുവിൽ വച്ചേറ്റവും ചെറിയ അണുവിലും, മഹത്തായതിൽ വച്ചേറ്റവും മഹത്തായ



Scanned with CamScanner

പ്രപഞ്ചത്തിലും ആത്മാവിന്റെ രൂപത്തിൽ സർവചരാചരങ്ങളിലും നിലനിൽക്കുന്ന ചൈതന്യത്തിന്നാധാരമായതാണ് ഈശ്വര്യ ചൈതന്യം. ഈ ഈശ്വരാനുഗ്രഹത്താൽ മാനവരാശി ദുഃഖങ്ങളിൽ നിന്ന് മോചനം നേടുന്നു.

**7. ന തത്ര സൂര്യോഭാതി ന ചന്ദ്രതാരകം നേ മാ വിദ്യുതോ ഭാന്തി കുതോയമഗ്നിഃ**
**തമേവ ഭാന്തം അനുഭാതി സർവം തസ്യ ഭാസാ സർവമിദം വിഭാതി**
**(ശ്വേതാശ്വേതര ഉപനിഷദ്)**

ഉജ്ജ്വലമായ ഈശ്വരചൈതന്യത്തിനു മുന്നിൽ സൂര്യപ്രകാശം പോലും ശോഭിക്കുന്നില്ല. ചന്ദ്രനും നക്ഷത്രങ്ങളും പ്രകാശിക്കുന്നതായിട്ടുപോലും തോന്നുകയില്ല. മിന്നലും ശോഭിക്കുന്നില്ല. അഗ്നിയുടെ കാര്യം പറയേണ്ടതുണ്ടോ. സ്വയം പ്രകാശിക്കുന്ന പരമമായ ഈശ്വര ചൈതന്യമാണ് സർവ്വതിനേയും പ്രകാശിപ്പിക്കുന്നത്.

**8. ന തത്ര ചക്ഷുർഗച്ഛതി ന വാക് ഗച്ഛതി നോമനഃ**
**ന വിദ്മോ ന വിജാനീമോ യഥൈതദനുശിഷ്യാത് (ശ്വേതാശ്വേതരോപനിഷദ്)**

പരമമായ ഈശ്വര ചൈതന്യത്തെ കണ്ണുകളാൽ കാണുവാൻ സാധ്യമല്ല. വാക്കുകളാൽ വിവരിക്കാൻ സാധ്യമല്ല. മനസ്സുകൾകൊണ്ട് അറിയാനോ ഗഹനമായി മനസ്സിലാക്കാനോ കഴിയുന്നില്ല. - ഇവയ്ക്കെല്ലാം അതീതമാണ് ഈശ്വര ചൈതന്യം.

**9. യതോ വാ ഇമാനി ഭൂതാനി ജായന്തേ യേന വാ ജാതാനി ജീവന്തി**
**യത് പ്രയന്ത്യഭി സംവിശന്തി തത് വിജിജ്ഞാസസ്വ തദ് ബ്രഹ്മേതി**

യാതൊന്നിൽ നിന്നാണോ സർവചരാചരങ്ങളും ഭൂതജാലങ്ങളും ഉത്ഭവിച്ചിരിക്കുന്നത് യാതൊന്നുകൊണ്ടാണോ ഇവയെല്ലാം നിലനിൽക്കുന്നത്, ഏതൊന്നിലേക്കാണോ ഇവയെല്ലാം അന്ത്യത്തിൽ അലിഞ്ഞുചേരുന്നത്. അതിനെ അറിഞ്ഞാലും! അതാണ് പരമമായ ഈശ്വര ചൈതന്യം.

**10. സത്യമേവ ജയതേ നാനൃതം സത്യേന പന്ഥാ വിതതോ ദേവയാന (മുണ്ഡകോപനിഷദ്)**

സത്യം മാത്രമേ ജയിക്കുകയുള്ളൂ. അസത്യം ജയിക്കില്ല. സത്യത്തിലൂടെയാണ് എല്ലാ നന്മകളും ചരിക്കുന്നതും മുന്നോട്ടു പോകുന്നതും.

**11. ശൃണ്വന്തു വിശ്വേ അമൃതസ്യ പുത്രാ ആയേ ധാമാനി ദിവ്യാനി തസ്ഥു**
**വേദാഹമേതം പുരുഷം മഹാന്തം ആദിത്യവർണം തമസ പരസ്താദ്**
**തമേവ വിദിത്വാ അമൃതത്വമേതി നാന്യ പന്ഥാ വിദ്യതേ/യനായ**

അമരത്വത്തിന്റെ പുത്രന്മാരേ നിങ്ങൾ കേട്ടാലും ! ദിവ്യങ്ങളായ ഈശ്വര ചൈതന്യത്തിന്റെ മഹത്വത്തെക്കുറിച്ച്. എന്നിലും ഈ പ്രപഞ്ചത്തിലും നിറഞ്ഞിരിക്കുന്നതും, മഹത്തായതും, സൂര്യനെപോലെ ശോഭിക്കുന്നതും, ഇരുട്ടിനെയും അജ്ഞാനത്തെയും പൂർണമായും ഇല്ലാതാക്കുന്നതുമായ ആ ഈശ്വരചൈതന്യത്തെ അറിയുക. അതിലൂടെ ശാശ്വതമായ നന്മ കൈവരുത്തുന്ന പന്ഥാവിലൂടെ ചരിക്കുക. ധർമ്മത്തിന് ഒരേയൊരു വഴി മാത്രമേയുള്ളൂ എന്നറിയുക.



Scanned with CamScanner

12. സംഗച്ഛധ്വം സംവദധ്വം സംവോമനാംസി ജാനതാം
ദേവാ ഭാഗം യഥാ പൂർവേ സംജാനാനാ ഉപാസതേ
സമാനോ മന്ത്രഃ സമിതി സമാനോ സമാനം മനഃ സഹചിത്തമേഷാം
സമാനം മന്ത്രമഭിമന്ത്രയേ വഃ സമാനേന വോ ഹവിഷാ ജുഹോമി
സമാനീവ ആകൂതി സമാനാ ഹൃദയാനി വഃ
സമാനമസ്തു വോ മനോ യഥാ വഃ സുസഹാസതി.

നമുക്ക് ഒരുമിച്ച് മുന്നോട്ടുപോകാം, ഒരേപോലെ ചർച്ച ചെയ്യാം, ഒരേ മനസ്സുള്ളവരായിത്തീരാം, ഒരേ ആരാധനാ ഭാവത്തോടെ ഈശ്വരീയ കർമ്മങ്ങളനുഷ്ഠിക്കാം. നമ്മുടെ മന്ത്രങ്ങൾ ഒരേപോലുള്ളതായിത്തീരട്ടെ, നാം ഒത്തു ചേരുന്ന സമിതിയും ഒരേപോലെ ചിന്തിച്ചു പ്രവർത്തിക്കുന്നതാകട്ടെ, നമ്മുടെ മനസ്സും ചിന്തയും ഒരേ പോലെ പൂരകമാകട്ടെ. ഒരേ മന്ത്രത്തിലൂടെയും യജ്ഞത്തിലൂടെയും നമുക്ക് ഈശ്വരാരാധനയായി കർമ്മനിരതരാകാം. നമ്മുടെ നന്മനിറഞ്ഞ കർമ്മങ്ങളും, ഹൃദയ വിശാലതയും ഏകത്വത്തോടെ പ്രവർത്തിക്കുകയും നിലനിൽക്കുകയും ചെയ്തുകൊണ്ട് സമുജ്ജ്വലവും ആനന്ദകരവുമായി നമുക്കൊരുമിച്ച് ജീവിക്കാനിടവരട്ടെ.

13. അസതോ മാ സത് ഗമയ തമസോ മാ ജ്യോതിർ ഗമയ
മൃത്യോർ മാ അമൃതം ഗമയ ഓം ശാന്തിഃ ശാന്തിഃ ശാന്തിഃ

തിന്മയിൽ നിന്ന് ഞങ്ങളെ നന്മയിലേക്കു നയിക്കേണമേ ഇരുട്ടിൽ നിന്ന് ഞങ്ങളെ പ്രകാശത്തിലേക്ക് നയിക്കേണമേ. ജീവിതദുഃഖങ്ങളിൽ നിന്ന് ശാശ്വത സമാധാനത്തിലേക്ക് നയിക്കേണമേ. ആദ്ധ്യാത്മീകവും ആദിഭൗതീകവും അധിദൈവതവുമായ സമാധാനവും ശാന്തിയും ഉണ്ടാകട്ടെ

14. സഹ നാ വവതു സഹനൗ ഭുനക്തു സഹവീര്യം കരവാവഹൈ
തേജസ്വി നാവധിതമസ്തു മാവിദ്വിഷാ വഹൈ
ആ നോ ഭദ്രാഃ ക്രതവോ യന്തു വിശ്വതഃ ഓം ശാന്തിഃ ശാന്തിഃ ശാന്തിഃ

നമുക്കൊരുമിച്ച് ജീവിക്കാം, കർമ്മഫലങ്ങളൊരുമിച്ചനുഭവിക്കാം. ഒത്തൊരുമയോടെ കർമ്മനിരതരായി തേജസ്വികളായിത്തീരാം. ഒരിക്കലും പരസ്പരം വിദ്വേഷമുണ്ടാകാതിരിക്കട്ടെ. നന്മ നിറഞ്ഞ ചിന്താധാരകൾ, ലോകത്തിലെല്ലായിടത്തു നിന്നും നമ്മിലേക്കു വന്നുചേരട്ടെ.

15. സർവേ ഭവന്തു സുഖിനഃ സർവേ സന്തു നിരാമയാ
സർവേ തരതു ദുർഗാണി സർവേ ഭദ്രാണി പശ്യന്തു
മാ കശ്ചിത് ദുഃഖ ഭാഗ് ഭവേത്

എല്ലാവരും സുഖമനുഭിക്കുന്നവരായിത്തീരട്ടെ, എല്ലാവരും ആരോഗ്യമുള്ളവരായിത്തീരട്ടെ, എല്ലാവരും വിഷമതകൾതരണം ചെയ്യട്ടെ, എല്ലാവരേയും മംഗളകരമായി കാണുവാനിടവരട്ടെ, ദുഃഖിക്കുന്നവരായി ആരുമുണ്ടാകാതിരിക്കട്ടെ.



Scanned with CamScanner

16. തേജോഽസി തേജോമയി ദേഹി വീര്യമസിവീര്യം മയി ദേഹി
ബലമസി ബലം മയി ദേഹി ഓജോഽസി ഓജോമയി ദേഹി
മന്യുരസി മന്യു മയി ദേഹി മഹോഽസി മഹോമയി ദേഹി
സഹോഽസി സഹോമയി ദേഹി

ഈശ്വരാ! അങ്ങ് തേജസ്വിയാണ്. എന്നേയും തേജസ്വിയാക്കുക. അങ്ങു ശക്തിമാനാണ് എന്നേയും ശക്തിമാനാക്കുക. അങ്ങ് ബലവാനാണ് എന്നേയും ബലവാനാക്കുക. അങ്ങ് ഇച്ഛാശക്തിയാണ് എന്നിലും ഇച്ഛാശക്തിയുണ്ടാക്കുക. അങ്ങ് ജ്ഞാനശക്തിയാണ് എന്നിലും ജ്ഞാനശക്തിയുണ്ടാക്കുക. അവിടുന്നു മഹാചൈതന്യമാണ് എന്നേയും ചൈതന്യവത്താക്കുക. അങ്ങ് സഹനശക്തിയുള്ളവനാണ് എന്നേയും സഹനശക്തിയുള്ളവനാക്കുക.

17. അന്ധം തമഃ പ്രവിശന്തി യേ അവിദ്യമുപാസതേ
തതോഭൂയ ഇവ തേ തമോ യ ഉ വിദ്യായാം രതാഃ

ഭൗതിക ശാസ്ത്രത്തിലൂടെ ലഭിക്കുന്ന വിജ്ഞാനം (അവിദ്യ) മാത്രമാണ് യഥാർത്ഥ പൂർണ്ണജ്ഞാനമെന്ന് വിശ്വസിച്ച്, അതുമാത്രം ഉപാസിക്കുന്നവർ ഘോരമായ ഇരുട്ടിലേക്കാണ് പ്രവേശിക്കുന്നത്. ആത്മീയജ്ഞാനമായ വിദ്യമാത്രമാണ് യഥാർത്ഥപൂർണ്ണ ജ്ഞാനമെന്നു വിചാരിച്ചുപാസിക്കുന്നവരും അതേ ഘോരാന്ധാകാരത്തിലേക്കുതന്നെ പ്രവേശിക്കുന്നു.

19. വിദ്യാം ചാവിദ്യംച യസ്തദ്വേദോഭയം സഹ
അവിദ്യയാ മൃത്യും തീർത്വാ വിദ്യയാമൃതമശ്നുതേ

ആന്തരീക ആത്മീയജ്ഞാനമായവിദ്യ, ഭൗതീക ബാഹ്യ ജ്ഞാനമായ അവിദ്യ എന്നിങ്ങിനെ, ജ്ഞാനം രണ്ടുവിധമത്രെ. ബാഹ്യമായ ഭൗതിക ജ്ഞാനത്തിൽ എല്ലാ ഭൗതീക ദുഃഖങ്ങളിൽ നിന്നും മോചനം നേടുകയും, ആത്മീയ ജ്ഞാനത്താൽ അമരത്വത്തെ പ്രാപിക്കുകയുമാണ് ജീവിതലക്ഷ്യം.

## സനാതനധർമ്മ പഠനം –35

# സുഭാഷിതങ്ങളിലെ ജീവിത മാനേജ്മെന്റ് സന്ദേശങ്ങൾ

1. അതുഷ്ടിദാനം കൃതപൂർവ്വനാശനമമാനനം ദുശ്ചരിതാനുകീർത്തനം
കഥാപ്രസംഗേന ച നാമവിസ്മൃതിർ വിരക്തഭാവസ്യ ജനസ്യ ലക്ഷണം

എന്തെങ്കിലും കൊടുക്കുമ്പോൾ ഇഷ്ടക്കേട് കാണിക്കുക, മുമ്പെ ചെയ്ത ഉപകാരവും ഇല്ലാതാക്കുക, സല്ക്കരിക്കാതിരിക്കുക, ദുഷ് പ്രവൃത്തികളെ എടുത്തുപറയുക, സംസാരത്തിന്നിടയിൽ പേര് മറന്നുപോകുക - ഇതെല്ലാം കൂറില്ലാത്തവന്റെ ലക്ഷണമാകുന്നു.



Scanned with CamScanner

**2. അല്പാനാമി വസ്തൂനാം സംഹതിഃ കാര്യസാധിക**
**തൃണൈരാരഭ്യതേ രജ്ജുസ്തയാ നാഗോ/പി ബദ്ധ്യതേ.**

ചെറിയ വസ്തുക്കൾ പോലും ഒരുമിച്ച് കൂടിയാൽ വലിയ കാര്യങ്ങൾക്ക് ഉതകും. പുല്ലുകൾ കൊണ്ടാണ് കയറുണ്ടാക്കുന്നത്, എന്നാൽ ആ കയറുകൊണ്ട് ആനയേയും ബന്ധിക്കാം.

**3. അശ്വപ്ലവം ചാംബുദഗർജ്ജിതഞ്ച സ്ത്രീണാഞ്ച ചിത്തം പുരുഷസ്യ ഭാഗ്യം**
**അവർഷണഞ്ചാപ്യതിവർഷണഞ്ച ദേവോ ന ജാനാതി കുതോ മനുഷ്യഃ ?**

കുതിര ചാടിയാൽ എവിടെ എത്തുമെന്നും, ഇടിവെട്ട് എപ്പോഴുണ്ടാകുമെന്നും സ്ത്രീകളുടെ മനസ്സിലിരുപ്പ് എന്താണെന്നും, മനുഷ്യർക്ക് ഭാഗ്യം വരുന്നത് എപ്പോഴാണെന്നും, മഴ ഇല്ലാതിരിയ്ക്കുന്നതും അതിവർഷമുണ്ടാകുന്നതും ഏതുകാലത്താണെന്നും ഈശ്വരനുപോലും അറിഞ്ഞുകൂട. പിന്നെ മനുഷ്യർക്ക് അറിയുവാൻ കഴിയുമോ?

**4. ആചാര്യാത് പാദമാദത്തേ പാദം ശിഷ്യഃ സ്വമേധയാ**
**പാദം സബ്രഹ്മചാരിഭ്യഃ പാദം കാലക്രമേണ തു.**

ആചാര്യനിൽ നിന്ന് വിദ്യയുടെ കാൽ ഭാഗമേ കിട്ടുന്നുള്ളൂ. കാൽഭാഗം ശിഷ്യൻ സ്വന്തം ബുദ്ധിശക്തികൊണ്ട് ഗ്രഹിയ്ക്കുന്നു. കാൽഭാഗം സഹപാഠികളിൽ നിന്നും മനസ്സിലാക്കുന്നു. ശേഷിച്ച കാൽഭാഗം കാലക്രമേണ മനസ്സിലാകുന്നു. ഇങ്ങനെ നാല് പ്രകാരത്തിലാണ് വിദ്യാഭ്യാസം പൂർണ്ണമാകുന്നത്.

**5. ആപത്സു മിത്രം ജാനീയാദ് യുദ്ധേ ശൂരമൃണേ ശുചിം**
**ഭാര്യാം ക്ഷീണേഷു വിത്തേഷു വ്യസനേഷു ച ബാന്ധവാൻ.**

ആപത്തു വരുമ്പോൾ ചങ്ങാതിയുടെ ഗുണമറിയാം. യുദ്ധം വരുമ്പോൾ ശൂരന്റേയും, കടം വരുമ്പോൾ സത്യസന്ധന്റേയും യാഥാർത്ഥ്യമറിയാം. പണം നശിയ്ക്കുമ്പോൾ ഭാര്യയുടെ കൂറ് അറിയാം. ബന്ധുക്കളുടെ തനിനിറം ദുഃഖം വരുമ്പോൾ അറിയാം.

**6. ഇന്ദ്രിയാണി ച സംയമ്യ ബകവത് പണ്ഡിതോ നരഃ**
**ദേശകാലബലം ജ്ഞാത്വാ സർവ്വകാര്യാണി സാധയേത്.**

പണ്ഡിതനായ പുരുഷൻ കൊക്കിനെപ്പോലെ ഇന്ദ്രിയങ്ങളെ നിയന്ത്രിച്ച് ദേശകാലങ്ങളുടെ ആനുകൂല്യം നോക്കി സർവ്വകാര്യങ്ങളേയും സാധിച്ചുകൊള്ളണം. ഇത് കൊക്കിൽ നിന്നും (കൊറ്റിയിൽനിന്നും) പഠിക്കേണ്ട പാഠമാകുന്നു.

**7. ഉദ്യമേന ഹി സിദ്ധ്യന്തി കാര്യാണി ന മനോരഥൈഃ**
**ന ഹി സുപ്തസ്യ സിംഹസ്യ പ്രവിശന്തി മുഖേ മൃഗാഃ.**

പരിശ്രമം കൊണ്ടേ കാര്യങ്ങൾ നേടുവാൻ കഴിയൂ. മനോരാജ്യം കൊണ്ടു സാധിയ്ക്കുകയില്ല. ഉറങ്ങുന്ന സിംഹത്തിന്റെ വായിൽ മൃഗങ്ങൾ തനിയേ വന്നു പ്രവേശിയ്ക്കാറില്ല.

**8. ഉത്പലസ്യാരവിന്ദസ്യ മത്സ്യസ്യ കുമുദസ്യ ച**
**ഏകയോനിപ്രസൂതാനാം തേഷാം ഗന്ധഃ പൃഥക് പൃഥക്.**

കരിങ്കൂവളം, താമര, മത്സ്യം, ആമ്പൽപ്പൂവ് ഇവയെല്ലാം ഒന്നിൽ നിന്ന് (വെള്ളത്തിൽനിന്ന്) ജനിച്ചതാണെങ്കിലും ഓരോന്നിന്റെയും ഗന്ധം വേറെ വേറെയാകുന്നു. ഇപ്രകാരം ഒരേ കുലത്തിൽ ജനിച്ച മനുഷ്യരുടേയും സ്വഭാവം വ്യത്യസ്തമായിരിക്കും



Scanned with CamScanner

9. കഃ കാലഃ കാനി മിത്രാണി കോ ദേശഃ കൌ വ്യയാഗമൌ
കശ്ചാഹം കാ ച മേ ശക്തിരിതി ചിന്ത്യം മുഹുർമുഹുഃ

ഒരു കാര്യം ചെയ്യുവാൻ തുടങ്ങുംമുമ്പെ കാലം അനുകൂലമാണോ എന്നും, ആരെല്ലാമാണ് സഹായികൾ എന്നും, പറ്റിയ ദേശത്താണോ ചെയ്യുന്നതെന്നും, ചിലവ് എത്രയാകുമെന്നും, അതിനു വേണ്ട വരവ് എങ്ങിനെയുണ്ടാകുമെന്നും, തന്റെ യഥാർത്ഥസ്ഥിതിയെന്തെന്നും, തന്റെ ശക്തി എത്രത്തോളമുണ്ടെന്നും വീണ്ടും വീണ്ടും ആലോചിയ്ക്കണം.

10. കാകദൃഷ്ടിർ ബകധ്യാനം ശ്വാനനിദ്രാ തഥൈവ ച
അല്പാഹാരം ജീർണ്ണവസ്ത്രമേതദ്വിദ്യാർത്ഥി ലക്ഷണം

കാക്കയെപ്പോലെ തക്കം പാർത്തിരിയ്ക്കുക, കൊക്കിനെപ്പോലെ പഠിച്ച വിഷയങ്ങളെ ഏകാഗ്രമായി ചിന്തിയ്ക്കുക, ശ്വാവിനെപ്പോലെ ഉറക്കത്തിലും ഉണർവ്വോടെ ഇരിയ്ക്കുക, അല്പം മാത്രം ഭക്ഷണം കഴിയ്ക്കുക, മോടിയായി വസ്ത്രം ധരിയ്ക്കാതിരിക്കുക - ഇവയെല്ലാം വിദ്യാർത്ഥികൾക്ക് ഉണ്ടാകേണ്ട ഗുണങ്ങളാകുന്നു.

11. കാകഃ കൃഷ്ണഃ പികഃ കൃഷ്ണഃ കോ ഭേദഃ പികകാകയോഃ
വസന്തകാലേ സംപ്രാപ്തേ കാകഃ കാകഃ പികഃ പികഃ.

കാക്കയും കറുത്തത്, കുയിലും കറുത്തത്; പിന്നെ കാക്കയും കുയിലും തമ്മിൽ എന്താണ് ഭേദം? വസന്തകാലം വന്നുചേരുമ്പോൾ കാക്ക കാക്കയും കുയിൽ കുയിലും എന്ന ഭേദം വ്യക്തമാകുന്നു. (വസന്തകാലത്തിൽ കുയിൽ പാട്ടുപാടും, കാക്കയ്ക്കു പാടുവാനാവില്ല. ആകൃതി ഒരുപോലെയായതുകൊണ്ട് വസ്തുക്കളുടെ ഗുണം ഒരുപോലെ ആകണമെന്നില്ല.)

12. കാമധേനുസമാ വിദ്യാ സദൈവ ഫലദായിനീ
പ്രവാസേ മാതൃവത്തസ്മാദ് വിദ്യാ ഗുപ്തം ധനം സ്മൃതം.

വിദ്യ കാമധേനുവിനെപ്പോലെ എല്ലാ കാലത്തും ഫലം തരുന്നതാകുന്നു. വിദേശത്തു താമസിയ്ക്കുമ്പോൾ വിദ്യ അമ്മയുമാകുന്നു. അതിനാൽ വിദ്യ ഗുഢമായ ധനമാകുന്നു.

13. കോഽതിഭാരഃ സമർത്ഥാനാം കിം ദൂരം വ്യവസായിനാം
കോ വിദേശസ്സവിദ്യാനാം കഃ പരഃ പ്രിയവാദിനാം.

സമർത്ഥന്മാർക്ക് വഹിയ്ക്കുവാൻ കഴിയാത്ത ഭാരമുണ്ടോ? പ്രയത്നശാലികൾക്ക് ദൂരം (അകലം) ഒരു പ്രശ്നമാണോ ? വിദ്വാന്മാർക്ക് വിദേശം എന്നൊന്നുണ്ടോ ? പ്രിയം പറയുന്നവർക്ക് ആരെങ്കിലും ശത്രുവായിത്തീരുമോ?

14. ജനിതാ ചോപനേതാ ച യസ്തു വിദ്യാം പ്രയച്ഛതി
അന്നദാതാ ഭയത്രാതാ പഞ്ചൈതേ പിതരഃ സ്മൃതാഃ.

അച്ഛൻ, ഉപനയിച്ച ആൾ, വിദ്യ നൽകിയ ഗുരു, വളർത്തച്ഛൻ, ആപത്തിൽ നിന്നു രക്ഷിയ്ക്കുന്നവൻ എന്നിവരഞ്ചുപേരും പിതാക്കളാകുന്നു.

15. ത്യജന്തി മിത്രാണി ധനൈർവിഹീനം ദാരാശ്ച ഭൃത്യാശ്ച സുഹൃജ്ജനാശ്ച
തം ചാർത്ഥവന്തം പുനരാശ്രയന്തേ ഹ്യർത്ഥോ ഹി ലോകേ പുരുഷസ്യ ബന്ധുഃ

പണമില്ലാത്തവനെ സ്നേഹിതന്മാരും, ഭാര്യയും ഭൃത്യന്മാരും സുഹൃത്തുക്കളും ഉപേക്ഷിക്കുന്നു. അയാൾക്കു വീണ്ടും പണമുണ്ടായാൽ ഇവലെല്ലാം വീണ്ടും ആശ്രയിച്ചെത്തും. അതിനാൽ പണമാണ് ഈ ലോകത്തിൽ മനുഷ്യന്റെ ബന്ധു.



Scanned with CamScanner

16. ദശവൈദ്യസമാ പത്നീ ദശപത്നീസമോ രവിഃ
ദശസൂര്യസമാ മാതാ ദശമാതൃഹരീതകീ.
പത്ത് വൈദ്യന്മാർക്ക് തുല്യമാകുന്നു ഭാര്യ. പത്തു ഭാര്യമാരുടെ ഫലം ചെയ്യും സൂര്യൻ. പത്തു സൂര്യന്മാർക്ക് തുല്യമാണ് അമ്മ. പത്ത് അമ്മമാർക്ക് തുല്യമാണ് കടുക്ക.

17. പക്ഷിണാം ബലമാകാശം മത്സ്യാനാമുദകം ബലം
ദുർബ്ബലസ്യ ബലം രാജാ ബാലാനാം രോദനം ബലം
പക്ഷികളുടെ ബലം ആകാശവും, മത്സ്യങ്ങളുടെ ബലം വെള്ളവും, ദുർബ്ബലന്റെ ബലം രാജാവും, ശിശുക്കളുടെ ബലം കരച്ചിലുമാകുന്നു.

18. പിതൃമാതൃകൃതാഭ്യാസോ ഗുണിതാമേതി ബാലകഃ
ഗർഭവിച്യുതിമാത്രേണ പുത്രഃ കോഽപി ന പണ്ഡിതഃ
അച്ഛനും അമ്മയും പഠിപ്പിച്ചു കൊടുക്കുന്നതുകൊണ്ടാണ് പുത്രൻ ഗുണവാനായി ത്തീരുന്നത്. ഗർഭത്തിൽ നിന്നു പുറത്തുവരുമ്പോഴേയ്ക്കും കുട്ടി പണ്ഡിതനാവു ന്നില്ല.

19. പുസ്തകസ്ഥാപിതാ വിദ്യാ പരഹസ്തഗതം ധനം
ദേശാന്തരഗതഃ പുത്രോ നാമമാത്രമുപാചരേത്.
പുസ്തകത്തിൽ ഇരിക്കുന്ന വിദ്യയും, അന്യന്റെ കയ്യിൽ പെട്ട ധനവും, വിദേശത്ത് പോയിരിക്കുന്ന പുത്രനും പേരിന് മാത്രം ഉപകരിക്കും.

20. പ്രാരഭ്യതേ ന ഖലു വിഘ്നഭയേന നീചൈഃ
പ്രാരഭ്യ വിഘ്നവിഹതാ വിരമന്തി മദ്ധ്യാഃ
വിഘ്നൈഃ പുനഃ പുനരപി പ്രതിഹന്യമാനാഃ
പ്രാരബ്ധമുത്തമജനാ ന പരിത്യജന്തി.
അധമന്മാർ വിഘ്നമുണ്ടാകുമെന്ന് വിചാരിച്ച് കർമ്മം തുടങ്ങുന്നതേയില്ല. മദ്ധ്യമന്മാ രാകട്ടെ കർമ്മം തുടങ്ങിയിട്ട് വിഘ്നം നേരിടുമ്പോൾ പിന്മാറുന്നു. ഉത്തമന്മാരാകട്ടെ വീണ്ടും വീണ്ടും വിഘ്നങ്ങളുണ്ടായാലും തുടങ്ങിയ കർമ്മം മുഴുമിയ്ക്കാതെ വിടില്ല.

21. ബഹ്വാശീ സ്വല്പസന്തുഷ്ടഃ സുനിദ്രോ ലഘുചേതനഃ
സ്വാമിഭക്തശ്ച ശൂരത്വം ഷഡേതേ ശ്വാനതോ ഗുണാഃ
കിട്ടിയാൽ ധാരാളം തിന്നുക, അല്പമേ കിട്ടിയുള്ളൂ എങ്കിൽ അതുകൊണ്ടും സന്തോ ഷിയ്ക്കുക. ക്ഷണത്തിൽ ഉറങ്ങുക, പെട്ടെന്ന് ഉണരുക, യജമാനസ്നേഹം, ശൂരത്വം ഇവയാറും ശ്വാവിൽ നിന്നും പഠിയ്ക്കേണ്ട ഗുണങ്ങളാകുന്നു.

22. ബാലാദപി ഗ്രഹീതവ്യം യുക്തമുക്തം മനീഷിഭിഃ
രവേരവിഷയേ കിം ന പ്രദീപസ്യ പ്രകാശനം
യോഗ്യമായ വാക്ക് ബാലകൻ പറഞ്ഞതായാലും ബുദ്ധിമാന്മാർ സ്വീകരിയ്ക്കണം. സൂര്യനില്ലാത്തപ്പോൾ വിളക്കുകൊണ്ടും പ്രകാശം കിട്ടുമല്ലോ.

23. ബാലോ വാ യദി വാ വൃദ്ധോ യുവാ വാ ഗൃഹമാഗതഃ
തസ്യ പൂജാ വിധാതവ്യാ സർവ്വസ്യാഽഭ്യാഗതോ ഗുരുഃ
ബാലനാകട്ടെ, വൃദ്ധനാകട്ടെ, യുവാവാകട്ടെ വീട്ടിൽ വന്ന അതിഥിയ്ക്ക് പൂജ നൽക ണം. അതിഥി എല്ലാവർക്കും ഗുരുവാകുന്നു.



Scanned with CamScanner

24. മത്തഃ പ്രമത്തഃശ്രോത്തഃ ശ്രാന്തഃ ക്രുദ്ധോ ബുഭുക്ഷിതഃ
ലുബ്ധോ ഭീരുസ്ത്വരായുക്തഃ കാമുകശ്ച ന ധർമ്മവിത്.
ഗർവ്വിഷ്ഠൻ, ശ്രദ്ധയില്ലാത്തവൻ, ഭ്രാന്തൻ, തളർച്ചയുള്ളവൻ, കോപിഷ്ഠൻ, വിശക്കുന്നവൻ, ദുരാഗ്രഹി, പേടിയുള്ളവൻ, ധൃതിയുള്ളവൻ, കാമുകൻ എന്നിവർ ധർമ്മം അറിയുന്നില്ല. (ഇവർ ധർമ്മം പാലിക്കുന്നില്ല എന്നർത്ഥം)

25. മനസ്യന്യദ് വചസ്യന്യത് കർമ്മണ്യന്യദ് ദുരാത്മനാം
മനസ്യേകം വചസ്യേകം കർമ്മണ്യേകം മഹാത്മനാം
ദുർജ്ജനങ്ങൾ മനസ്സിൽ വിചാരിയ്ക്കുന്നത് ഒന്ന്, പറയുന്നത് മറ്റൊന്ന്, പ്രവർത്തിക്കുന്നത് വേറൊന്ന്. സജ്ജനങ്ങൾ മനസ്സിൽ എന്തോ അതുതന്നെ പറയുന്നു. പറയുന്നതുതന്നെ പ്രവർത്തിക്കുന്നു.

26. മക്ഷികാ വ്രണമിച്ഛന്തി ധനമിച്ഛന്തി പാർത്ഥിവാഃ
നീചാഃ കലഹമിച്ഛന്തി സന്ധിമിച്ഛന്തി പണ്ഡിതാഃ
ഈച്ചകൾ വ്രണത്തെ തേടുന്നു, രാജാക്കന്മാർ ധനത്തെ തേടുന്നു. നീചന്മാർ കലഹമിച്ഛിയ്ക്കുന്നു. പണ്ഡിതന്മാർ യോജിപ്പായി കഴിയുവാൻ ആഗ്രഹിയ്ക്കുന്നു.

27. മാതാ ശത്രുഃപിതാവൈരീ യേനബാലോ ന പാഠിതഃ
ന ശോഭതേ സഭാമദ്ധ്യേ ഹംസമദ്ധ്യേ ബകോ യഥാ.
ബാല്യത്തിൽ പുത്രനെ വിദ്യാഭ്യാസം ചെയ്യിയ്ക്കാത്ത മാതാപിതാക്കൾ അവന്റെ ശത്രുക്കളാകുന്നു. അവൻ ഒരു സഭയിൽ ചെന്നാൽ അരയന്നങ്ങളുടെ ഇടയിൽപെട്ട കൊക്കിനെപ്പോലെ ശോഭിയ്ക്കാതിരിക്കും.

28. യസ്മിഞ്ജീവതി ജീവന്തി ബഹവഃ സ തു ജീവതി
കാകോऽപി കിം ന കുരുതേ ചഞ്ച്വാ സ്വോദരപൂരണം
യാതൊരുത്തൻ ജീവിയ്ക്കുന്നതുകൊണ്ട് വളരെ പേർ അവനെ ആശ്രയിച്ച് ജീവിയ്ക്കുന്നുവോ അവനാണ് യഥാർത്ഥത്തിൽ ജീവിയ്ക്കുന്നത്. സ്വന്തം വയറ് നിറയ്ക്കുവാൻ മാത്രമാണ് ജീവിയ്ക്കുന്നതെങ്കിൽ കാക്കയും കൂടി കൊക്കുകൊണ്ട് അതു നിർവ്വഹിയ്ക്കുന്നില്ലേ.

29. യസ്മിൻ ദേശേ ന സമ്മാനോ ന വൃത്തിർന ച ബാന്ധവഃ
ന ച വിദ്യാഗമഃ കശ്ചിത് തം ദേശം പരിവർജ്ജയേത്.
യാതൊരു ദേശത്താണോ ബഹുമാനവും, ജീവിയ്ക്കുവാൻ വേണ്ട ജോലിയും, ബന്ധുക്കളും വിദ്യാഭ്യാസസൗകര്യവുമില്ലാത്തത് ആ ദേശത്തെ ഉപേക്ഷിച്ച് പോകണം.

30. രാജവത് പഞ്ചവർഷാണി ദശവർഷാണി ദാസവത്
പ്രാപ്തേ ഷോഡശവർഷേ തു പുത്രം മിത്രവദാചരേത്
പുത്രന് അഞ്ച് വയസ്സാകുന്നതുവരെ അവനെ രാജാവിനെപ്പോലെ കരുതി ആഗ്രഹങ്ങളെല്ലാം സാധിപ്പിയ്ക്കേണ്ടതാകുന്നു. പിന്നെ പത്തുവർഷം ഭൃത്യനെപ്പോലെ കണക്കാക്കേണ്ടതും എല്ലാ ജോലികളും ചെയ്യിക്കേണ്ടതുമാകുന്നു. പതിനാറ് വയസ് തികഞ്ഞാൽ പുത്രനോട് സ്നേഹിതനെപ്പോലെ പെരുമാറണം. (ഗുണദോഷങ്ങൾ ഉപദേശിക്കുകയും സ്വയം തീരുമാനമെടുത്ത് ചെയ്യുവാൻ അനുവദിയ്ക്കുകയും വേണം)



Scanned with CamScanner

31. രൂപയൗവ്വനസമ്പന്നാ വിശാലകുലസംഭവാഃ
വിദ്യാഹീനാ ന ശോഭന്തേ നിർഗ്ഗന്ധാ ഇവ കിംശുകാഃ
സൗന്ദര്യം, യൗവ്വനം, വലിയ തറവാട്ടിൽ ജനനം ഇവയെല്ലാമുണ്ടെങ്കിലും വിദ്യയില്ലാത്തവൻ ഭംഗിയുള്ളതെങ്കിലും മണമില്ലാത്ത മുരുക്കിൻപൂവുപോലെ ഇരിയ്ക്കും.

## സനാതനധർമ്മ പഠനം –36

# ശ്രീ നാരായണ ഗുരുദേവൻ നൽകിയ പ്രായോഗിക ജീവിത സന്ദേശങ്ങൾ

1. അധഃകൃതവർഗ്ഗക്കാർ എന്നൊരു പ്രത്യേക വർഗ്ഗമില്ല. ശുദ്ധിയുള്ളവർ -ശുദ്ധിയില്ലാത്തവർ, വിദ്യയുള്ളവർ-വിദ്യയില്ലാത്തവർ,പണമുള്ളവർ- പണമില്ലാത്തവർ എന്നീ വക വ്യത്യാസങ്ങളേയുള്ളൂ.

2. മനുഷ്യൻ ജീവിക്കുന്നത് ജാതിക്കും ലോകത്തിനും വേണ്ടി യാണോ? അതോ ഇതെല്ലാം മനുഷ്യനുവേണ്ടിയോ? മനുഷ്യൻ കെട്ടുപോയാൽ ലോകത്തിൽ സുഖമുണ്ടായിട്ട് എന്തു പ്രയോ ജനം? ജാതി മനുഷ്യനെ കെടുത്തുന്നു. ജാതി ഇല്ല. ഉണ്ടെന്നു വിചാരിക്കുന്നത് വിഡ്ഢിത്തമാണ്.

3. മതത്തിനൊരു നിർവചനം :- തത്ത്വ ജ്ഞാനികളായ മഹാത്മക്കളുടെ അഭിപ്രായമത്രേ മതം എന്നു പറയുന്നത്.

4. മതത്തിന്റെ അടിസ്ഥാനം :- സനാതനമായ ഏതെങ്കിലും ധർമ്മത്തെയോ സത്യത്തെയോ അടിസ്ഥാനപ്പെടുത്തിയല്ലാതെ യാതൊരു മതത്തിനും നിലനിൽക്കാൻ കഴിയുന്നതല്ല.

5. മതത്തിന്റെ പ്രചാരവും കമ്പനിയുടെ വികസനവും ഒരു പോലെ:- മതം കമ്പനി പോലെയാണ്. ചേർക്കുന്നവരുടെ ശേഷി യും നയവും മൂലധനത്തിന്റെ കൂടുതലും അനുസരിച്ച് ഓഹരിക്കാർ ചേർന്നെന്ന് വരും.

6. ഒരുമതം ഇഷ്ടംപോലെ നിശ്ചയിക്കണം. ഹിന്ദമതമോ ധർമ്മ മതമോ ഏതെങ്കിലും ഇഷ്ടംപോലെ എടുക്കാമല്ലോ.

7. ആദ്ധ്യാത്മിക മോക്ഷത്തിനായി മതപരിവർത്തനം ആവശ്യമില്ല.

8. മതം (ആന്തരികമായി) മാറുകയും പുറമേ കള്ളം പറയു കയും ചെയ്യുന്നതും കഷ്ടവും പാപവുമാണ്. ഹിന്ദുമതത്തിൽ എല്ലാ മതതത്ത്വങ്ങളും അടങ്ങിയിരിക്കുന്നുണ്ട്.

9. ഹിന്ദുസ്ഥാൻ നിവാസികളെ ഹിന്ദുക്കൾ എന്ന് വിദേശീയർ പറഞ്ഞു വന്നു. ഹിന്ദുമതം എന്നു പറയുന്നത് ക്രിസ്തുമതം, മുഹമ്മദുമതം മുതലായി ഹിന്ദു



Scanned with CamScanner

സ്ഥാനത്തിന് വെളിയിൽ നിന്നു വന്ന മതങ്ങൾ ഒഴിച്ച് ഹിന്ദുസ്ഥാനത്തിൽ തന്നെ ഉദ്ഭവിച്ചിട്ടുള്ള മതങ്ങൾക്കുള്ള ഒരു പൊതുപേരാകുന്നു.

10. സ്വാതന്ത്ര്യവും സമത്വവും അനുവദിച്ചാൽ വളരെപ്പേർ ഹിന്ദുമതത്തിലേക്കു മാറും. ആദ്ധ്യാത്മികമായ മോക്ഷലാഭത്തി ന് (ഹിന്ദു മതം) ധാരാളം പര്യാപ്തം തന്നെ.

11. ഭഗവദ്ഗീത :- പ്രകൃതിയിലെ 'പോക്കറ്റാണ്' എല്ലാവരും ആ ബുക്ക് എടുത്തേ മതിയാകൂ.

12. നീ സത്യം ജ്ഞാനം ആനന്ദം നീ തന്നെ വർത്തമാനവും ഭൂതവും ഭാവിയും വേറല്ല ഓതും മൊഴിയുമോർക്കിൽ നീ

13. ഈശ്വരാരാധന എല്ലാ ഗൃഹങ്ങളിലും എല്ലാ ഹൃദയങ്ങളിലും എത്തണം. ദിവസവും മുടങ്ങാതെ ഈശ്വരനെ പ്രാർത്ഥിക്കണം.

14. ഉത്തമരീതിയിലുള്ള ഈശ്വരാരാധന നല്ലതുതന്നെ. അന്ധ വിശ്വാസങ്ങളേയും, പ്രാണിഹിംസ മുതലായ അനാചാരങ്ങ ളോടു കൂടി അനുഷ്ഠിക്കപ്പെടുന്ന ദുർദ്ദേവതാരാധനകളേയും നിരാകരിക്കുക.

15. എല്ലാവരും ഈശ്വരനെയാണ് ആരാധിക്കുന്നത്. ബിംബത്തെയല്ല.

16. ക്ഷേത്രത്തിൽ ചെല്ലുമ്പോൾ ബിംബത്തെപ്പറ്റി സ്മരണയേ യില്ല. ഈശ്വരനെ പ്പറ്റിയാണ് അവർ (ഭക്തന്മാർ) വിചാരിക്കുന്നത്. നിങ്ങളെപ്പോലെ യുള്ളവർ പറഞ്ഞു കൊടുത്താലേ അവർ ബിംബത്തെ ഓർക്കുന്നുള്ളൂ.

17. ഈശ്വരഭക്തിയെ എങ്ങും പ്രചരിപ്പിക്കുക.

18. ഈശ്വരനോടുള്ള ഭക്തിക്കും അടുപ്പത്തിനും അമ്പലങ്ങൾ പോലെ മാർഗ്ഗം തെളിയിക്കുന്നവ മറ്റൊന്നുമില്ല.

19. ക്ഷേത്രം ആവശ്യമാണ് :- ചിലർ ക്ഷേത്രത്തിൽ ചെന്ന് നിരാഹാര വ്രതവും മറ്റും നടത്തി ദേഹത്തിനും മനസ്സിനും ഗുണം വരുത്തുന്നു. ചിലർക്ക് വിശ്വാസം മൂലം രോഗം മാറു ന്നു. ചിലർക്ക് ആഗ്രഹ സിദ്ധിയുണ്ടാകുന്നു. അതെല്ലാം വിശ്വാസം പോലെയിരിക്കും. ഇതൊന്നും ഗുണമല്ലേ? ക്ഷേത്രവും ആവശ്യമാണ്.

20. സുബ്രഹ്മണ്യനേയും ശിവനേയും വിഷ്ണുവിനേയും എല്ലാം പ്രതിഷ്ഠിച്ചത് സാധാരണ ജനങ്ങളെ കോഴിവെട്ടിൽ നിന്നും നേരെ കൊണ്ടുവരുന്നതിനായിരുന്നു.

21. എല്ലാ ക്ഷേത്രങ്ങളിലും വായനശാലകൾ ഉണ്ടായിരി ക്കണം. ക്ഷേത്രം ഒരറ്റത്ത് അവിടെ നിന്നുകൊള്ളട്ടെ. ഭംഗിയും വൃത്തിയുമുള്ള സ്ഥലമായാൽ ജനങ്ങൾ വരും. നല്ല വിചാരങ്ങൾ ഉണ്ടാകും. ആരോഗ്യം വർദ്ധിക്കും. ക്ഷേത്രം ആവശ്യ മാണ്. വേണ്ട വിധത്തിൽ കൊണ്ടുപോകണം.

22. കുട്ടികളെ പലതരം വ്യവസായങ്ങൾ ശീലിപ്പിക്കാനുള്ള ഏർപ്പാടുകളും ക്ഷേത്രങ്ങളോട് ചേർന്നുണ്ടായിരിക്കേണ്ടതാണ്.



Scanned with CamScanner

23. നാം പ്രതിഷ്ഠിക്കുന്ന ദേവൻ തീണ്ടലുള്ള ദേവനല്ല. അവിടെ ആരാധിക്കാൻ വരുന്നവരെ അകറ്റി നിർത്തരുത്. ജാതിയെ നിലനിർത്താനുള്ള സ്ഥാപനങ്ങളല്ല. തകർക്കാ നുള്ള സ്ഥാപനങ്ങളാണ് വേണ്ടത്.

24. ജനങ്ങളിൽ നിന്ന് വഴിപാടായി ക്ഷേത്രത്തിൽ കിട്ടുന്ന ധനം സാധുക്കളായ ജനങ്ങൾക്ക് പ്രയോജനകരമായ വിധ ത്തിൽ തന്നെ ചിലവഴിക്കുകയാണ് വേണ്ടത്.

25. കരിയും (ആനയും) വേണ്ട കരി മരുന്നും വേണ്ട.

26. സത്യം ധർമ്മം മുതലായതു ക്ഷേത്രങ്ങളിൽ വളർന്നു വരുവാനുള്ള മാർഗ്ഗങ്ങൾ ജനങ്ങളെ അറിയിച്ചുകൊടുക്കണം.

27. സത്യധർമ്മാദികളെ എഴുതി സ്മരണയ്ക്കു വേണ്ടി ക്ഷേത്രങ്ങളിൽ പ്രതിഷ്ഠിക്കുന്നത് നന്നെന്നാണ് നമ്മുടെ അഭിപ്രായം.

28. വേദാന്തം അധികമൊന്നും പഠിക്കാനില്ല. ഒരു തിര എങ്ങനെ കടലിൽ നിന്നും അന്യമല്ലയോ അതുപോലെ, ഇക്കാണുന്ന പ്രപഞ്ചം യഥാർത്ഥ സത്തയിൽ നിന്ന് അന്യമല്ല. ഇതറിഞ്ഞാൽ മതി. മറക്കരുത്. നിത്യ സാധന കൊണ്ട് ഈ അറിവിനെ നിലനിർത്തണം.

29. എല്ലാം ഞാനാണെന്നറിഞ്ഞാൽ ഭയപ്പെടാൻ ആരുമില്ല. ആ വിചാരത്തിന് അല്ലെങ്കിൽ അനുഭൂതിക്ക് അദ്വൈതം എന്നു പറയുന്നു.

30. നാസ്തികവാദം ചില വ്യക്തികൾ പുറപ്പെടുവിച്ചിട്ടുള്ള അഭിപ്രായങ്ങൾ മാത്രമാണ്. അത് ഒരിക്കലും ഒരു ജനസമുദായത്തിന്റെ മതമായി ഇരുന്നിട്ടില്ല.

31. ശുചിത്വപൂർണ്ണമായ ജീവിതം ഒരാചാരമായി അനുഷ്ഠിക്കണം.

32. കായ ശുദ്ധിയുണ്ടായാൽ ആഹാര ശുദ്ധിയും ഗൃഹശുദ്ധിയും എല്ലാ ശുദ്ധിയും അതിൽ നിന്നുണ്ടാവും. അതു സാധിച്ചാൽ മനുഷ്യന് എല്ലാം സാധിക്കും. പിന്നെ ആരെന്ന് അവരോട് ചോദിക്കയില്ല.

33. ശവം തിന്നരുത് :- മത്സ്യമാംസങ്ങൾ കഴിക്കരുത്. അത് ശവക്കറിയാണ്.

34. മാംസഭുക്കുകളുടെ ശരീരത്തിൽ തട്ടുന്ന കാറ്റുപോലും അശുദ്ധം :- അങ്ങനെയുള്ളവരുടെ (മാംസം ഭക്ഷിക്കുന്ന വരുടെ) കാറ്റ് ഏൽക്കുന്നത് തന്നെ നമുക്ക് (ഗുരുദേവന്) ഇഷ്ടമല്ല.

35. (ദിനംപ്രതി രണ്ടുറാത്തൽ മാംസം ഉപയോഗിച്ചു വന്ന ഒരു കുടുംബത്തിന്റെ നാഥനോട്) നിങ്ങൾ തിന്നാതിരുന്നാൽ മാസമൊന്നുക്ക് രണ്ട് ജീവനെ വീതം രക്ഷിക്കാമല്ലോ.

36. പുത്രന് തള്ളയുടെ സ്തന്യത്തെ ഉപയോഗിക്കുന്നതിനല്ലാതെ മാതൃനിഗ്രഹം ചെയ്ത് മാംസത്തെ ഉപയോഗിക്കണമെന്ന് ദൈവ സങ്കല്പം സംഭവിക്കുമോ? അത് ഒരിക്കലും വരുന്ന തല്ല. ഇതുപോലെ ദൈവം മനുഷ്യരുടെ ഉപയോഗത്തി നായി



Scanned with CamScanner

ക്കൊണ്ടു തന്നെ പ്രാണികളെ സൃഷ്ടിച്ചിരിക്കുന്നുവെന്നുള്ള വ്യവഹാരം അതുകളുടെ ക്ഷീരാദികളിലായിരുന്നുവെങ്കിൽ എത്രയോ ന്യായമായിരിക്കുമായിരുന്നു?

37. ത്യാഗം എല്ലാ മനുഷ്യർക്കും ആവശ്യമാണ്. വിദ്യാലയങ്ങളിൽ കുട്ടികളെക്കൂടി ത്യാഗം പഠിപ്പിക്കണം.

38. ത്യാഗവും കർമ്മവും :- ത്യാഗം വേണം. അപ്പോൾ കർമ്മം ശരിയാവും. ധൈര്യം ഉണ്ടാവും. മരിക്കുവാൻ കൂടി ഭയം ഉണ്ടാവില്ല.

39. നിസ്വാർത്ഥത സേവനത്തിന് എക്കാലവും ഈശ്വരാനു ഗ്രഹം ലഭിക്കും.

40. ജനങ്ങൾക്ക് വിദ്യാഭ്യാസം കൊടുപ്പാൻ ശ്രമിക്കണം. അവർക്ക് അറിവുണ്ടാകട്ടെ. അതു തന്നെയാണ് അവരെ നന്നാക്കാനുള്ള മരുന്ന്.

41. അഭ്യസ്തവിദ്യരോട് :- സമ്പാദിച്ച അറിവ് കളയരുത്. അത് വലുതാക്കിയാൽ എത്ര പങ്കുവയ്ക്കാം! ഈശ്വരൻ പ്രസാദി ച്ചാൽ മതി.

42. ഇക്കാലത്ത് മുഖ്യം ഇംഗ്ലീഷാണ്. അത് പഠിച്ചില്ലെങ്കിൽ വരുന്ന ലോകവുമായി ബന്ധമുണ്ടാവുകയില്ല. സംസ്കൃതം പഠി ക്കണം. നമ്മുടെ മതഗ്രന്ഥങ്ങൾ ആ ഭാഷയിലാണ്.

43. വിവേകം താനേ വരുമോ? വരില്ല. യത്നിക്കണം. നല്ല പുസ്തകങ്ങൾ വായിക്കണം.

44. അവനവൻ ആത്മസുഖത്തിനാചരിക്കുന്നവ അപരന് സുഖത്തിനായ് വരേണം.

45. ആനന്ദം ലഭിക്കുന്നത് അവരവരുടെ പ്രവർത്തനത്തിന്റെ ഫലമായിട്ടാണ്.

46. ഏതു ജോലി ചെയ്യുന്നതും ആത്മാർത്ഥതയോടും സത്യ സന്ധതയോടുമായിരിക്കണം.

47. ചെയ്യുന്നതെല്ലാം ഭംഗിയായി ചെയ്യണം. ഏതു ജോലിയും ചെയ്യാൻ മടിക്കരുത്. ചുടലക്കാട് സൂക്ഷിച്ചില്ലേ ഹരിശ്ചന്ദ്രൻ?

48. സുഖം ഉണ്ടാകുന്നത് അവരവരുടെ പ്രവർത്തനത്തിന്റെ ഫലമാണ്.

49. ആരിൽ നിന്നും നന്ദിയെ പ്രതീക്ഷിക്കാതെ കർത്തവ്യ കർമ്മം അനുഷ്ഠിക്കുക :- നാം നന്ദിയെ പ്രതീക്ഷിക്കേണ്ടതില്ല. ശക്തി ക്കനുസരിച്ച് കർത്തവ്യമായതിനെ ചെയ്യുക. അതാണ് വേണ്ടത്.

50. വ്യവസായിയോടും തൊഴിലാളിയോടും :- നിങ്ങൾ ഇരട്ട ക്കാളവണ്ടി കണ്ടിട്ടുണ്ടോ? (കാളകൾക്ക് വണ്ടിവലിക്കുന്നതിന് ആവശ്യമായ) കരുത്തുണ്ടായാൽ മാത്രം മതിയോ? രണ്ടു കാളകളും ഒരേ മനസ്സോടെ വലിച്ചില്ലെങ്കിൽ വണ്ടി മുന്നോട്ട് നീങ്ങുമോ? നിങ്ങൾ ചെയ്യുന്നതും ചെയ്യിക്കുന്നതുമായ തൊഴിൽ ഒരു കാള വണ്ടിയെപ്പോലെയാണ്. നിങ്ങൾ രണ്ടു പേരാണ്. ആ വണ്ടി വലിക്കേണ്ട കാളകൾ. രണ്ടുപേരും പരസ്പരം യോജിക്കാതിരുന്നാൽ വണ്ടി മുന്നോട്ട് നീങ്ങുകയില്ല. മനസ്സിലായോ ?



Scanned with CamScanner

51. വ്യവസായം കൊണ്ട് അഭിവൃദ്ധിപ്പെടുക.

52. വിദ്യാഭ്യാസം കഴിഞ്ഞാൽ അഭിവൃദ്ധിക്ക് ആവശ്യമായിട്ടുള്ളത് വ്യവസായമാണ്.

53. കുട്ടികളെ പലതരം വ്യവസായങ്ങൾ ശീലിപ്പിക്കാനുള്ള ഏർപ്പാടുകളും ക്ഷേത്രങ്ങളോട് ചേർന്നുണ്ടായിരിക്കേണ്ടതാണ്.

54. കുടുംബങ്ങളെ നശിപ്പിക്കുന്നതും ധാർമ്മികമായ ജീവിതത്തെ തുലക്കുന്നതുമായ സമ്പത്തുണ്ടാക്കുന്നത് നല്ലതല്ല. ധാർമ്മികമായി സമ്പാദിക്കുന്ന ധനത്തിനേ നിലനില്പുള്ളൂ; ആയത് പുണ്യവുമാണ്.

55. അനാവശ്യച്ചെലവു ചെയ്യുന്നതിനുള്ള വാസന ഉപേക്ഷിക്കണം. അനാവശ്യമായി ഒരു കാശുപോലും ചെലവു ചെയ്യരുത്.

56. സംഘടനയുടെ ഉദ്ദേശ്യം ഒരു പ്രത്യേക വർഗക്കാരെ മാത്രം ചേർത്തു സമുദായത്തെ സൃഷ്ടിക്കുവാനാകരുത്.

57. നമ്മുടെ സമുദായ സംഘടന എല്ലാ മനുഷ്യരേയും ഒന്നായി ചേർക്കുന്നതായിരിക്കണം.

58. വഴക്കുണ്ടായി തമ്മിൽ പിരിയരുത്. യോജിപ്പായി കഴിയണം.

59. അനുകരണ ഭ്രമം :- അന്ധമായി ആരെയും ഒന്നിനെയും അനുകരിക്കരുത്.

60. ദീപം ജ്വലിക്കുന്ന നിമിഷം ഇരുട്ട് ഇല്ലാതാക്കുന്നു:- നൂറു കൊല്ലമായി ഇരുളടഞ്ഞു കിടന്ന മുറിയിൽ അത്രയും കൊല്ലം വിളക്കു കത്തിച്ചു വെച്ചങ്കിലേ ഇരുൾ മാറുകയുള്ളൂ എന്നു ണ്ടോ?

61. ഗുരുദേവാവതാര ലക്ഷ്യം :- നാം ഒരു അവതാരമായി ആരെ ങ്കിലും കരുതുന്നുണ്ട് എങ്കിൽ ഈ അവതാരത്തിന്റെ ലക്ഷ്യം ജാതിവ്യത്യാസം ഇല്ലാതാക്കലാണ്.

62. ആത്മപരിശോധന :- മറ്റുള്ളവരെ നിരൂപണം ചെയ്യാൻ മാത്രം പഠിച്ചാൽ പോരാ. നിങ്ങളിൽ ഓരോരുത്തരും ഒരാത്മ പരിശോധന നടത്തുന്നതു നന്നായി രിക്കും.

63. ശീലം :- ശീലിച്ചാൽ ഒന്നും പ്രയാസമില്ല. തീയിലും നടക്കാം.

64. ആവശ്യം :- ലൗകികവും ആത്മീയവും രണ്ടല്ല. രണ്ടും വാസ്തവത്തിൽ ഒരേ ഉദ്ദേശ്യത്തോടെ പ്രവർത്തിക്കുന്നു. ശരീരത്തിന്റെ എല്ലാ അംഗങ്ങളുടെയും ഒത്തുള്ള പ്രവൃത്തി യാൽ ശരീരം സുഖം അനുഭവിക്കുന്നു.അതുപോലെ മനുഷ്യസമുദായത്തിന്റെ പരമ ലക്ഷ്യമായ സുഖപദത്തെ പ്രാപിക്കുവാൻ ആത്മീയമായും ലൗകികമായും ഉള്ള സർവ്വവിധ ഏർപ്പാടുകളേയും ഏകോപിച്ചുള്ള പ്രവൃത്തി ആവശ്യമാണ്.

65. ധർമ്മമാണ് ലോകത്തെ പ്രവർത്തിപ്പിക്കുന്നത്.

66. ജനങ്ങൾക്ക് ഉപകാരം ചെയ്യുന്നത് തന്നെയാണ് മുഖ്യധർമ്മം



Scanned with CamScanner

67. ശരീരശുദ്ധി, വാക്ശുദ്ധി, മനഃശുദ്ധി, ഇന്ദ്രിയശുദ്ധി (കണ്ണ്, മൂക്ക്, നാക്ക്, ചെവി, ത്വക്ക് - ഇവയാണ് ഇവിടെ ഇന്ദ്രിയങ്ങൾ), ഗൃഹശുദ്ധി എന്നീ പഞ്ച ശുദ്ധികളാണ്. മനുഷ്യർക്ക് ചുരുക്കത്തിൽ പറഞ്ഞിട്ടുള്ളത്.

## സനാതനധർമ്മ പഠനം -37

# നീതിസാരത്തിലെ സമഗ്ര മാനേജ്മെന്റ് സന്ദേശങ്ങൾ

➢ **അപരീക്ഷ്യനകർത്തവ്യം കർത്തവ്യം സുപരീക്ഷ്യ ച**
**ന ചേദ് ഭവതി സന്താപോ ബ്രാഹ്മണ്യാ നകുലാദ്യഥാ**

ഒന്നു ചെയ്‌വാൻ തുടങ്ങുമ്പോൾ പരീക്ഷ കൂടാതെ ചെയ്യരുത്. പരീക്ഷയോടു കൂടി സകല കാര്യങ്ങളും ചെയ്യണം. പരീക്ഷ കൂടാതെ ചെയ്താൽ കീരിയെ ക്കൊന്ന ബ്രാഹ്മണിയെപ്പോലെ സന്താപത്തിനുകാരണമാകുമെന്നറിയുക.

➢ **അർത്ഥാനാമാർജ്ജനേദുഃഖം ആർജ്ജിതാനാന്തു രക്ഷണേ**
**ആയേ ദുഃഖം വ്യയേ ദുഃഖമർത്ഥഃ കിം ദുഃഖഭാജനം**

സമ്പത്ത് ഉണ്ടാക്കുവാനും ഉണ്ടാക്കിയാൽ രക്ഷിപ്പാനും ദുഃഖം; അർത്ഥം അഴിക്കു മ്പോഴും ലാഭം വരുത്തുമ്പോഴും ദുഃഖം; സമ്പത്ത് ദുഃഖത്തിനായിക്കൊണ്ടുള്ള പാത്ര മെന്നറിയുക.

➢ **വിദ്വാനേവ വിജാനാതി വിദ്വജ്ജനപരിശ്രമം**
**നഹി വന്ധ്യാവിജാനാതി ഗുർവീം പ്രസവവേദനാം**

വിദ്വാനേ വിദ്യയുള്ളവനെ അറിഞ്ഞുകൂടൂ. എന്തെന്നാൽ പ്രസവിക്കാത്ത സ്ത്രീ ക്കു പ്രസവവേദന തിരിയായല്ലോ എന്നതുപോലെ എന്ന് അറിയുക.

➢ **വൃശ്ചികസ്യവിഷം പുച്ഛം മക്ഷികായാ വിഷം ശിരഃ**
**തക്ഷകസ്യവിഷം ദന്തം സർവാംഗം ദുർജ്ജനസ്യച**

തേളിന്നു വാലിന്മേൽ വിഷം. ഈച്ചയ്ക്ക് തലയിൽ വിഷം, സർപ്പത്തിനു പല്ലിന്മേൽ വിഷം, ദുഷ്ടർക്കു സർവാംഗം വിഷമെന്നറിയുക.

➢ **പക്ഷീണാം ബലമാകാശം മത്സ്യാനാമുദകം ബലം**
**ദുർബലസ്യ ബലംരാജാ ബാലാനാം രോദനം ബലം**

പക്ഷികൾക്ക് ആകാശം ബലം, മത്സ്യങ്ങൾക്ക് വെള്ളമുള്ള ദിക്കിൽ ബലം, ബല ഹീനന്മാർക്കു രാജാവു ബലം, കുട്ടികൾക്കു കരച്ചിൽ ബലം എന്നറിക.

➢ **കാര്യേഷുമന്ത്രീ കരണേഷു ദാസീ രൂപേഷു ലക്ഷ്മീ ക്ഷമയാധരിത്രീ**
**സ്നേഹേഷു മാതാ ശയനേഷുവേശ്യാ ഷ്ട്കർമ്മനാരീ കുലധർമ്മപത്നീ**

യാതൊരു സ്ത്രീ കാര്യത്തിൽ മന്ത്രിയെപ്പോലെയും പ്രവൃത്തിയിൽ ദാസിയെ



Scanned with CamScanner

പ്പോലെയും രൂപത്തിൽ ലക്ഷ്മിയെപ്പോലെയും ക്ഷമകൊണ്ടു ഭൂമിദേവിയെപ്പോലെയും സ്നേഹത്തിൽ മാതാവിനെപ്പോലെയും ശയനത്തിൽ വേശ്യയെപ്പോലെയും ഇരിക്കുന്നുവോ, ഇച്ചൊന്ന ഗുണം ആറും ഉള്ളവൾ ധർമ്മ പത്നിയെന്നറിക.

- **ഉപകാരോപി നീചാനാമപകാരായ വർത്തതേ**
  **പയഃ പാനം ഭുജംഗസ്യ കേവലം വിഷവർദ്ധനം**

ദുർജ്ജനത്തിനുപകാരം ചെയ്താൽ ഉപദ്രവം അനുഭവിക്കും. പാമ്പിനു പാൽകൊടുത്താൽ വിഷം വർദ്ധിക്കുന്നു, ആയതു പോലെ എന്നറിക.

- **ലക്ഷ്മീർലക്ഷണഹീനേച കുലഹീനേ സരസ്വതീ**
  **അപാത്രേ ലഭതേ നാരീ മേഘവർഷന്തു പർവ്വതേ**

ശ്രീഭഗവതി വൃത്തിയില്ലാത്തവങ്കലും സരസ്വതി നീചകുലത്തി ങ്കലും സ്ത്രീകൾ യോഗ്യനല്ലാത്തവങ്കലും വർഷം പർവ്വത ത്തിന്മേലും തുല്യം എന്ന് അറിക.

- **അസന്തുഷ്ടോദ്വിജോനഷ്ടസ്സന്തുഷ്ടഃ ക്ഷത്രിയസ്തഥാ**
  **സലജ്ജാഗണികാനഷ്ടാ നിർല്ലജ്ജാതുകുലാംഗനാ**

സന്തോഷമില്ലാത്ത വിദ്വാനും സന്തോഷത്തോടുകൂടിയ ക്ഷത്രിയനും ലജ്ജയുള്ള വേശ്യയും ലജ്ജയില്ലാത്ത കുലസ്ത്രീയും നഷ്ടമായിപ്പോകുമെന്നറിക.

- **സത്യേന ലോകം ജയന്തി ദാനൈർജ്ജയതിദീനതാം**
  **ഗുരൂൻശുശ്രൂഷയാജീയാദ്ധനുഷാ ഏവശാത്രവാൻ**

ജനങ്ങളെ സത്യം കൊണ്ടും ദീനതയെ ദാനങ്ങളെക്കൊണ്ടും ഗുരുഭൂതരെ ശുശ്രൂഷയെക്കൊണ്ടും ശത്രുക്കളെ ആയുധം കൊണ്ടും ജയിക്കണം എന്നറിക.

- **പുഷ്പേഷുജാതീ പുരുഷേഷു വിഷ്ണുർ നാരീഷുരംഭാ നഗരീഷുകാഞ്ചീ**
  **നദീഷുഗംഗാ നരപേഷുരാമഃ കാവ്യേഷുമാഘഃ കവികാളിദാസഃ**

പുഷ്പങ്ങളിൽ പിച്ചകവും, പുരുഷന്മാരിൽ വിഷ്ണുവും, സ്ത്രീകളിൽ രംഭയും, പട്ടണങ്ങളിൽ കാഞ്ചീ പുരവും, നദി കളിൽ ഗംഗയും, രാജാക്കന്മാരിൽ ശ്രീരാമനും, കാവ്യങ്ങളിൽ മാഘവും, കവികളിൽ കാളിദാസനും വൈശിഷ്ട്യത്തെ വഹിക്കുന്നു എന്നറിക.

- **ദരിദ്രത്വേ ദ്വിഭാര്യത്വം പഥിക്ഷേത്രം കൃഷിദ്വയം**
  **പ്രാതിഭാവ്യഞ്ചസാക്ഷിത്വം പഞ്ചാനർത്ഥാഃസ്വയംകൃതാഃ**

ദാരിദ്രമുള്ളവന്നു രണ്ടുഭാര്യയും പെരുവഴിയിൽ ഗൃഹം തീർക്കയും രണ്ടുദിക്കിൽ കൃഷിചെയ്യുകയും സാക്ഷി നില്ക്കയും തൻകയ്യേല്ക്കലും ഇവ അഞ്ചും താനുണ്ടാക്കുന്ന അനർത്ഥങ്ങളാണെന്നറിക.

- **ഏകഭാര്യാ ത്രയഃപുത്രാ ദ്വേഹലേ ദശധേനവഃ**
  **മദ്ധ്യരാഷ്ട്രേഗൃഹം യേഷാമത്യന്തസുകൃതാശ്ചതേ**



Scanned with CamScanner

ഒരു ഭാര്യയും മൂന്നു പുത്രന്മാരും രണ്ടു ജോഡി കന്നും പത്തു പശുവും നാടിന്റെ നടുവിൽ ഗൃഹവും ഇങ്ങനെയുള്ളവർ അതിസുകൃതികളെന്നറിക.

➢ **സത്യംമാതാ പിതാജ്ഞാനം ധർമ്മോഭ്രാതാ ദയാസഖീ**
**ശാന്തീഃ പത്നീഃ ക്ഷമാപുത്രഃ ഷഡമീ മമബാന്ധവാഃ**

സത്യം അമ്മയായിട്ടും ജ്ഞാനം അച്ഛനായിട്ടും ധർമ്മബുദ്ധി അനുജനായിട്ടും ദയ സഖിയായിട്ടും ദുഃഖ സഹനം ഭാര്യയായിട്ടും കോപസഹനം പുത്രനായിട്ടും ഈ ആറു ബന്ധുക്കളോടു കൂടി ഇരിക്കുന്നവൻ ഉത്തമനെന്നറിയുക

➢ **ആയുഷഃഖണ്ഡമാദായ രവിരസ്തമയം ഗതഃ**
**അഹന്യഹനിബോധവ്യം കിമേതൽസുകൃതംകൃതം**

ആദിത്യൻ ദിവസംപ്രതി ഉദിച്ച് അസ്തമിക്കുന്ന സമയം ജനങ്ങളുടെ ആയുസ്സിന്റെ ഒരു ഭാഗവും കൂടികൊണ്ടു പോകുന്നു എന്നറിഞ്ഞ് വ്യസനിച്ച് സൽക്കർമ്മം ചെയ്തു കൊള്ളണം.

➢ **ധർമ്മോ ജയതി നാ *f* ധർമ്മഃ സത്യം ജയതി നാ *f* നൃതം**
**ക്ഷമാ ജയതി ന ക്രോധാ വിഷ്ണുർജ്ജയതി നാ *f* സുരഃ**

ധർമ്മം ജയിക്കും, അധർമ്മം ജയിക്കില്ല. സത്യം ജയിക്കും, അസത്യം ജയിക്കില്ല. ക്ഷമ ജയിക്കും. കോപം ജയിക്കില്ല. വിഷ്ണു ജയിക്കും, അസുരൻ ജയിക്കില്ലയെന്നറിക.

➢ **മരണാന്താനി വൈരാണി പ്രസവാന്തം ച യൗവ്വനം**
**കോപിതാ പ്രണതാന്തഹി യാചിതാന്തം ച ഗൗരവാ**

വൈരം മരിക്കുന്നതുവരെയും യൗവ്വനം പ്രസവിക്കുന്നതു വരെയും കോപം നമസ്കരിക്കുന്നതുവരെയും മാനം യാചിക്കുന്നതുവരെയും ഉള്ളു എന്നറിക.

➢ **നഷ്ടം കുലം ഭിന്നതടാകകൂപം വിഭ്രഷ്ടരാജം ശരണം ഗതം ച**
**ഗോബ്രാഹ്മണാൻ ദേവഗൃഹഞ്ച ശൂന്യം യോധാരയേൽ പൂർവചതുർഗ്ഗുണം ച**

നഷ്ടമായ കുലത്തേയും ഇടിഞ്ഞ കുളത്തേയും തൂർന്ന കിണറിനേയും രാജ്യഭ്രഷ്ടനായ രാജാവിനേയും പശുക്കളേയും പണ്ഡിതരേയും അഴിഞ്ഞ ദേവാലയത്തേയും നന്നാക്കി രക്ഷിച്ചാൽ നാന്മടങ്ങ് ഫലമെന്നറിക.

➢ **മക്ഷികാവ്രണമിച്ഛന്തി ധനമിച്ഛന്തി പാർത്ഥിവാഃ**
**നീചാഃ കലഹമിച്ഛന്തി സന്ധിമിച്ഛന്തി പണ്ഡിതാഃ**

ഈച്ചകൾ വ്രണത്തെ ഇച്ഛിക്കുന്നു. രാജാക്കൾ ധനത്തെ ഇച്ഛിക്കുന്നു. നീചന്മാർ കലഹത്തെ ഇച്ഛിക്കുന്നു. സജ്ജനങ്ങൾ തമ്മിൽ ചേർക്കാൻ ഇച്ഛിക്കുന്നു എന്ന റിക.

➢ **മാതൃവൽപരദാരാണി പരദ്രവ്യാണി ലോഷ്ടവൽ**
**ആത്മവൽസർവഭൂതാനി യഃ പശ്യതി സപണ്ഡിതഃ**

പരസ്ത്രീയെ അമ്മയെപ്പോലെയും പരദ്രവ്യത്തെ മൺകട്ട എന്നപോലെയും സകലജീവജാലങ്ങളെ തന്നെപ്പോലെയും വിചാരിക്കുന്നവൻ വിദ്വാനെന്നറിക.



Scanned with CamScanner

➢ കോകിലാനാം സ്വരം രൂപം നാരീരൂപം പതിവ്രതാ
വിദ്യാരൂപം ച വിപ്രാണാം ക്ഷമാരൂപം തപസ്വിനാം

കുയിലുകൾക്കു സ്വരം സൗന്ദര്യം, സ്ത്രീക്കു പാതിവ്രത്യം സൗന്ദര്യം, പണ്ഡിതർക്കു വിദ്യ സൗന്ദര്യം, തപസ്വികൾക്കു ക്ഷമ സൗന്ദര്യം എന്നറിക.

➢ വഹന്തി നദ്യഃ സ്വയമേവ വൃഷ്ടിഃ കാദന്തി ന സ്വാദു ഫലാനി വൃക്ഷാഃ
പയോധരണേ പ്രരുഹന്തി സസ്യാഃ പരോപകാരായ ഭവന്തി സന്തഃ

നദികൾ താനേ ഒഴുകുന്നതും മേഘങ്ങൾ വർഷിക്കുന്നതും വൃക്ഷങ്ങൾ പൂത്തു കായ്ക്കുന്നതും സസ്യങ്ങൾ മുളയ്ക്കുന്നതും ഇവ ഒന്നും താന്താങ്ങൾക്കു വേണ്ടിയല്ല എന്നതുപോലെ സജ്ജനവും പരോപകാരത്തിനായിക്കൊണ്ടെന്നറിക.

➢ അക്ഷരം വിപ്രഹസ്തേന മാതൃഹസ്തനേ ഭോജനം
ഭാര്യാഹസ്തനേ താംബൂലം രാജഹസ്തനേ കങ്കണം

വിദ്വാന്മാരോട് അക്ഷരാഭ്യാസവും അമ്മയുടെ കൈകൊണ്ട് ഭോജനവും ഭാര്യയുടെ കൈകൊണ്ട് താംബൂല വും രാജാവിന്റെ കൈകൊണ്ട് കങ്കണവും കിട്ടണമെന്നറിക.

➢ കഃ കാലഃ കാനി മിത്രാണി കോ ദേശഃ കൗ വ്യയാഗമൗ
കശ്ചാഹം കാ ച മേ ശക്തി രിതി ചിന്ത്യം മുഹുർമുഹുഃ

യാതൊരു കാര്യത്തിനും തുടങ്ങുമ്പോൾ കാലാവസ്ഥയും ബന്ധുബലവും ദേശാവസ്ഥയും ലാഭനഷ്ടവും താൻ ആരെന്നും തന്റെ ശക്തിയും വിചാരിച്ചിട്ടു വേണം തുടങ്ങുവാനെന്നറിക.

➢ സുശ്രാന്തോഽപി വഹേദ്ഭാരം ശീതോഷ്ണൗ ന ച പശ്യതി
സന്തുഷ്ടശ്ചരതേ നിത്യം ത്രീണിശിക്ഷേച്ച ഗർദ്ദഭാൽ

അധികം ശ്രമിച്ചാലും പിന്നെയും ഭാരം എടുക്കയും ശീതോഷ്ണം കാണാതെ നടക്കയും എന്നും സന്തോഷമായി മേഞ്ഞു നടക്കയും ഈ ഗുണം മൂന്നും കഴുതയോടു പഠിപ്പാനുള്ളതാകുന്നു എന്നറിക.

➢ വിദ്യാമിത്രം പ്രവാസേഷു ഭാര്യാമിത്രം ഗൃഹേഷു ച
രോഗീണാമൗഷധംമിത്രം ധർമ്മോമിത്രം മൃതസ്യ ച

യാത്രയിങ്കൽ വിദ്യ ബന്ധുവാകുന്നു. ഗൃഹത്തിൽ ഭാര്യ ബന്ധുവാകുന്നു. രോഗിക്ക് ഔഷധം ബന്ധുവാകുന്നു. മരിച്ചവനു സുകൃതം ബന്ധുവാകുന്നു എന്നറിക.

➢ വിദ്യാപ്രശസ്യതേ ലോകൈർവിദ്യാസർവത്രഗൗരവാ
വിദ്യയാ ലഭതേ സർവം വിദ്വാൻ സർവത്ര പൂജ്യതേ

ലോകത്തിൽ പ്രശസ്തയായിട്ടും മാന്യയായിട്ടും ഉള്ളത് വിദ്യ യാകുന്നു. വിദ്വാന് ഒരു വസ്തുവും ദുർല്ലഭമല്ലെന്നറിക.



Scanned with CamScanner

> **ശ്ലോകേനവാ തദ്ദർദ്ധേന തദർദ്ധാർദ്ധാക്ഷരേണവാ**
> **അവന്ധ്യം ദിവസം കുര്യാത്‌ധ്യാനാദ്ധ്യയന കർമ്മഭിഃ**

ഒരു ശ്ലോകമോ പകുതിയോ അതിൽ പകുതിയോ ഒരക്ഷരമോ ഇടവിടാതെ ദിവസംപ്രതി പഠിക്കുന്ന അല്പനു കൂടി സർവ്വവും ലഭിക്കുമെന്നറിക.

## സനാതനധർമ്മ പഠനം –38

## LORD KRISHNA'S MANAGEMENT MESSAGES

1) Since peace and happiness are assured by performing the duty as a yajna to god/divine power/omnipotent omnipresenr universal power, do the duty as a dharma for attaing supreme peace - (18-62)

2) Always remember that everyone with whom you are connected for your work, is also the embodiment of the divine power. This will not give you the feeling of animosity towards them. (18 - 62)

3) No duty should be there, which you feel you cannot perform. If you feel so it is due to your ignorance only. Overcome this attitude and perform your duty (18 - 61)

4) Many a times due to ignorance, if you are not doing your duty, you may be compelled by the circumstances/ environment to do the same duty or even a worse duty than the original one. Hence do your dharmic duty whenever it is to be performed. (18 - 59)

5) Even with minor negatives present in your dharma, do not give up your duty/ dharma. Refine your dharma and perform it with full devotion. (18 - 48)

6) Performing the duty obtained by one's own nature, one need not attain sin and he will not loose his name or fame. (18 - 47)

7) Do the duty undertaken by you with full devotion and also as a worship towards the god. Doing your duty, let it be a pushpanjali. (18 - 45)

8) There are three types of qualities in each and every individual and also each and every aspect of life. These three qualities are called Satwika, rajasika and Tamasika (from various stanzas of chapter 17 & 18)

9) The *nature* of people, the food, the work, the result of the work, the route of the work, the aim of the work, the mentality of the persons,



Scanned with CamScanner

the happiness/ or enjoyment, the decisions all can belong to any one of these three classes *saatwika, rajasika or tamasika.* Hence while doing your duty remember that, there can be any one of the three types/or mixed nature/quality, can be in your pathway (various messages from chapters 17 & 18)

10) Desire, anger and greed should be reduced to the level of nil. They are called the doord to hell (16 - 21)

11) You are always dragged towards the senses of hearing, sight, touch, taste and smell as well they influence your mind. Control the desire and the senses (15 - 9)

12) Both the cause and instrument are the products of the nature. Hence things are happening due to the fact that nature has decided that it should happen. Hence analyze the situation before reacting (13 - 20)

13) He who never rejoices or hates, nor grieves, nor desires and who renounces both good and even action and is full of devotiond on dharma is the best person considered to manage the situation. (12 - 17)

14) He who is malice towards other friendly and compassionate, rid of the feeling that "I am" and "mine", balanced in joy and sorrow forgiving by nature, ever contented and mentally united with the dharma, and surrendered the mind to the ultimate truth and dharma, is an ideal person (12 - 13 & 14)

15) The supreme spirit is rooted in the knowledge of the self controlled man whose mind is perfectluy serene in the midst of many contradictions like sorrow & joy, success & failures, heat and cold, happiness and unhappiness, etc, (6 - 7)

16) One's own self is the friend and ones's own self is his enemy also. Hence properly treat and give training your 'self' for facing positives and negatives in the life (6 - 6)

17) Remember that the wise look with same eye on a scholar, endowed with the learning and culture, a cow, an elephant a dog and a priah because all are the embodiment of the divine power. (5 - 18)

18) This light of the knowledge should kill darkness of the ignorance. The light of the knowledge is to be made brighter with that of supreme knowledge (5 - 16)



Scanned with CamScanner

19) Once you have realized the ultimate truth of life, you can attain the level of a karma yodi who perform action only with their senses, intellect and body as well, with drawing the feeling of mine in respect of the action and shaking off the attachment. (5 - 11)

20) Doing the duty as a part of the dharma, one will not incur the sin, whatever he has to do ( 5 - 10)

21) Once is a karma yogi or jnaana yogi, the ultimate truth remains the same that everyone has to perform the dharma as his duty. Both karma yogi and jnaana yogi ultimately reach the same point (5 - 4)

22) Those who have doubts in everything there is no life here or in any other world. Hence have faith in yourself, in others and also on what we are doing. ( 4 - 40)

23) He who has mastered the senses and has purified himself with the knowledge of ultimate truth, and he who performs his dharma can attain supreme peace, wherever he is (4 - 39)

24) There is no purifier as great as knowledge, he who has attained purity of heart through a prolonged practice of karmayoga / devotion in his work, he attains the ultimate happiness through peace (4 - 38)

25) Get the correct knowledge or advice from those who has/have it. Then lead yourself through that correct pathway. (4 - 34)

26) Sacrifice through knowledge is superior to the sacrifice performed with material things. all actions without exception culminate is knowledge. The knowledge is the experience of that karma (4 - 33)

27) Self discipline/control is the greatest sacrifice one can follow through controlling our mind and senses (4 -26)

28) Get oneself, self disciplined in success and failures, joy and sorrow, etc. because they are part of the life. Controlling the mind to face these duals (4 - 22)

29) Wherever action is required perform it, =wherever inaction is required follow that. In some places you will have to perform action, some other places action is to be performed through inaction (4 -18)

30) It is always to be remembered that nature will follow the path of righteousness. For the protection of virtuous, for the extirpation of evil-



Scanned with CamScanner

doers, and for establishing dharma on a firm footing, the nature will follow the correct pathway whenever it is required. Nature performs its duty through noble people (4-8)

31) Attraction and repulsion, are rooted in senses, and one should never be allowed to away himself by the senses, because they are the enemies standing in the way of redemption (3-34).

32) Do all the duty with minimum attachment so that its success and failures will not drag you to sorrow. You can keep the stability of the mind (3-19)

33) Every minute, everything / everyone in the universe (whether it is an atom, the Sun, the wind or cloud, or tree, or animal) is doing its duty. Hence do your duty as it is expected from you (3-8)

34) Remember that each and every living and non living being has to perform action/duty. None can exist without performing duty. Hence you also have to perform your duty (3-5)

35) Whenever you are dragged towards an adharmic duty or whenever your senses are dragged towards a negaive, follow the example of a tortoise. The tortoise draws its limbs from all direction, like that you have to withdraw the senses from the issues (2-58)

36) While doing the duty, if you are facing failures console by thinking that you have done your duty to the best of your capacity and if it is a success, enjoy the fruit of success (2-37)

37) Infamy brought to a man enjoying popular esteem is worse than death. Hence do the dharmic duty everytime, everywhere and do not withdraw from the responsibility bestowed upon you by the society (2-34)

38) All living being born will have to die one day. Before the last day of your life comes, the duty expected from you should be performed. Death is inevitable for all living beings. Hence do not worry much about the death also (2-27)

39) Human being is built with the soul in the material body. That soul is something which cannot be killed, or perished. That is the one exiting for ever. That is present everywhere at all times. Hence the universal energy expect you to perform your duty (2-25)



Scanned with CamScanner

40) Do not worry a much about anything, things will come and go. Think seriously and act cautiously. Great scholars will never feel sad about anything which inevitably is to be performed (2-11)

41) Whereever you are, consider it as kurukshetra (means working place). Perform your duty as though you are in dharma kshetra (means the place where dharma is to be performed) with utmost sincerity and devotion !

42) Whosoever you are, know deep about your dharma and perform your duty with utmost sincerity and devotion.

Whatsoever you are keep the rules and guidance given by the dharma while doing your duty!

43) Do not worry very much about the success and failure, profit and loss, happy or unhappy, ups and owns, small or big, appreciation or criticism, difficult or easy, hot or cold, every aspect of these opposites or part of life. As long as you are on the surface of the globe earth keep yourself as a model for other karma yogis, to follow this is the essence of Bhagavath Geetha

## സനാതനധർമ്മ പഠനം -39

## INDIA SEVENTY VISION & MISSION (1947-2017)

## Message for Parents, Teachers & Students

### Dear Parents !

- Every parent should know that there are positives and negatives in our life. They should inform their children that there are happiness and unhappiness, gain and loss, ups and downs.... in everyone's life.
- Your children should learn putra/putree dharma from you, through the demonstration of your affection and respect towards your parents. Whatever way you are treating your parents you will get back in the same level.
- Your children should feel that they are the proud children of honorable parents. You should elevate yourself to that dharmic level for making them feel so.
- Explain the importance of values in the personal-family-social-life and in the cultural and national values.



Scanned with CamScanner

- Create an awareness about the glories of the Indian heritage, the achievements of present India and the great future of the modern India.
- Create a positive vision about the future of your children. based on sadaachaara, dharma, love, affection, respect and dedication plus scientific knowledge.
- The academic ranks received from the schools are good but it is temporary. The true rank is based on the performance and standard of living.
- Keep your home clean, neat and fill it with love and respect in every word and deed. Your children will learn directly from this experience.
- Teach your children when and where to use (and not to use) their ears, eyes, tongue and mind for leading a meritorious life. Let your children learn from you, the truths, facts, and essence of a happy life.
- Remember that less than one third of the childhood, your children are spending in school. Remaining part they are living with you. Give all the valuable knowledge, do not expect that the school authorities will give all the values.
- Attain a status in the mind of your children as directed in dharma saastra : maathru devo bhava, pitru devo bhava, let them learn from you the principles of raashtra devo bhava, aachaarya devo bhava and athithi devo bhava..

**Dear Teachers !**

- Let your students get the best knowledge from your experience and exposure plus from the books, TV, Radio, CDs, Cassettes, Newspapers and so on..
- Let the students get a clear understanding how to face the failures and success in life. Give them the valuable examples and narrations.
- Teach them how to integrate science and spirituality and how to take the good from the old and from the new.
- Let them know the values of sincerity, devotion, dedication, love, respect, punctuality and optimism. Let them not become blind atheists, terrorists, selfish, pecimists and blind followers of religious doctrines and superstitions.
- Teach them how to convert the information into knowledge and how to acquire knowledge through listening, watching, discussing and intellectually analyzing.



Scanned with CamScanner

- Tell them that they should not denigrate or belittle their heritage and Bharath. Let them not involve in cheap politics, irrational rationalism and destructive activities.
- You know that a building is constructed using bricks and cement. The bricks play the role of increasing the height of the building and cement gives the beauty, strength and durability. Similarly using modern knowledge, let your students grow higher and higher and let the value based knowledge give strength, durability and beauty for their life.
- Just like you look after and take care of your children for fulfilling your dreams, nurture your students and make them capable of fulfilling the dreams of their parents.
- Never use sharp and cursing words. Prevent your students from becoming drunkards, drug addicts and smokers.
- You should not allow anyone to spoil the peaceful environment of the academic institution . You should attain the status of a very honorable teacher.
- Let every teacher be the guardian for their students. Let every student remember you throughout their life. Let your words be in their memory for ever.

**Dear Students !**

- You should feel proud that you are the inheritors of a great heritage of your motherland and say proudly that you are Indian.
- You should take all the good from modern scientific knowledge and also take good from the ancient knowledge .
- You should acquire knowledge on value based life from your parents, teachers, elders and also from the messages of great scholars.
- You should remember that there are positives and negatives in the life and prepare always to face any challenges in the life.
- You should know that there are hundreds of inventions and discoveries made by ancient Indian scientists some of which are known in the names of foreign scientists, even though you may have to write the names of foreign scientists in the answers papers for getting marks.
- You should know Indian achievements in the field of Information technology, computer science-communication-transportation-agriculture- industrial-medical- atomic energy- defense science - technology and spiritual science.



Scanned with CamScanner

- It is the duty of every one to eradicate whatever minor negatives and superstitions present in the society with the help of science.
- You should never belittle or denigrate the heritage of Bharath. Never laugh at our achievements, never support the negative discussions degrading our culture and values. Correct those who are doing/ telling negatives about our people/ country/ heritage and culture.
- Try to understand spirituality with a scientific background. But never entertain the superstitions. Do not think that all modern scientific knowledge are perfect There are many superstitions and dirty practices in the modern science too. Use sadaachaara and giveup duraachaara.
- Your daily routine should be systematic. Get up at 5.30 am, sit for 30 sec. (and pray) till your heart beat and BP get balanced, touch the floor (bhoovandanam) for releasing the biostatic electricity through your fingers, do not take bed coffee to avoid the dirt from the mouth going to the stomach, take morning bath for cleaning the body, pray for atleast 10 min.. for cleaning your mind, do *praanaayaama* for 5 min. for cleaning the lungs, do *soorya namaskaara* for giving a smooth and harmonious exercise to all the movable skeletal joints, drink two glass water in the morning for cleansing the blood, pray before taking food atleast few sec. for activating the digestive enzyme glands through salivary secretions and also pray before going to bed (sitting on the bed) for balancing the blood circulation. (all these spiritual sad*aachaaraas* have science in them)
- Spent atleast half an hour with your parents after the evening prayer and discuss all the happy and unhappy events of the day with them. Take at-least one of your every day home meals with your parents. Tell them to share their life experience with you. Childhood days are the happiest days in one's life, enjoy it every minute positively, with parents.
- Remember that the blessings of the parents is the most glorious blessing in the life. Take it every day from the parents before leaving to school. Touch the feet of parents and take the blessing messages also from them before leaving for exams.
- You are privileged to get the care, love and affection from your parents. When your parents become old, you have to look after them by giving all the care, respect, affection and love. Never leave them in old age homes at the mercy of others. You have to remember that the way you treat your parents will reflect in the way your children treat you when you attain that age



Scanned with CamScanner

- You should prepare to build a happy and very useful personal and social life with a scientific vision, patriotic mission.
- Whatever may be the limitations of our nation and culture, ours is the only nation which prayed *lokaa: samasthaa: sukhino bhavanthu*:,Let everyone become happy and prosperous. *saha naa vavathu saha now bhunaktu saha veeryam karavaavahai thejaswinaavadheethamstu maa vidvishaavahai* - Let us exist together, let us share the result of the work together, let us work together, let us enlighten ourselves and let us not hate anyone. *Aa no bhadraa: krathavo yanthu viswatha*: Let noble thoughts come towards us from all over the world.
- You should also become one of the topmost authorities in your subject .

## സനാതനധർമ്മ പഠനം –40

## INDIA SEVENTY VISION & MISSION (1947-2017)

Message for Spiritual leaders, Intellectuals, Elected Parliament Members, Government servants, Media friends & Citizens of india

**Dear spiritual leaders !**

- World over people are trying to integrate the spirituality and science. You also have a great role in this mission.
- Keep the spiritual centers and centers of worship clean and neat. Cleanliness is equal to godliness. Never make it a cinema theatre complex for cinema shows, cinematic dances, pope music, mimics, culture less dramas and so on.
- Spiritual centres should be peaceful and calm. Do not pollute the environment with sound and smoke through crackers .
- Let there be no extravaganza and luxury in the name of god during festivals. Do not convert them like market places for drunkards, smokers and drug addicts.
- Annadaana given as the prasadam should reach the poor, hungry and deserving people.
- The center should be free from politics. Keep the purity of the premises with pancha suddhi of the body, mind, (ahaara) food, vaak (conversations) and karma.



Scanned with CamScanner

- The spiritual center should not become a butcher house for sacrificing goats, buffaloes, doves, chicken, ducks, camels, in the name of gods. Protecting and nurturing all living beings are the great dharma (ahimsa paramo dharma) and greatest sin is killing them..
- Hindu, Christian, Muslim and others with pancha suddhi should be permitted to enter and worship without any discrimination in Hindu Temples.

**Dear Intellectuals !**

- True intellectuals are the guiding force of any nation. The intellectuals should not get guided by selfish motives like position, publicity. name, fame and money.
- Your knowledge and wisdom be a marking force for guiding the Indians through the dhaarmic pathway.
- Do not think that you and your knowledge can solve all the problems of our nation and let you not get addicted to liquor and political influences.
- Do not get intoxicated with the social respect and support of power you are getting . Do not become pseudo intellectuals and do not act as you are an intellectual (if you are really not).

**Dear elected parliamentarians !**

- You are elected by the citizens of India and you are indebted to each and everyone in this country. You are the representative of every Indian and your activities should aim at the upliftment of India.
- Do not discriminate people in the name of caste, religion and political outlook. Never try to get focus by media by doing malpractices. Create a clean image in the mind of millions of people by doing good to them and country.
- Let you give a powerful guidance for building a modern India on the sound heritage knowledge and strong scientific and technological foundations.
- Guide the rulers to implement in our country also, the good policies successfully experimented anywhere in the world, with required modifications to suit us.
- Your words and deeds should never denigrate India and the status of Indians. Your image should not get tarnished by involving in bribes, frauds, immoral activities. A politician should never become an embodiment of evils.



Scanned with CamScanner

- Remember that some of the policies and decisions can even ruin our country. Judge, prior to implementing, any reforms and policies. India and Indians should not suffer by your policy and decisions.
- Never follow the divide and rule policy. We have suffered (and suffering) a lot by following that ugly policy for the last six decades. Never exploit religion, caste, politics, regional, linguistic and minority majority issues .for your selfish motives and achievements.

**Dear Government servants !**

- You know that the rulers are not permanent in a democratic system. They may come and go so are the leaders and their followers. Some times you may be compelled to do something bad. Do your best to keep ethics and dharma in every situation and activity.
- Whatever may be the negatives and positives you are facing, serve the deserving people without the influence of caste, religion, financial and political status.
- Do not get addicted to or influenced by bribes, liquor and immoral activities.

**Dear media friends !**

- Your words, writings, evaluations and comments should not denigrate our nation's prestige and dignity.
- Do not create inferiority complex in the readers and viewers by making fun of our culture, heritage and traditions.
- Present the news and commentaries with an impartial and unbiased analytical caliber aiming at all round corrective measures keeping the ethical standards.
- Never support the terrorism and antinational activities. Keep the rulers and public informed about the antisocial and antinational activities..
- Expose those who are exploiting the religion- caste – politics and irrelevant narrow issues. You should not support antisocial activities for improving your circulation and viewership.
- Your pen and camera should move for the poor, needy, helpless, supportless, grieving people for solving their problems.
- Communicate all good and valuable messages to the people. Let your dhaarmic courage never get diluted. Let each and everyone of you become the corrective/ guiding force for the policy makers and rulers.
- You should remember that the foreign media depend mainly on



Scanned with CamScanner

you for reporting all that what are happening in India. Anything denigrating India will be reproduced there. Millions of people will get the messages about India which should elevate and depress our image in the national and international level.

- You should keep a powerful ethical standard and always stick to that. Media plays the greatest role in maintaining law and order situation of any country.
- Media persons of the developed countries are highly matured. Let us follow their ethical code also and attain maturity in hearing, seeing, writing and reporting.

**Dear citizens of India !**

- We have to remember that India is going to celebrate the 60th year of independence. But we are ignorant about our country and our glorious heritage.
- From hereafter, let us go through a different pathway, to understand all about India and let each of us become a proud Indian.
- We should take every useful knowledge- the spiritual, scientific, technological, social, anthropological or basic knowledge- from anywhere in the world and adopt with suitable refinement. Our ultimate aim should be the progress of our country . We are still following the crude policies, slogans, theories designed by the foreigners. Their ultimate aim was dividing Indians for their benefits.
- Remember the Aryan Invasion, Arya -Dravida war, Aryan - Dravidian languages, Aadivasies - Dalits, the caste by birth theories are all put forth by British for proving that Indians are also invaders like the British invaders. The ultimate aim of these theories has clearly been stated by Lord Macaulay (British Parliament speech on 2nd Feb. 1835 "..unless we break the backbone of this nation, which is her spiritual and cultural heritage, and therefore, I propose that we replace her old and ancient educational system, her culture for if the Indians think that all that is foreign and English is good and greater than their own, they will lose their self esteem, their native culture and they will become what we want them….."
- Try to understand the true history of India and learn the good and bad from the history. Never do anything further, which may negatively affect our culture .
- Never denigrate our heritage in the name of atheism, radicalism, regionalism, religious and political motives. Do not justify the criminal and antinational activities.



Scanned with CamScanner

# മാതാപിതാക്കൾക്കുള്ള സന്ദേശം - I

- കുടുംബത്തിലെ ചുറ്റുപാടിൽ വളരുന്ന മക്കൾ നമ്മുടെ സ്വഭാവത്തിൽ നിന്നാണ് ജീവിത സന്ദേശങ്ങളും നന്മതിന്മകളും സ്വന്തം ജീവിതത്തിലേക്ക് പകർത്തുന്നത്.

- നാം സംസാരിക്കുന്നതും, ചിന്തിക്കുന്നതും, വിശകലനം ചെയ്യുന്നതും, ചർച്ച ചെയ്യുന്നതും പ്രവർത്തിക്കുന്നതുമെല്ലാം അവർക്കും മാർഗദർശകമായിത്തീരുന്നു.

- നമ്മിലുള്ള നന്മകൾ അവർ ജീവിതത്തിൽ പകർ ത്തുമ്പോൾ നമുക്കാഹ്ളാദമുണ്ടാകുന്നു. നമ്മിലുള്ള തിന്മകളും അവർ ജീവിതത്തിൽ പകർത്തുമെന്നോർക്കണം.

- നമ്മുടെ ഗൃഹാന്തരീക്ഷത്തിൽ നമ്മുടെ ചെവി, കണ്ണ്, നാവ്/നാക്ക്, മനസ്, പ്രവർത്തി ഇവയെല്ലാം നാം ഉപയോഗിക്കുന്നതുപോലെയായിരിക്കും നമ്മുടെ മക്കളും ജീവിതത്തിൽ പകർത്തുന്നത്.

- നന്മകൾ കേൾക്കാനും കേൾപ്പിക്കാനും, കാണു വാനും, കാണിക്കുവാനും, ചർച്ച ചെയ്യുവാനും, ചർച്ച ചെയ്യിക്കുവാനും, ചിന്തിക്കുവാനും, ചിന്തിപ്പിക്കുവാനും, പ്രവർത്തിക്കുവാനും, പ്രവർത്തിപ്പിക്കുവാനും സാധിക്കുമെങ്കിൽ അവ നമ്മുടെ മക്കളുടെ ജീവിതത്തേയും ധന്യമാക്കും.

- നമ്മുടെ മനസ്സിന്റെ രോഗങ്ങളാൽ വാശി, പക, വിദ്വേഷം, അസൂയ, ദ്വേഷ്യം, അഹങ്കാരം, .... എന്നിവ നമ്മുടെ മക്കളുടെ മനസ്സിലേക്ക് സാംക്രമിക രോഗം പോലെ പകരുന്നത് നമ്മിൽ നിന്നാണെന്നറിയണം.

- നമ്മുടെ കുടുംബത്തിലെ ഭാര്യാഭർതൃ ബന്ധത്തിന്റെ എല്ലാ നന്മതിന്മകളും മക്കളും ഭാവി ജീവിതത്തിൽ സ്വന്തമാക്കുമെന്നോർമ്മിക്കണം. അവയെല്ലാം കണ്ടു പഠിക്കുന്നത് മക്കളുടെ മനസ്സിലെന്നുമുണ്ടാകും.

- നമ്മൾ ഭാര്യാ/ഭർത്താക്കന്മാർ പെരുമാറുന്നതു മക്കളുടെ മനസ്സിൽ വളരെ ചെറുപ്രായത്തിൽ തന്നെ നിറഞ്ഞു നിൽക്കുന്നു. അതു ഭാവി യിൽ അവരുടെ ജീവിതമായിത്തീരുന്നു.

- ശാന്തശീലവും പ്രസാദാത്മകവുമായ അമ്മയുടേയും അച്ഛന്റേയും മുഖം കണ്ട് ആനന്ദിക്കുവാനാണ് മക്കൾക്കിഷ്ടം.



Scanned with CamScanner

○ ശാന്തമായ സംസാരരീതി, പെരുമാറ്റരീതി, ഇവയെല്ലാം മക്കൾക്ക് ജീവിതകാലമത്രയും മാതൃകയായി ലഭിക്കുന്നത് കുടുംബത്തിൽ നിന്നാണ്.

○ തിങ്കൾ മുതൽ വെള്ളി വരെ ഏഴു മണിക്കൂർ മാത്രമാണ് നിങ്ങളുടെ മക്കൾ നാൽപതോളം കുട്ടികളിൽ ഒരുവനായി സ്കൂളിലുള്ളത്. തിങ്കൾ മുതൽ വെള്ളി വരെ 17 മണിക്കൂറും ശനി, ഞായർ ദിവസങ്ങളിൽ 24 മണിക്കൂറും നിങ്ങളുടെ സ്വന്തം ഒന്നോ രണ്ടോ കുട്ടികൾ നിങ്ങളുടെ കൂടെ മക്കളായി കഴിയുന്നു എന്നറിയണം. സ്കൂളിൽ നിന്നു ലഭിക്കുന്നതിനേക്കാൾ അനേ കം മടങ്ങ് ലഭിക്കേണ്ടത് മാതാപിതാക്കളിൽ നിന്നാണ് എന്നു വ്യക്തമായറിയണം.

○ മക്കളോടു സംസാരിക്കുമ്പോഴും പെരുമാറുമ്പോഴും നന്മ നിറഞ്ഞരീതി ഓരോ നിമിഷവും ഉണ്ടായിരിക്കണം. കുട്ടികളെ സ്കൂളിലേയ്ക്കയക്കുന്ന തയ്യാറെടുപ്പ് അടുക്കും ചിട്ടയോടും ആനന്ദത്തോടും കൂടി ചെയ്യുക. അതു നിങ്ങൾക്കൊരു ഭാരമാണെന്ന തോന്നൽ കുട്ടികൾക്കുണ്ടാകാതിരിക്കട്ടെ. അവരെ സ്കൂൾ യാത്രയ്ക്ക് തയ്യാറാക്കുന്ന വേളയിൽ അമ്മയുടെ മുഖത്ത് നിറഞ്ഞ സംതൃപ്തിയുണ്ടാകണം. അതു മക്കൾക്കനുഭവിക്കുവാനും സാധിക്കണം.

○ പ്രഭാതത്തിൽ നേരത്തേ വിളിച്ചുണർത്തി കുളിപ്പിച്ച്, പത്തുമിനിറ്റെങ്കിലും പ്രാർത്ഥിപ്പിക്കണം. നാമജപം ശീലമാക്കണം, അഞ്ചു (സൂര്യ) നമസ്കാരം ചെയ്യിപ്പിക്കണം. ഇതെല്ലാം ആരോഗ്യത്തിനും ഊർജ്ജസ്വലമാകുവാനുമാണ്.

○ ഒന്നു രണ്ടു ഗ്ലാസ് വെള്ളം കുടിക്കുവാനായി കുട്ടികൾക്ക് പ്രഭാതത്തിൽ നൽകുന്നത് രക്തശുദ്ധീകരണത്തിന് നല്ലതാണ്. പ്രഭാത ഭക്ഷണം ശാന്തമായി വിളമ്പികൊടുത്ത് കഴിപ്പിക്കണം.

○ നിർദ്ദേശമില്ലാത്ത സമയനിഷ്ഠ നമ്മളും, നമ്മളിലൂടെ മക്കളും സ്വയം പാലിക്കാനും പാലിപ്പിക്കുവാനും ശ്രമിക്കണം.

○ സ്കൂൾ യാത്രയ്ക്ക് തയ്യാറെടുപ്പിക്കുമ്പോൾ, നല്ല ഉപദേശങ്ങൾ ശാന്തമായി നിർദ്ദേശബുദ്ധിയില്ലാതെ സന്ദേശങ്ങളായി സീരിയസ്സാകാതെ പറഞ്ഞുകൊടുക്കണം.

○ ഇതുപോലൊരു അമ്മയേയും അച്ഛനേയും ലഭിച്ചത് ഭാഗ്യം കൊണ്ടാണെന്ന് മക്കളുടെ മനസ്സിൽ തോന്നിപ്പിക്കണം. ഇതിന്റെ സന്ദേശമാണ് മാതൃദേവോ ഭവ, പിതൃദേവോ ഭവ.

○ സ്കൂൾ യാത്ര യ്ക്കു തയ്യാറാകുമ്പോഴും സ്കൂളി ൽ നിന്നു മട

ങ്ങിവരുമ്പോഴും സ്കൂളിലെ സുഖദുഃഖങ്ങളന്വേഷിക്കണം! മക്കളുടെ നേട്ടങ്ങളെ അഭിനന്ദിക്കണം. ദുഃഖങ്ങൾ അമ്മയുമായി പങ്കുവെയ്ക്കാനവസരമുണ്ടാക്കണം. അമ്മയിൽ നിന്ന് ആശ്വാസത്തിന്റേയും സ്നേഹമസൃണമായ ദുഃഖപരിഹാരത്തിന്റേയും നന്മ നിറഞ്ഞ നിർദ്ദേശങ്ങൾ മക്കൾ പ്രതീക്ഷിക്കുന്നുണ്ടാകും.

- സ്കൂൾ വാഹനം വീട്ടുപടിക്കലെത്തുന്നതിന് 15 മിനിറ്റുമുമ്പെങ്കിലും മക്കളെ പൂർണ്ണമായും തയ്യാറാക്കിയിരിക്കണം. ആവശ്യമില്ലാത്ത തിരക്കും ബഹളവുമൊഴിവാക്കാനിതുപകരിക്കും.

- ഒരു കാരണവശാലും ദ്വേഷ്യത്തിന്റെ ശാപവാക്കുകൾ മാതാപിതാക്കളിൽ നിന്ന് മക്കൾക്ക് കേൾ ക്കേണ്ടി വരരുത്.

- യാത്രയാകുന്ന കുട്ടികളുടെ തലയിൽ കൈവെച്ചനുഗ്രഹിച്ചു വേണം ഗേറ്റു വരെ കൂടെ ചെന്ന് സ്കൂൾ വാഹനത്തിലയക്കുവാൻ. പരീക്ഷാ ദിവസങ്ങളിൽ മാതാപിതാക്കളുടെ കാൽതൊട്ടു വന്ദിക്കുന്ന സ്വഭാവം വളർത്തണം.

- കണ്ണിൽ നിന്നു മറയുന്നതുവരെ മക്കളെ കൈവീശി, മന്ദസ്മിതത്തോടെ സ്കൂളിലേക്കു യാത്രയാക്കണം. അമ്മയുടെ ആ മുഖം മക്കളുടെ മനസ്സിൽ നിറഞ്ഞു നിൽക്കണം.

- മാതാപിതാക്കൾക്ക് സ്വന്തം മക്കൾ ഭാരമാണെന്നു തോന്നുന്ന പോലെ സംസാരിക്കുകയോ പ്രവർത്തിക്കുകയോ ചെയ്താൽ കാലം കഴിയുമ്പോൾ മാതാപിതാക്കൾക്ക് പ്രായമാകുമ്പോൾ അവർ മക്കൾക്കു ഭാരമായിത്തീരുമെന്ന് ഓർമ്മ വേണം.

- നല്ലവണ്ണം പഠിക്കണം, അമ്മയുടെ പ്രാർത്ഥന എന്നും എന്റെ മക്കൾക്കുണ്ടാകും, നിങ്ങളെ (നിന്നെ) പോലെ മക്കളെക്കിട്ടിയത് അമ്മയുടെ ഭാഗ്യമാണ് എന്ന് ഇടയ്ക്കെങ്കിലും പറയാൻ സാധിക്കണം. ഈ വരികൾ എന്നുമെന്നും മക്കളുടെ മനസ്സിലുണ്ടാകുമെന്നോർക്കണം.

- ഇതുപോലൊരു അമ്മയുടേയും അച്ഛന്റേയും മകനായി/ മകളായി ജനിച്ചത് ഞങ്ങളുടെ ഭാഗ്യമാണെന്ന് മക്കൾക്ക് തോന്നലുണ്ടാകുന്നത്. മാതാപിതാക്കൾക്ക് ഒരു ജീവിതകാല വ്രതമായിരിക്കണം.

- സ്കൂൾ വിട്ടു വരുന്ന മക്കളെ സംതൃപ്തമുഖഭാവത്തോടെ സ്വീകരിക്കാൻ സാധിക്കണം. മക്കളുടെ നേട്ടങ്ങളുടെ അനുഭവങ്ങൾ നല്ല പോലെ അഭിനന്ദിക്കണം. കോട്ടങ്ങളുണ്ടെങ്കിൽ സമയം കുറെ



Scanned with CamScanner

കഴിഞ്ഞ് ആ വിഷയം സംസാരിച്ച് പരിഹാരമുപദേശിക്കണം. ദേഷ്യം വന്നാലും ശാപവാക്കുകളുപയോഗിക്കരുത്.

○ വൈകുന്നേരം സ്കൂൾ കഴിഞ്ഞു മടങ്ങിയതിനു ശേഷം വീട്ടിലെത്തിയാൽ കയ്യും കാലും മുഖവും കഴുകി വൃത്തിയാക്കുവാൻ ശീലിപ്പിക്കണം.

○ ആവേശത്തോടെ മക്കൾ പറയുവാനാഗ്രഹിക്കുന്നത് മാതാപിതാക്കൾ നിർബന്ധമായും ശ്രദ്ധയോടെ കേൾക്കണം. നന്മകളെ അഭിനന്ദിക്കണം, തെറ്റുകൾ ചെയ്തിട്ടുണ്ടെങ്കിൽ ശാന്തമായി നിർദ്ദേശം നൽകി തിരുത്തണം.

○ സ്കൂളിൽ നിന്ന് ശിക്ഷ ലഭിച്ചിട്ടുണ്ടെങ്കിൽ ഇനിയും അത്തരത്തിലുള്ള തെറ്റുകളാവർത്തിക്കരുതെന്നോർമ്മിപ്പിക്കണം.

○ വൈകുന്നേരം ഒരു മണിക്കൂറെങ്കിലും സർവതും മറന്ന് കളിക്കുവാനാവസരമുണ്ടാകണം.

○ വൈകുന്നേരത്തെ കളിക്കുശേഷം കുളി കഴിഞ്ഞ് കുറഞ്ഞത് പത്തുമിനിട്ടെങ്കിലും പ്രാർത്ഥിക്കാനുള്ള കീർത്തനം, ശ്ലോകങ്ങൾ ഇവ പറഞ്ഞു കൊടുത്തിരിക്കണം. മക്കളോടൊപ്പമിരുന്നുള്ള പ്രാർത്ഥന മാതാപിതാക്കളും ശീലിക്കണം.

○ അതതു ദിവസത്തെ സ്കൂൾ വിശേഷങ്ങൾ കേൾക്കാനും, നല്ല ഉപദേശങ്ങൾ ശാന്തമായി കഥ രൂപത്തിൽ നിർബന്ധബുദ്ധിയില്ലാതെ പറഞ്ഞു കൊടുക്കുവാനും സന്ധ്യാവേളയിൽ ഇടയ്ക്ക് അടുത്ത് വന്ന് നല്ല വാക്കുകൾ പ്രോത്സാഹനാജനകമായി പറയണം.

○ വൈകുന്നേരമോ ഉറങ്ങാൻ പോകുമ്പോഴോ പുരാണകഥകൾ വിവരിച്ചുകൊടുത്ത് അവയുടെ സന്ദേശവുമറിയിക്കണം. മക്കളെ കൈകൊണ്ടു തലോടണം. താലോലിച്ചുറക്കാൻ സാധിക്കുമെങ്കിൽ ഉത്തമം.

○ പ്രഭാതത്തിൽ, കിടക്കയിൽ നിന്നെഴുന്നേൽക്കുമ്പോഴും രാത്രിയിൽ ഉറങ്ങാൻ പോകുന്ന വേളയിലും ഒരു മിനിറ്റെങ്കിലും കിടക്കയിലിരുന്നു പ്രാർത്ഥിക്കണം.

### സനാതനധർമ്മ പഠനം –42

## മാതാപിതാക്കൾക്കുള്ള സന്ദേശം – II

○ വടക്കോട്ടു തലവെച്ച് ഉറങ്ങാൻ കിടക്കുന്നത് രക്തചംക്രമണത്തെ ബാധിക്കുന്നതുകൊണ്ടൊഴിവാക്കണം. പഠിക്കുമ്പോൾ കിഴക്കോട്ടു മുഖമാക്കി പഠി



Scanned with CamScanner

✪ പുറകോട്ടു തിരിഞ്ഞുനോക്കുക!

✪ നമ്മുടെ പൈതൃകഗ്രന്ഥങ്ങളിൽ വേദങ്ങൾ കുടുംബജീവിതത്തിന് ധന്യമായ പ്രാധാന്യം കൊടുക്കുന്നു. മാതൃദേവോഭവ, പിതൃദേവോ ഭവ, ആചാര്യദേവോ ഭവ, അതിഥിദേവോ ഭവ, രാഷ്ട്ര ദേവോ ഭവ വേദങ്ങളിലെ സന്ദേശമാണ്. അമ്മ, അച്ഛൻ, ആചാര്യൻ, അതിഥി, രാഷ്ട്രം ഈശ്വരതുല്യമായി തീരട്ടെ. മത്സ്യഗന്ധി യുടെ പുത്രനാണ് വേദത്തെ നാലായി പകുത്തത്. അമ്മയുടെ മഹത്വം.

✪ ആദികാവ്യമായ വാത്മീകി രാമായണം മൂന്നു കുടുംബങ്ങളുടെ ചരിത്രമാണ് ദശരഥ മഹാരാജാവിലെ, ബാലി സുഗ്രീവന്മാരുടെ, രാവണന്റെ. ഇവിടെയുണ്ട് കുടുംബങ്ങളിലെ മാതൃ- പിതൃ, മാതൃപിതൃ - പുത്ര ബന്ധങ്ങൾ. ഭാര്യാഭർത്തൃ ബന്ധങ്ങൾ, സഹോദരബന്ധങ്ങൾ. നന്മയുള്ളവർക്കെന്തു സംഭവിക്കുന്നു തിന്മ യുള്ളവർക്കെന്തു സംഭവിക്കുന്നു.

**പ്രത്യേകം ശ്രദ്ധിക്കുക**

**എങ്ങനെ പെരുമാറണം, സംസാരിക്കണം, എങ്ങനെ ഭക്ഷണം കഴിക്കണം ഇതെല്ലാം കുഞ്ഞിക്കുട്ടൻ തമ്പുരാൻ പറഞ്ഞുതന്നിട്ടുണ്ട്.**

പുലരും മുമ്പുണരണം ഉണർന്നാലേറ്റിരിക്കണം
ഇരുന്നാൽ കണ്ണടച്ചുള്ളിൽ പരമദൈവത്തെയോർക്കണം,
അമ്മയെകാണണം മുമ്പിലച്ഛനെ തൊഴിതീടണം
അച്ഛനമ്മമാർ കാണുന്ന ദൈവമാണെന്നുമോർക്കണം
വെളുക്കുമ്പോൾ കുളിക്കണം വെളുത്തുള്ളതുടുക്കണം
വെളുപ്പിൽ ക്ഷേത്രദൈവത്തെ എളുപ്പം തൊഴുതെത്തണം
കാര്യമായ് നിയമം വേണം കാര്യംവിട്ടുകളിക്കൊല
ധൈര്യം വേണം പഠിക്കേണ്ടും കാര്യത്തിൽ ശ്രദ്ധവെക്കണം
നേരുകേടിൽ പേടിവേണം നേരുചൊല്ലേണമെപ്പോഴും
ആരും സ്നേഹിച്ചീടുംവണ്ണം ചേരും വൃത്തിയിൽ നിൽക്കണം
കൂട്ടർകൂടിത്തകർത്തോരോ കൂട്ടു കൂടും കിടാങ്ങളിൽ
കൂട്ടുകൂടല്ല മര്യാദ കൂട്ടുകാരോടു ചേരണം
അന്തിയാവുന്ന നേരത്ത് പന്തിയിൽ ദൈവപൂജനം
സ്വന്തം മനസ്സാൽ ചെയ്യേണം സന്ധ്യാനാമം ജപിക്കണം
ദൈവഭക്തിയുറപ്പിക്കും ദേവസ്തോത്രം ചൊല്ലണം
കേവലം ദൈവമാഹാത്മ്യം ഭാവനക്കിതുസാധനം

**(കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ)**



Scanned with CamScanner

● കുടുംബാംഗങ്ങൾ തമ്മിലുള്ള സ്നേഹം, ബഹുമാനം, ആദരവ്, കടമ, കടപ്പാട്, കരുണ, ദയയും അതുപോലെ മറിച്ചും. വാശി, പക, വിദ്വേഷം, ദേഷ്യം, ഭയം, അസൂയ, അഹങ്കാരം, ഇവയുടെ പരിണിതഫലങ്ങളെല്ലാം വാത്മീകി രാമായണത്തിലെ ഓരോ സംഭവത്തിലുമുണ്ട്. അതോരോന്നും സമയം ലഭിക്കുമ്പോൾ മക്കൾക്ക് വിവരിച്ച് കൊടുക്കണം.

● അതിബൃഹത് ഗ്രന്ഥമായ മഹാഭാരതത്തിലെ പക്ഷിമൃഗാദികളുടെ കഥകളും പാണ്ഡ- കൗരവരുടെ (രണ്ടു കുടുംബങ്ങളുടെ) ചരിത്രവും വായിക്കുകയോ കേട്ടത് ചിന്തിച്ച് മക്കൾക്ക് പറഞ്ഞുകൊടുക്കുകയോ വേണം. ഓരോന്നും ഗാന്ധാരി കണ്ണുകെട്ടി നടന്നതിന്റെ പരിണിതഫലം! ചൂതുകളിക്കരുതെന്ന് കുന്തി പറയാത്തതിന്റെ ഫലം! അച്ഛൻ അന്ധനോ അന്ധനെപ്പോലെയോ ആയാലുള്ള ഫലം. ഇതിലെ ഓരോ സംഭവങ്ങളും സ്വയം പഠിച്ച് സംക്ഷിപ്തമായി മക്കൾക്ക് പറഞ്ഞുകൊടുക്കണം.

● കൗരവരിലോരോരുത്തരുടേയും ജീവിതവും, പാണ്ഡവരിലോരോരുത്തരുടേയും ജീവിതവും, അവരുടെ പ്രവർത്തിയും, പെരുമാറ്റവും കുലീനതയുമെല്ലാം മക്കൾക്ക് പറഞ്ഞുകൊടുക്കുക. വളരെ പണ്ട് ജീവിച്ചിരുന്നവരുടേയും, അടുത്തകാലം വരെ ജീവിച്ചിരുന്നവരുടേയും ഇന്നും ജീവിച്ചിരിക്കുന്നവരുടേയും നന്മയും തിന്മയും നിറഞ്ഞു സ്വഭാവപ്രത്യേകതകളും അവയുടെ പരിണിതഫലവും പറഞ്ഞു കൊടുക്കുക.

● പുരാണങ്ങളിലെല്ലാം മാതാപിതാക്കളുടേയും പുത്രന്മാരുടേയും കഥകളാണെന്ന് സൂക്ഷ്മമായി പരിശോധിച്ചാലറിയാൻ സാധിക്കും. അത്തരത്തിലുള്ള കഥകളിൽ നിന്ന് പാഠം പഠിക്കണം പഠിപ്പിക്കണം.

● 189 രൂപ മുടക്കിയുണ്ടാക്കിയ ഉപകരണമുപയോഗിച്ച് സി വി രാമന് നോബൽ സമ്മാനം കിട്ടിയത്, മുക്കുവ കുടിലിൽ നിന്ന് ഇന്ത്യൻ പ്രസിഡന്റ് പദവിയിലേക്കുയർന്ന ഡോ. എ. പി. ജെ അബ്ദുൽ കലാമിന്റെ ചരിത്രം, ചായക്കടക്കാരനിൽ നിന്ന് പ്രധാനമന്ത്രി പദവിയിലെത്തിയ ശ്രീ നരേന്ദ്രമോഡിയുടെ ജീവിതം, വൈറ്റ് ഹൗസിലെത്തിയ ആദ്യത്തെ കറുത്തവർഗ്ഗക്കാരനായ ശ്രീ ഒബാമയുടെ ചരിത്രം ............പറഞ്ഞു കൊടുക്കണം.



Scanned with CamScanner

# ശ്രീ നാരായണ പ്രസ്ഥാന പ്രവർത്തകർക്കുള്ള സന്ദേശം

## കർമ്മമണ്ഡലത്തിൽ മുന്നേറുമ്പോൾ.........!

1. നമ്മുടെ കർമ്മമണ്ഡലത്തിൽ ഗുരുവിന്റെ മാർഗനിർദേശ മനുസരിച്ച് തന്നെ ആത്മീയതയും ഭൗതീകതയും സമന്വയിക്കട്ടെ.
2. മനഃശുദ്ധിയും വാക് ശുദ്ധിയും കർമ്മശുദ്ധിയും അനു നിമിഷമുള്ള പ്രവർത്തനത്തെ ചൈതന്യവത്താക്കട്ടെ.
3. നൂതനങ്ങളായ ആശയങ്ങൾ കേട്ടും കണ്ടും ചർച്ച ചെയ്തും നമ്മുടെ ശാഖകളിൽ പ്രാവർത്തീകമാകട്ടെ.
4. ഓരോ മാസവും, വർഷവും നേട്ടങ്ങളുടെയും, പ്രവർത്തനങ്ങളുടെയും പരമ്പര തന്നെ പ്രസിദ്ധീകരിച്ചു വിതരണം ചെയ്യുവാനാകട്ടെ.
5. മറ്റു സംഘടനകളും പ്രസ്ഥാനങ്ങളും നടപ്പിലാക്കുന്ന പുതിയ പുതിയ ആശയങ്ങൾ നമ്മുടെ ശാഖയിലും നടപ്പാക്കാനിടവരട്ടെ.
6. പുതിയ വിദ്യാലയങ്ങൾ, ക്ഷേത്രങ്ങൾ, ക്ഷേത്രനവീകരണം, ആശ്രമങ്ങൾ ഇവയും നിരന്തരം വരട്ടെ.
7. എസ്.എൻ.ഡി.പി നേതൃത്വത്തിൽ ഒരു ഡീംഡ് യൂണിവേഴ്സിറ്റി ഉദയം ചെയ്യുകതന്നെ വേണം. അതിൽ പൈതൃകവും ആധുനീകവുമായത് സമന്വയിക്കണം.
8. ഹൈന്ദവ ജനതയുടെ രാഷ്ട്രീയമായതും, സാമ്പത്തീകമായതും. സാമൂഹികമായതും, ആതമീയവുമായ പ്രശ്നങ്ങൾ പരിഹരിക്കാനായി ജില്ലാതല കേന്ദ്രങ്ങൾ വരട്ടെ.
9. നമ്മുടെ താത്വീകവും പ്രായോഗികവുമായ സന്ദേശങ്ങൾ പ്രചരിപ്പിക്കാനുള്ള ഒരുജ്ജ്വലമായ ടിവി (വിവിധ ഭാഷാ ചാനൽ) ഉണ്ടാകട്ടെ.
10. നമ്മുടെ സ്കൂളുകൾക്ക് എൽ കെ ജി മുതൽ 12-ാം ക്ലാസുവരെ പഠിപ്പിക്കാനുള്ള ഓരോ പൈതൃക പുസ്തകം ഗുരുസന്ദേശങ്ങളും ചേർത്ത് പഠിപ്പിക്കാനായി തയ്യാറാക്കണം.
11. ജാതിയുടെ പേരിൽ താഴ്ത്തപ്പെട്ടവന് നിഷേധിച്ച വേദ പഠനം, ശ്രവണം, പ്രചരണം, എന്നിവയെല്ലാം കർമ്മ പരിപാടിയുടെ ഭാഗമാക്കണം.
12. സമുദായംഗങ്ങൾ തമ്മിലുള്ള കുടുംബ/സമുദായിക സാമൂഹികമായ കോടതി വ്യവഹാരങ്ങൾ ഒത്തുതീർപ്പാക്കുന്നതിന് ശാഖാടിസ്ഥാനത്തിലോ ജില്ലാ അടിസ്ഥാനത്തിലോ സംവിധാനം വരണം.



Scanned with CamScanner

13. ഹിന്ദു ജനതയിലെ അധകൃതർക്കവകാശപ്പെട്ടത് മതപരിവർത്തനം ചെയ്തവർ തട്ടികൊണ്ടുപോകുന്നത് ഒഴിവാ ക്കാനുള്ള കർമ്മ പദ്ധതി ആരംഭിക്കണം.

14. സമുദായാംഗങ്ങൾക്കിടയിലുള്ള അന്ധവിശ്വാസങ്ങളും ദുരാചാരങ്ങളും ഇല്ലാതാക്കാനുള്ള പഠന-പ്രചരണ - പ്രസിദ്ധീകരണ പദ്ധതികൾക്ക് തുടക്കം കുറിക്കണം.

15. സർവ്വോപരി സമുദായത്തിൽ നിന്ന് മതപരിവർത്തനം ചെയ്തവരെ തിരിച്ചുകൊണ്ടു വരുന്നത് ഒരു യജ്ഞമായി തന്നെ ആരംഭിക്കണം.

16. തെക്ക്- മദ്ധ്യ- വടക്കൻ കേരളത്തിൽ മൂന്ന് കേന്ദ്രങ്ങൾ ശാന്തി, തന്ത്രം, മന്ത്രം, പുരാണം, ഇതിഹാസം, വേദം എന്നിവ പഠിപ്പിക്കാനായി ആരംഭിക്കണം.

17. സമുദായംഗങ്ങൾക്ക് സർക്കാരിൽ നിന്ന് ലഭിക്കേണ്ട അവകാശങ്ങൾ/ അനുവാദങ്ങൾ/അംഗീകാരങ്ങൾ എന്നിവ കൃത്യമായി അവതരിപ്പിച്ച് സെക്രട്ടറിയേറ്റിലും, മന്ത്രിതലത്തിലും കാര്യങ്ങൾ നീക്കാനുള്ള ഹിന്ദു/എസ് എൻ ഡി പി സെക്രട്ടറിയേറ്റ് ഉണ്ടാകണം. അത് എല്ലാ ഹിന്ദുവിഭാഗത്തിനും പ്രയോജനപ്പെടുമാറ് കർമ്മോന്മു ഖമാക്കണം. നാം ഒരു രാഷ്ട്രീയ ശക്തിയാണെന്ന് മറ്റുള്ളവർക്ക് ബോധ്യപ്പെടണം.

18. അനാഥരും, വൃദ്ധരും, രോഗികളും, അശരണരും ശരണത്തിനായി വരുന്ന കേന്ദ്രങ്ങൾ നമുക്കുണ്ടാകണം.

19. പ്രതിഭാശാലികളെ ലോകത്തിനു സമർപ്പിക്കുന്ന ദൗത്യം എസ് എൻ ഡി പി യുടെ കേന്ദ്ര നേതൃത്വമേറ്റെടുക്കണം. എല്ലാ മണ്ഡലങ്ങളിലും ശാഖകൾ മുന്നേറണം. തളരുന്ന വരെ വളരുന്നവർ സഹായിക്കണം.

20. ലോകത്തിനു മുഴുവൻ മാതൃകയായി സമുദായത്തോട് ആഭിമുഖ്യമുള്ളവരുടെ രാജ്യാടിസ്ഥാനത്തിലുള്ള ഡയറക്ടറി സമുദായത്തിന്റെ എല്ലാ വികസന പ്രവർത്ത നങ്ങൾക്കും പ്രയോജനപ്പെടുന്ന വിധത്തിൽ തയ്യാറാക്കണം.

## ശ്രീ നാരായണ ഗുരുദേവ കൃതികളും ദൈവദശകവും

1. മാതൃകാസ്ഥാനം 2. ആത്മോപദേശ ശതകം 3. ദർശനമാല
4. അധ്യാരോപദർശനം – അപവാദദർശനം, അസത്യദർശനം, മായാദർശനം, ഭാനദർശനം കർമ്മദർശനം, ജ്ഞാനദർശനം, ഭക്തിദർശനം, യോഗദർശനം, നിർവ്വാണദർശനം, അദ്വൈതദീപിക
5. അറിവ് 6. സ്വാനുഭവഗീതി- അനുഭൂതിദശകം, പ്രപഞ്ചശുദ്ധിദശകം, പരമശിവ ചിന്താദശകം 7.ബ്രഹ്മവിദ്യാപഞ്ചകം 8. മുനിചര്യാപഞ്ചകം 9. നിർവൃതിപഞ്ചകം
10. വിനായകാഷ്ടകം 11. ശ്രീവാസുദേവാഷ്ടകം 12. വിഷ്ണ്വഷ്ടകം 13. ഗുഹാഷ്ടകം
14. ബാഹുലേയാഷ്ടകം 15. ഭദ്രകാള്യഷ്ടകം 16.ചിദംബരാഷ്ടകം 17. ഷൺമുഖസ്തോത്രം
18. ഷൺമുഖദശകം 19. സുബ്രഹ്മണ്യകീർത്തനം 20. നവമഞ്ജരി 21.ഷാൺമാതുരസ്തവം



Scanned with CamScanner

22. ദേവീസ്തവം 23. മണ്ണന്തലദേവീസ്തവം 24. കാളീനാടകം 25. ജനനീനവരത്ന മഞ്ജരി 26. ശിവപ്രസാദ പഞ്ചകം 27. സദാശിവദർശനം 28. ശിവശതകം 29. അർദ്ധ നാരീശ്വരസ്തവം 30. കോലതീരേശസ്തവം 31. ശിവസ്തവം 32. മനനാതീതം 33. ചിജ്ജഡ ചിന്തനം 34. കുണ്ഡലിനിപ്പാട്ട് 35. പിണ്ഡനന്ദി 36. ഇന്ദ്രിയവൈരാഗ്യം 37. ദൈവദശകം 38. ജീവകാരുണ്യപഞ്ചകം 39. അനുകമ്പാദശകം 40. ദത്താപഹാരം 41. സദാചാരം 42. ജാതിനിർണ്ണയം 43. ജാതിലക്ഷണം 44. ആശ്രമം 45. ധർമ്മം 46. ശ്ലോകത്രയീ 47. ഭാര്യാധർമ്മം 48. ഹോമമന്ത്രം 49. വേദാന്തസൂത്രം 50. തിരുക്കുറൾഭാഷ 51. ശ്രീകൃഷ്ണദർശനം 52. വാൻചിറപ്പ്(വർഷവർണ്ണനം) ആദ്യകാല കവിത, വിദ്യാനന്ദസ്വാമിക്കാശംസ അഭേദം, ഒരു സമസ്യ, മൂലൂരിന് ആശംസ, സാഹോദര്യം ധർമ്മം പത്രത്തിനാശംസ 53 നീതാർപെരുമെയ്, 54 ഈശാവാസ്യോപനിഷദ്ഭാഷ, 55. ഒരു തമിഴ് ശ്ലോകം, 56. ഒഴിവിലൊടുക്കം, 57. തേവാരപ്പതികങ്ങൾ - നയിനാർപതികം പതികം രണ്ട്, പതികം മൂന്ന്, പതികം നാല്, പതികം അഞ്ച്

**ഗദ്യകൃതികൾ**

58. ചിജ്ജഡചിന്തകം 59. ദൈവചിന്തനം 1 60. ദൈവചിന്തനം 2 61. ഗദ്യപ്രാർത്ഥന 62. ആത്മവിലാസം (ഡോ. ടി. ഭാസ്കരൻ ക്രോഡീകരിച്ച ക്രമത്തിലാണ് നൽകിയിരിക്കുന്നത്)

## ദൈവദശകം

1 ദൈവമേ ! കാത്തുകൊൾകങ്ങു
കൈവിടാതിങ്ങു ഞങ്ങളെ ;
നാവികൻ നീ ഭവാബ്ധിക്കൊ-
രാവിവൻ തോണി നിൻപദം

2 ഒന്നൊന്നായെണ്ണിയെണ്ണിത്തൊ-
ട്ടെണ്ണും പൊരുളൊടുങ്ങിയാൽ
നിന്നിടും ദൃക്കുപോലുള്ളം
നിന്നിലസ്പന്ദമാകണം

3 അന്നവസ്ത്രാദി മുട്ടാതെ
തന്നു രക്ഷിച്ചു ഞങ്ങളെ
ധന്യരാക്കുന്ന നീയൊന്നു-
തന്നെ ഞങ്ങൾക്കു തമ്പുരാൻ

4 ആഴിയും തിരയും കാറ്റു-
മാഴവും പോലെ ഞങ്ങളും
മായയും നിൻ മഹിമയും
നീയുമെന്നുള്ളിലാകണം

5 നീയല്ലോ സൃഷ്ടിയും സ്രഷ്ടാ-
വായതും സൃഷ്ടിജാലവും
നീയല്ലോ ദൈവമേ, സൃഷ്ടി-
ക്കുള്ള സാമഗ്രിയായതും

6 നീയല്ലോ മായയും മായാ-
വിയും മായാവിനോദനും
നീയല്ലോ മായയേ നീക്കി
സ്സായുജ്യം നൽകുമാര്യനും

7 നീ സത്യം ജ്ഞാനമാനന്ദം
നീ തന്നെ വർത്തമാനവും
ഭൂതവും ഭാവിയും വേറ-
ല്ലോതും മൊഴിയുമോർക്കിൽ നീ

8 അകവും പുറവും തിങ്ങും-
മഹിമാവാർന്ന നിൻപദം
പുകഴ്ത്തുന്നൂ ഞങ്ങളങ്ങു
ഭഗവാനേ, ജയിക്കുക

9 ജയിക്കുക മഹാദേവ,
ദീനാവനപരായണ
ജയിക്കുക ചിദാനന്ദ,
ദയാസിന്ധോ, ജയിക്കുക

10 ആഴമേറും നിൻ മഹസ്സാ-
മാഴിയിൽ ഞങ്ങളാകവേ
ആഴണം വാഴണം നിത്യം
വാഴണം വാഴണം സുഖം



Scanned with CamScanner

## സനാതനധർമ്മ പഠനം – 44

# MESSAGES OF SWAMI VIVEKANANDA - 1

# വിവേകാനന്ദ സന്ദേശം നിത്യജീവിതത്തിൽ – 1

1. Power of concentration is the only key to the treasure-house of knowledge (ശ്രദ്ധയോടെയുള്ള ധ്യാനമാർഗമാണ് പരമമായ ജ്ഞാനത്തിലേക്കുള്ള താക്കോൽ)

2. There is no great sin than cowardice; cowards are never saved – that is sure (ഭീരുത്വത്തെക്കാൾ വലിയ പാപമില്ല. ഭീരുവിന് ജീവിതത്തിൽ ഒരിക്കലും രക്ഷപ്പെടാനാകില്ല.)

3. It is culture that withstands shocks, not a simple mass of knowledge. (അറിവിന്റെ കൂമ്പാരമല്ല അവന്റെ സംസ്കാരമാണ് മനുഷ്യനെ സങ്കീർണമായ തിന്മയിൽ നിന്ന് സംരക്ഷിക്കുന്നത്.)

4. Education is the manifestation of the perfection already in man. (മനുഷ്യനിലുള്ള പൂർണ്ണതയുടെ പ്രദർ ശനമാണ് വിദ്യാഭ്യാസത്തിലൂടെ നേടിയെടുക്കേണ്ടത്.)

5. Real education is that which enables one to stand on one's own legs.(സ്വന്തം കാലിൽ നിൽക്കാൻ മനുഷ്യനെ പ്രാപ്തമാക്കുന്നതായിരിക്കണം യഥാർത്ഥ വിദ്യാഭ്യാസത്തിന്റെ നേട്ടം.)

6. The only way of getting our divine nature manifested is by helping others to do the same (നമ്മളിലന്തർലീനമായിരിക്കുന്ന ആത്മീയചൈതന്യം സാക്ഷാത്കരിക്കേണ്ടത് മറ്റുള്ളവരെ അതിനുസഹായിക്കുകകൂടി ചെയ്താണ്.)

7. We need to have three things; the heart to feel, the brain to conceive, the hand to work ( സഹതപിക്കാനുള്ള ഹൃദയവും, ഉൾക്കൊള്ളാനുള്ള മസ്തിഷ്കവും കഠിനാധ്വാനത്തിനുതകുന്ന കൈകളുമാണ് നമുക്കുണ്ടാകേണ്ടത്.

8. We must have life building, man making,character making assimilation of ideas (ജീവിതം കെട്ടിപ്പടുക്കുന്നതിനുതകുന്നതും, മനുഷ്യസൃഷ്ടിക്കുതകുന്നതും ധന്യശീലം വികസിപ്പിക്കുന്നതിനുതകുന്നതുമായ ആശയ സ്വീകരണമാണ് ലക്ഷ്യമിടേണ്ടത്.

9. So long as you have faith and honesty and devotion, everything will prosper (സത്യസന്ധതയും, ത്യാഗപൂർണമായ ഭക്തിയും, ആത്മവിശ്വാസവുമുണ്ടെങ്കിൽ എല്ലാം വിജയിക്കും.)

10. Great results are attained only by great patience, great courage and great attempts (ഉജ്ജ്വലമായ ക്ഷമാശീലം, ധീരത, കർമ്മ നിരതത്വം ഇതിലൂടെ മാത്രമേ വലിയ നേട്ടങ്ങളുണ്ടാക്കാനാകൂ.)

11. Faith is not belief; it is the grasp on the ultimate and illumination (അടിയുറച്ച വിശ്വാസമെന്നത് ഒരു തോന്നലല്ല. പരമമായ ചൈതന്യത്തെ എത്തിപ്പിടിക്കലാണത്, പ്രകാശമാണത്.)

12. He who has no faith in himself can never have faith in God (അവനവനിൽ വിശ്വാസമില്ലാത്ത ഒരുവന് ഈശ്വരനിൽ വിശ്വാസമുണ്ടാകാനിടയില്ല.)

13. Never forget that a man is made great and perfect as much by his faults as by his virtues (നന്മനിറഞ്ഞ ഗുണഫലങ്ങൾ ഒരു മനുഷ്യനെ എത്രത്തോളം മഹാനും പൂർണ്ണനുമാക്കുന്നുവോ അത്രതന്നെ തിക്താനുഭവങ്ങളും അയാളെ ഈ നേട്ടങ്ങൾക്കായി സഹായിച്ചിട്ടുണ്ടാകും.

14. Fear is a sign of weakness (ക്ഷീണിച്ചതും തളർന്നതുമായ മനസ്സിന്റെ ലക്ഷണമാണ് 'ഭയം' ഉദയം ചെയ്യുന്നത്.

15. The only religion that ought to be taught is the religion of fearlessness (ജനതയെ പഠിപ്പിക്കേണ്ടതായ ഒരേയൊരു മതമത്രെ നിർഭയത്വം.)

16. God is a circle whose circumference is nowhere and whose centre is everywhere. (ഈശ്വരനെന്നത് വലിയൊരു വൃത്തമാണ്. അതിന്റെ കേന്ദ്രം എല്ലായിടത്തുമുണ്ട്. ചുറ്റളവാകട്ടെ ഒരിടത്തുമില്ല.)

17. He who is the servant of all is their true master (എല്ലാവരുടേയും ദാസനാകാനുള്ള മനസ്സുള്ളവനു മാത്രമേ അവരുടെ യഥാർത്ഥ യജമാനനാകാനാകൂ.)

18. Unless you realize the truth, there is no freedom. (പരമമായ സത്യത്തെ നിങ്ങൾ സാക്ഷാത്കരിക്കാത്തിടത്തോളം കാലം നിങ്ങൾ സ്വതന്ത്രനല്ല.)

19. What the world wants is the character. (ധാർമ്മീകബോധമുള്ള ശീലമാണ് ലോകത്തിനിന്നാവശ്യം.)

20. It is the hero alone, not the coward, who has liberation within his easy reach. (ഒരു ശ്രേഷ്ഠനുമാത്രമേ സ്വാതന്ത്ര്യം എളുപ്പത്തിലെത്തിപ്പിടിക്കാനാകൂ, ഒരു ഭീരുവിനതാകില്ല.)

21. It is a great thing to take up a grand ideal in life and then give up one's whole life to it. (ജീവിതത്തിൽ പരമമായ ഒരു ലക്ഷ്യം മുന്നിൽ വെയ്ക്കുക എന്നത് മഹത്തായ ഒരു കാര്യമാണ്. എന്നിട്ട് അതിനുവേണ്ടി ജീവിതകാലം മുഴുവനും പ്രവർത്തിക്കുകയും വേണം.)

22. The real evil is idleness, which is the principal cause of our poverty (മനുഷ്യനിലെ യഥാർത്ഥ തിന്മയെന്നത് ആലസ്യമാണ്. ആലസ്യമാണ് ഭാരതത്തിന്റെ ദാരിദ്ര്യത്തിന് മൂലകാരണം.)

23. The gift of India is the gift of religion and philosophy and wisdom and spirituality (ധർമ്മബോധമുള്ള മതവും തത്വശാസ്ത്രങ്ങളുമാണ് ഭാരതം ലോകത്തിനു നൽകിയ സംഭാവന. അതോടൊപ്പം ബുദ്ധിവൈഭവവും ആത്മീയതയും ചേരുന്നു.)



Scanned with CamScanner

24. Renunciation and spirituality are the two great ideas of India (സന്യാസവും ആത്മീയതയും മഹത്തായ രണ്ട് ഭാരതീയ ആദർശങ്ങളുമാണ്.)

25. This world is just a gymnasium in which we play; our life is an eternal holiday (നാം കളിക്കുന്ന ഒരു വ്യായാമകേന്ദ്രമാണ് ഈ ലോകം! നമ്മുടെ ജീവിതമാകട്ടെ ഒരാന്തരീക ഒഴിവുകാലവും)

26. The object of life is to learn the laws of spiritual progress (ആത്മീയ വളർച്ചയുടെ നിയമങ്ങൾ പഠിക്കലാണ് ഈ ജീവിതം ലക്ഷ്യമാക്കേണ്ടത്.)

27. The only medium through which spiritual force can be transmitted is love (ആത്മാനുഭൂതി മറ്റൊരുവനിലേക്കും മറ്റൊന്നിലേക്കും പകരേണ്ടതായ ഒരേ ഒരു മാധ്യമമെന്നത് സ്നേഹ മാർഗമാണ്.)

28. Love opens the most impossible gates; love is the gate to all the secretes of universe (ഒരിക്കലും തുറക്കാത്ത വാതിലുകൾ സ്നേഹത്തിലൂടെ തുറക്കപ്പെടും. ജീവിതവിജയത്തിന്റെ രഹസ്യത്തിന്റെ  പടിവാതിലാണ് സ്നേഹമെന്നത്.)

29. There is no limit to man's power. That is the power of words and power of mind (മനുഷ്യശക്തിക്ക് പിരിമിതിയേയില്ല. അത് പ്രദർശനവിധേയമാകുന്നത് വാക്കുകളിലൂടെയും മനഃശക്തിയിലൂടെയുമാണ്.)

30. Material science can only give worldly prosperity27. The only medium through which spiritual force can be transmitted is love whilst spiritual science is for  both (ഭൗതീകശാസ്ത്രം ഈ ലോകസുഖങ്ങളെ പ്രധാനം ചെയ്യുന്നു.എന്നാൽ ആത്മീയശാസ്ത്രം മാനസീകവും ഭൗതീകവുമായസുഖങ്ങളെ ലക്ഷ്യമിടുന്നു.)

31. Everything that strengthen the will by revealing the real nature is moral (മനുഷ്യമനസ്സിനെ ശക്തമാക്കുന്നതെന്തും പ്രകടമാകുന്നത് ധാർമ്മീകപ്രവൃത്തിയിലൂടെയാണ്.)

32. Morality is the path towards freedom and immorality leads to bondage (ധാർമ്മീകത, സ്വാതന്ത്ര്യത്തിലേക്കുള്ള മാർഗം തുറക്കുന്നു. അധാർമ്മീകതയാകട്ടെ ബന്ധനത്തിനു കാരണമായിത്തീരുന്നു.

33. A nation is advanced in proportion as education and intelligence spread among the masses (സാധാരണജനങ്ങളിൽ വിദ്യാഭ്യാസവും ചിന്താശക്തിയും വളരുമ്പോഴാണ് ഒരു രാഷ്ട്രം പുരോഗമിക്കുന്നത്.)

34. Patience, purity and perseverance will prevail (ക്ഷമാശീലവും, കഠിനാധ്വാനവും, സഹനശക്തിയും വിജയത്തിലെത്തിക്കാം.)

35. Our philosophy does not depend upon any personality for its truth (ഭാരതീയ തത്വദർശനങ്ങളുടെ സത്യദർശനത്തിനായി, ഒരു വ്യക്തിയേയും ഭാരതം ആശ്രയിക്കാറില്ല.)

36. There is no power on earth which can be kept long confined within a narrow limit. (പരിമിതികൾക്കുള്ളിൽ തളച്ചിടാവുന്ന ഒരു ശക്തിയും ഈ ലോകത്തിലില്ലതന്നെ.)



Scanned with CamScanner

37. 'God' should be a fact in the consciousness of every person. (ദൈവം എന്നത് മനുഷ്യന്റെ ബോധതലത്തിലെ ഒരു സത്യമാണ്.)

38. Expansion is life, and contraction is death (വികാസമാണ് ജീവന്റെ ലക്ഷണം, സങ്കോചിക്കൽ മരണത്തിന്റെയും.)

39. It is better, far better, to die on the field of duty, preaching the truth, than to die like a worldly worm (ഒരു പുഴുവിനെപ്പോലെ മരിക്കുന്നതിനേക്കാൾ ശ്രേഷ്ഠം കർമ്മനിരതനായി കർമ്മമണ്ഡലത്തിലിരുന്നുതന്നെ മരിക്കുന്നതാണ്.

40. True happiness consists of killing selfishness (സ്വാർത്ഥതയെ നശിപ്പിക്കലാണ് യഥാർത്ഥ സന്തോഷത്തിന്നാധാരം.)

41. It is better to wear out than rust out (തുരുമ്പിച്ച് നശിക്കുന്നതിനേക്കാൾ തേഞ്ഞില്ലാതാകുന്നതാണുത്തമം.)

42. Religion is to be realised, not only heard; it is not in learning some doctrine like a parrot (തത്ത പറയുന്നതു പോലെ കുറേ തത്വശാസ്ത്രങ്ങൾ മനപാഠം പറയലല്ല മതമെന്നത്, അത് വെറുതെ കേൾക്കാനുള്ളതുമല്ല. അതു സ്വാംശീകരിക്കാനുള്ളതാണ്.)

43. If you are strong, sincere and unselfish, the power of god will always be with you (നിങ്ങൾ നിസ്വാർത്ഥനും ആത്മാർത്ഥതയുള്ളവനുംശക്ത നുമാണെങ്കിൽ ദൈവത്തിന്റെ തന്നെ ശക്തി നിങ്ങളോടൊപ്പം എപ്പോഴുമുണ്ട്.)

44. It is an insult to a starving people to offer them religion; (വിശക്കുന്നവന് മതപ്രബോധനം നടത്തുന്നത് അവനെ അവഹേളിക്കലാണ്.)

45. It is an insult to a starving man to teach him metaphysics (വിശക്കുന്നവനോട് വേദാന്തമോതുന്നതും അവനെ അവഹേളിക്കലാണ്.)

46. The first sign that you are becoming religious is that you are becoming cheerful (നിങ്ങൾ സന്തോഷവാനായിത്തീരുന്നു എന്നതാണ് മതബോധമുണ്ടാകാൻ തുടങ്ങുന്നതിന്റെ ലക്ഷണം തന്നെ.)

47. The end of all religions is the realization of God in the soul (ആത്മാവിൽ തന്നെ പരമാത്മാവിനെ ദർശിക്കാനാകുന്ന അവസ്ഥയാണ് ആത്മീയ പഠനത്തിന്റെ അവസാനപാഠം.)

48. Religion is realisation; not talk, nor doctrine, nor theories, however beautiful they may be (മതമെന്നത് പ്രഭാഷണമല്ല. തത്വങ്ങളുമല്ല, സിദ്ധാന്തങ്ങളുമല്ല, ഇതെല്ലാം സുന്ദരമാണെങ്കിൽപ്പോലും മതമെന്നത് അനുഭൂതിയിയാണ്)

49. Religion is a question of being and becoming, not of believing. (മതമെന്നത് നമ്മളെന്തായിത്തീരണമോ, എന്തായിത്തീരുന്നുവോ അതാണ്. വെറുമൊരു വിശ്വാസമല്ല മതമെന്നത്.)



Scanned with CamScanner

50.Renunciation is the very basis upon which ethics stands (മൂല്യങ്ങളുടെ അടിസ്ഥാനമെന്നത് വിരക്തിയാണ്.)

51.Renunciation is the evolution of nature and the manifestation of the god within (അന്തരാത്മാവിലെ ഈശ്വരാംശത്തെയും പ്രകൃതിയുടെ പരിണാമ പ്രതിഭാസങ്ങളെയും അറിയുവാൻ വിരക്തിയോടെയുള്ള സന്യാസത്തിലൂടെ സാധിക്കുന്നു.)

52.To live in the world and not to be of it is the true test of renunciation (വിരക്തിയോടെ ഈ ലോകത്തിൽ ജീവിക്കുകയും, എല്ലാത്തിലൂടെയും അനുഭവിച്ച് കടന്നുപോകുമ്പോഴുമാണ് സന്യാസത്തിന്റെ മഹത്വമറിയുന്നത്.)

53.Everything is fraught with fear; renunciation alone is fearless (എല്ലാ പ്രവൃത്തികളും ഭയത്തോടെയാണ് നാം ചെയ്യാറുള്ളത്. എന്നാൽ, എല്ലാം ത്യജിച്ച് സന്യാസിയെപ്പോലെ ജീവിക്കുന്നവൻ നിർഭയനാകുന്നു.)

54.No great work has been done in the world without sacrifice. (ത്യാഗമില്ലാതെ ഒരു മഹത്തായ കർമ്മവും നേട്ടവും സാധ്യമല്ല.)

55.We are responsible for what we are; and whatever we wish ourselves to be, we have the power to make ourselves (നമ്മുടെ അവസ്ഥയ്ക്കു കാരണം നമ്മൾ തന്നെയാണ്. നമുക്കെന്തായിത്തീരണമോ അതായിത്തീരാനുള്ള ശക്തി നമ്മളിൽ തന്നെയുണ്ട്.)

56.Each soul is potentially divine (ഓരോ ജീവാത്മാവും ഈശ്വരീയാംശത്തിന്റെ നിറകുടമാണ്.)

## സനാതനധർമ്മ പഠനം –45

# MESSAGES OF SWAMI VIVEKANANDA - 2

# വിവേകാനന്ദ സന്ദേശം നിത്യജീവിതത്തിൽ – 2

57.With the sense of possession comes selfishness, and selfishness brings on misery (സ്വന്തമായിട്ടുള്ളതിനോട് സ്വാർത്ഥത തോന്നുന്നു. സ്വാർ ത്ഥത ദുഃഖത്തിലേക്കും പ്രശ്നങ്ങളിലേക്കും നയിക്കുന്നു.)

58.Complete self surrender is the only way to spiritual illumination (ആത്മസമർപ്പണമാണ് ആത്മീയാനുഭൂതിക്കു കാരണമായി ഭവിക്കുന്നത്.)

59.Strength, it is that what we want in this life. Sin and sorrow arise from our weakness (ശക്തി, അതാണ് ജീവിതത്തിലത്യാവശ്യമായിട്ടുള്ളത് പാപവും ദുഃഖവും തളരുന്ന വ്യക്തിയിലുദയം ചെയ്യുന്നതാണ്.)

60.The degree of unselfishness marks the degree of success every where (നിസ്വാർത്ഥതയുടെ അളവു കൂടുന്നതിനനുസരിച്ച് എല്ലായിടത്തും വിജയത്തിന്റെ ആഴവും വർദ്ധിക്കും.)



Scanned with CamScanner

61. Superstition is a great enemy of man, but bigotry is worse (അന്ധവിശ്വാസങ്ങൾ മനുഷ്യരുടെ ഏറ്റവും വലിയ ശത്രുക്കളാണ്, മതഭ്രാന്ത് അതിനേക്കാൾ നികൃഷ്ടമായ ശത്രുവാണ്.)

62. Devotion to the mother is the root of all welfare (മാതൃഭക്തിയാണ് എല്ലാ നന്മയുടെ മൂലം.)

63. The first test of true teaching must be, that the teaching should not contradict reason (യുക്തിസഹജമായ പഠനം മാത്രമാണ് യഥാർത്ഥ പഠനത്തിന്റെ അളവുകോൽ.)

64. We are what our thoughts have made us, so take care of what you think (നമ്മൾ നമ്മുടെ ചിന്തകളുടെ ഉൽപന്നമാണ്. ചിന്തകളാണ് നമ്മെ നമ്മളാക്കുന്നത്. അതിനാൽ ചിന്തകളെ നിയന്ത്രിക്കുക.)

65. Everything can be sacrificed for truth, but truth cannot be sacrificed for anything (സത്യത്തിനു വേണ്ടി എന്തും ത്യജിക്കാം, പക്ഷേ സത്യം ഒന്നിനു വേണ്ടിയും ത്യജിക്കരുത്.)

66. Truth comes to those alone who worship at her shrine for her sake only, without fear and without shop keeping (ദേവിയുടെ പാദങ്ങളിൽ ശരണം പ്രാപിക്കുന്നവർക്കു മാത്രമേ നിർഭയമായി സത്യത്തിനുവേണ്ടി ത്യാഗം ചെയ്യാനാകൂ.)

67. Truth never comes where lust and fame and of gain reside (അത്യുഗ്രവും പ്രശംസയോടുള്ള ആസക്തിയുമെവിടെയുണ്ടോ അവിടെ സത്യം വരുകയില്ല.)

68. Up, India, and conquer the world with your spirituality! (എഴുന്നേൽക്കൂ ഭാരതമേ! നിന്റെ ആത്മീയ ചൈതന്യത്താൽ ലോകത്തെ കീഴടക്കൂ.)

69. Service to humanity is the highest form of worship (മാനവസേവ തന്നെയാണ് ഏറ്റവും ഉജ്ജ്വലമായ ഉപാസനാമാർഗം.)

70. He is an atheist (അവനവനിൽ വിശ്വാസമില്ലാത്തവനാണ് ലോകത്തിലെ ഏറ്റവും വലിയ നിരീശ്വരവാദി.)

71. What nation wants is pluck and scientific genius. We want Great Spirit, tremendous energy and boundless enthusiasm (ശാസ്ത്രാവബോധമാണ് ഭാരതത്തിനാവശ്യമായത്. ഉജ്ജ്വലമായ ചൈതന്യം, ഉയർന്നു ണരുന്ന ഊർജ്ജം, അപരിമിതമായ ഇച്ഛാശക്തി ഇതാണിന്ത്യക്കിന്നാവശ്യം.)

72. India will be raised not with the power of the flesh, but the power of the spirit (ഭാരതം മാംസപേശികളുടെ ശക്തിയാലല്ല, മറിച്ച് ആത്മാഭിമാന ചൈതന്യത്താലായിരിക്കും ലോകത്തെ കീഴടക്കുക.)



Scanned with CamScanner

73. Religion is the idea which is raising the brute unto man and man unto god (പ്രാകൃതനായ മനുഷ്യനെ സംസ്കാരസമ്പന്നനാക്കുന്നതാണ് മതം (ധർമ്മം) അവനെ ഈശ്വരനു തുല്യം ഉയർത്തുന്നതും മതമാണ്.)

74. Anything that makes you weak physically, intellectually and spiritually, reject as poison (നിങ്ങളെ മാനസികമായും, ശാരീരികമായും, ബുദ്ധിപരമായും തളർത്തുന്നതെന്തോ അതാണ് വിഷം, അതിനെ തിരസ്കരിക്കുക.)

75. Arise, awake, stop not till the goal is reached (ബലവാന്മാരായി എഴുന്നേറ്റുനിൽക്കൂ, നമ്മളീ ഭൂമിയിൽ സ്ഥിരമായി വസിക്കാൻ വന്നവരെല്ലെന്നറിയൂ, ലക്ഷ്യബോധത്തോടെ അനുനിമിഷം പ്രവർത്തിക്കൂ.)

76. Character has to be established through a thousand stumbles (അനവധി വീഴ്ചകളിലൂടെയും പരാജയങ്ങളിലൂടെയുമാണ് ധന്യമായ സ്വഭാവ വൈശിഷ്ട്യം വളർത്തിയെടുക്കേണ്ടത്.)

77.All knowledge depends upon calmness of mind. The concentrated mind is a lamp that shows us every corner of the soul (ശാന്തമായ മനസ്സിലേക്കു മാത്രമേ അറിവിന്റെ നീരൊഴുക്കുണ്ടാകൂ. ഏകാഗ്രമായ മനസ്സ് ഒരു പ്രകാശജ്വാലപോലെ ആത്മാവിനെ പൂർണമായും കാണിച്ചുതരുന്നു.)

78. It is struggle against nature and not confinity to nature that makes man what he is. (പ്രകൃതിയുമായിട്ടിഴുകിചേർന്നല്ല പ്രകൃതിയോട് മല്ലടിച്ചിട്ടാണ് മനുഷ്യനിന്നത്തെ അവസ്ഥയിലെത്തിയത്.)

79. The history of civilisation is the progressive reading of spirit into matter (മാനവസംസ്കാരത്തിന്റെ ചരിത്രമെന്നത് പുരോഗതിയുടെ പാഠങ്ങൾ ആത്മാവിലും ദ്രവ്യത്തിലും ഉൾക്കൊണ്ടതറിഞ്ഞതിലൂടെയാണ്.)

80. Go from village to village, do good to humanity and to the world at large (ഗ്രാമങ്ങൾ തോറും പോകൂ! മാനവരാശിക്കും ലോകത്തിനും നന്മചെയ്യൂ.)

81. The remedy for weakness is not brooding over weakness, but thinking of strength (തളർച്ചയേയും തകർച്ചയേയും കുറിച്ചയവിറക്കലല്ല, ശക്തിയെക്കുറിച്ചറിഞ്ഞു ചിന്തിക്കലാണ് ശക്തരാകാനുള്ള മാർഗം.

82. Do not look back upon what has been done, Go ahead ! (ചെയ്തുതീർന്നതിനെക്കുറിച്ച് മാത്രം ചിന്തിച്ചിരിക്കാതെ മുന്നിലുള്ളതിനെക്കുറിച്ചു കൂടി ചിന്തിച്ചു മുന്നേറൂ.)

83. Be not weak, either physically, mentally, morally or spiritually. (ആത്മീയമായോ, മാനസികമായോ, ശാരീരികമായോ, ധാർമ്മികമായോ തകരാതിരിക്കുക.)

84. Truths of the Upanishad are before you, take them up, live up to them, and the salvation of India will bent hand (ഉപനിഷത്തുക്കളുടെ അന്തഃസത്ത നിങ്ങളുടെ മുന്നിലുണ്ട്. അതനുസരിച്ച് ധന്യമായി ജീവിക്കുക. ഭാരതത്തിന്റെ പുനരുത്ഥാനം അതിലുണ്ട്.)



Scanned with CamScanner

85.Man should be taught to be practical and physically strong. A dozen of such lions will conquer the world, and not millions of sheep can do so (പ്രായോഗികബുദ്ധിയിലൂടെ ചരിക്കാനാണ് മനുഷ്യനെ സജ്ജമാക്കേണ്ടത്. അതുൾക്കൊള്ളാൻ കഴിവുള്ള ഒരു ഡസൻ സിംഹശക്തിയുള്ള മനുഷ്യർ ക്കേ ലോകത്തെ കീഴടക്കാനാകൂ. ദശലക്ഷക്കണക്കിന് ആടുകൾക്കതാകില്ല.)

86. are but three different ways of expressing a single truth Art, science and religion (ഒരേ സത്യത്തെ മൂന്നു വിധത്തിൽ വിവരിക്കാനുള്ള പന്ഥാവുകളാണ് കലയും, ശാസ്ത്രവും, മതവും.

87. Enjoyment lies not in physical development, but in the culture of the mind and the intellect (ഭൗതീക നേട്ടങ്ങളിലൂടെയല്ല സന്തോഷമുണ്ടാകേണ്ടത്, മനസ്സിന്റേയും ബുദ്ധിയുടേയും സാംസ്കാരിക ഉത്ഥാനത്തിലൂടെയാണ് ആസ്വാദ്യമായ സന്തോഷമുണ്ടാകേണ്ടത്.)

88. Even as an intellectual study, the study of Vedanta is the healthiest (ബുദ്ധിപരമായി ചിന്തിച്ചാൽ പോലും വേദാന്തപഠനമാണ് ഏറ്റവും ശക്തമായ വിഷയം.)

89. Even thinking of the least good of others gradually instils into the heart, the strength of a lion. (മറ്റുള്ളവരുടെ ഏറ്റവും ചെറിയ നന്മയെക്കുറിച്ച് ചിന്തിച്ചാൽപ്പോലും ശക്തമായ ഒരു ഹൃദയം വളർത്തിയെടുക്കാം. അതെ! സിംഹത്തിന്റെ ശക്തിക്കായി അതുപകരിക്കാം!)

90. If the poor cannot come to education, education must reach them, at the plough, in the factory, everywhere. (പാവപ്പെട്ടവന് വിദ്യാഭ്യാസത്തിനെത്താനാകുന്നില്ലെങ്കിൽ വിദ്യാഭ്യാസം പാവപ്പെട്ടവനിലേക്കെത്തണം. അവർ കൃഷിസ്ഥലങ്ങളിലാണെങ്കിലും, ഫാക്ടറികളിലാണെങ്കിലും, എവിടെയാണെങ്കിലും!)

91. India's contribution to the sum total of human knowledge has been spirituality and philosophy (മാനവരാശിക്ക് ഭാരതത്തിന്റെ സംഭാവനയെന്നത് തത്വശാസ്ത്രത്തിന്റേയും ആത്മീയതയുടേയും അന്തസത്തയാണ്.)

92.Man never progresses from error to truth, but from truth to truth, from lesser truth to higher truth. (തെറ്റുകളിൽ നിന്ന് ശരികളിലേക്കല്ല മനുഷ്യൻ പ്രയാണം ചെയ്യേണ്ടത്, ശരികളിൽ നിന്ന് കൂടുതൽശരികളിലേക്കുള്ളതായിരിക്കണം മാനവരാശിയുടെ പ്രയാണം.)

93. One atom has the power of the whole universe at its back (ഒരു പരമാണുവിന് ഈ പ്രപഞ്ചത്തിലെയെല്ലാത്തിന്റേയും അചഞ്ചലമായ ആധാരശക്തിയുണ്ട്.)

94. One ounce of practice is worth a thousand pounds of theory. (ഔൺസ് പ്രായോഗികജീവിതം ഒരായിരം പൗണ്ട് തത്ത്വോപദേശത്തെക്കാളും ശ്രേഷ്ഠമാണ്.)



Scanned with CamScanner

95. Pay as much attention to the means as to the end. (ലക്ഷ്യത്തിനും മാർഗത്തിനും തുല്യപ്രാധാന്യം നൽകുക.)

96. Stand up, be bold, be strong, take the whole responsibility on your shoulders. (എഴുന്നേറ്റുനിൽക്കൂ! ധീരനാകൂ! ശക്തനാകൂ! ഉത്തരവാദിത്വം സ്വയം ഏറ്റെടുക്കൂ!)

97. The ideal woman in India is the mother, the mother first, and the mother last. (ഒരു മാതൃകാസ്ത്രീ എന്നത്, ഭാരതത്തിൽ, മാതാവാണ്. തുടക്കം മുതൽക്കന്ത്യം വരെ 'അമ്മ'യാണവർ.)

98. The Indian nation cannot be killed, so long as her people do not give their spirituality. (ഭാരതീയർ ആത്മീയത കൈവിടാത്തിടത്തോളംകാലം ഭാരതത്തെ നശിപ്പിക്കാനാകില്ല.)

99. Our first duty is not to hate ourselves, because to advance we must have faith in ourselves first and then in God. (നമ്മുടെ ആദ്യത്തെ കർത്തവ്യം എന്നത് സ്വയം വെറുക്കാതിരിക്കുക. എന്തുകൊണ്ടെന്നാൽ ജീവിതത്തിൽ മുന്നേറാൻ നമുക്കാദ്യം നമ്മളിൽ വിശ്വാസം വേണം. അതുപോലെ ഈശ്വരനിലും.)

100. The leaders of our societies have never been either generals or kings but Rushies (ഭാരതസമൂഹത്തിലെ നായകന്മാരാരും സൈന്യാധിപന്മാരോരാജാക്കന്മാരോ ആയിരുന്നില്ല. ഋഷിവര്യന്മാരായിരുന്നു അവർ.

101. They alone live who live for others, the rest are more dead than alive (മറ്റുള്ളവർക്കു വേണ്ടി ജീവിക്കുന്നവർ മാത്രമേ യഥാർത്ഥത്തിൽ ജീവിക്കുന്നുള്ളൂ. ബാക്കിയുള്ളവർ വെറും ജീവച്ഛവങ്ങൾ മാത്രമാണ്.)

102. Unselfishness is more paying, only people have not the patience to practise. (നിസ്വാർത്ഥമായ ജീവിതമാണ് ഏറ്റവുമധികം നേട്ടമുണ്ടാക്കാനുള്ള മാർഗം. പക്ഷേ, അതനുസരിച്ച് ജീവിക്കാനുള്ള ക്ഷമാശക്തിയും വേണം.)

103. We must keep a firm hold on spirituality, that inestimable gift handed down to us by our ancient forefathers (നമ്മുടെ പൂർവപിതാമഹന്മാർ നൽകിയ ആത്മീയതയെ നാം കൈവിടാതെ മുറുകെ പിടിക്കുകതന്നെ വേണം.)

104. All narrow, limited, fighting ideas of religion have to go. (ഇടുങ്ങിയ, പരിമിതമായ, കലഹങ്ങൾക്കാധാരമായ സങ്കുചിത മതചിന്തകളെല്ലാം പോകണം.)

105. Misery is a greater teacher than happiness. (ദുഃഖമാണ്, സന്തോഷത്തേക്കാൾ ശ്രേഷ്ഠമായ ഗുരു.)

106. Books never make religions but religions make books (പുസ്തകങ്ങളൊരിക്കലും മതമുണ്ടാക്കുന്നില്ല. മതമാണ് പുസ്തകങ്ങളുണ്ടാക്കുന്നത്.)



Scanned with CamScanner

107. Out of purity and silence comes the word of power (ജീവിതാസ്വാദനമല്ല ജീവിതത്തിന്റെ രഹസ്യം, അനുഭവങ്ങളിലൂടെയുള്ള അറിവു നേടലാണ് ജീവിതരഹസ്യം.)

108. First build up your physique, then only you can get control, over the mind (ബലമുള്ള ഒരു ശരീരമുണ്ടെങ്കിലേ ശക്തമായ മനോനിയന്ത്രണം സാധ്യമാകൂ.)

109. Ignorance is the mother of all the evil and all the misery we see. (എല്ലാ ദുഃഖത്തിന്റേയും വേദനയുടെയും തിന്മയുടേയും മാതാവ് അജ്ഞതയാണ്.)

110.God comes to those who work hard.(നിശ്ചയദാർഢ്യത്തോടെയുള്ള കർമ്മമാണ് ഈശ്വരാനുഗ്രഹത്തിന്നർഹനാക്കുന്നത്.)

111. India must rise; the masses and the poor are to be made happy (ഭാരതം ഉയർത്തെഴുന്നേൽക്കണം, ഭാരതജനത സന്തുഷ്ടരായിത്തീരണം.)

## സനാതനധർമ്മ പഠനം –46

## MESSAGES OF SWAMI VIVEKANANDA - 3

## വിവേകാനന്ദ സന്ദേശം നിത്യജീവിതത്തിൽ – 3

113. If you are pure, if you are strong, you, one man, are equal to the whole world. (നിങ്ങൾ പരിശുദ്ധനാണെങ്കിൽ, നിങ്ങൾ ശക്തനാണെങ്കിൽ, നിങ്ങൾ, നിങ്ങളൊരുവൻ ലോകത്തിലെ മുഴുവൻ ജനതക്കും തുല്യമാണ്.)

114. Everybody should know that there is no salvation except through the conquering of desires. (അത്യാഗ്രഹങ്ങളെ കീഴടക്കാതെ ഈ ലോകത്തിൽ നിന്നു മുക്തിയില്ല എന്ന് എല്ലാവരും അറിയണം.)

115. God can only be known in and through man (അകത്തും പുറത്തുമുള്ള ഈശ്വരചൈതന്യത്തെ മനുഷ്യനിലും മനുഷ്യനിലൂടെയുമേ കാണാനാകൂ.)

116.First bread and then religion (ആദ്യം ഭക്ഷണം പിന്നെ മാത്രമാണ് മതം.)

117. Life is good or evil according the state of mind in which we look at it, it is neither by itself. (ഈ ലോകം/ജീവിതം തിന്മ നിറഞ്ഞതോ നന്മ നിറഞ്ഞ തോ അല്ല. അങ്ങിനെയൊരു നന്മതിന്മയുമില്ല. ഇതെല്ലാം നാം ലോകത്തെയെ ങ്ങിനെ കാണുന്നു എന്നതനുസരിച്ചിരിക്കും.

118. Good is our nature, perfection is our nature, not imperfection not impurity. (നമ്മുടെ സ്വതസിദ്ധമായ ഭാവമെന്നത് നന്മയാണ്, പൂർണ്ണതയാണ്. അപൂർണതയും അശുദ്ധിയുമല്ല നമ്മെ നാമമാക്കുന്നത്.)



Scanned with CamScanner

119. Within you lies indomitable power (അപരിമിതമായ ശക്തി നിങ്ങളിലന്തർലീനമായിരിക്കുന്നു.)

120. Go from village to village, do good and humanity and to the world at large. (ഗ്രാമങ്ങൾതോറും നടന്ന് മാനവരാശിക്കും ലോകത്തിനുംവേണ്ടി നന്മ ചെയ്യുക.)

121. Harmony and peace and not dissension (ഐകമത്യവും ശാന്തിയുമാണ് മൂലമന്ത്രങ്ങൾ വൈരുദ്ധ്യങ്ങളും.)

122. This is the whole of religion. Doctrines, or dogmas, or rituals, or books, or temples or forms are but secondary details. (മേൽപറഞ്ഞതാണ് ജീവിത സാക്ഷാത്കാരം! മതവും, തത്വവും, തത്വശാസ്ത്രങ്ങളും, മുദ്രാവാക്യങ്ങളും, അനുഷ്ഠാനങ്ങളും, ഗ്രന്ഥങ്ങളും, ദേവാലയങ്ങളുമെല്ലാം ദ്വിതീയ സ്ഥാനീയം മാത്രമാണ്.)

123. To work properly you have to first give up the idea of bondage, do not mix in the fray, hold yourself as a witness and go on working. (ബന്ധനമില്ലാതെ കർമ്മം ചെയ്യലാണ് കർമ്മയോഗം. ഏതൊരു കർമ്മവും സാക്ഷീഭാവത്തിലനുഷ്ഠിക്കുക. നിങ്ങൾ ഒരു സാക്ഷിമാത്രം!)

124. Let us do good because it is good to do good. (നമുക്ക് നന്മ ചെയ്യാം. എന്തുകൊണ്ടെന്നാൽ നന്മചെയ്യുന്നതാണ് നല്ലത്.)

125. Any work that is done with any the lest selfish motive, instead of making us free, forges one more chain for our feet. (പൂർണമായും നിസ്വാർത്ഥതയില്ലാതെ ചെയ്യുന്ന പ്രവർ ത്തികളെല്ലാം തന്നെ ബന്ധനമുക്തി ത രുന്നു. ഭാഗീകമായ സ്വാർത്ഥകർമ്മങ്ങൾ പുതിയ ബന്ധനങ്ങളുണ്ടാക്കുന്നു.)

126. Only that kind of work which develops our spirituality is work. (ആത്മസാക്ഷാത്കാരത്തിനുതകുന്ന പ്രവർത്തികൾ മാത്രമാണ് ശ്രേഷ്ഠമായ കർമ്മങ്ങളായിത്തീരുന്നത്.)

127. What makes one man great and another weak and low is shraddha (എവിടെയാണോ ശ്രദ്ധ പൂർണ്ണ മായുള്ളത് അതാണ് ശ്രേഷ്ഠനായ മനുഷ്യന് ആധാരമാകുന്നത്. അതിന്റെ അഭാവം മനുഷ്യനെ തളർത്തുന്നു.

128. God is the magnet and human soul is the needle (ഈശ്വരൻ കാന്തവും ജീവാത്മാവ് സൂചിയുമാകുന്നു.

129. It is the strong mind that braves its way through a thousand difficulties. (ധീരമായ മനസ്സിനു മാത്രമേ ആയിരമായിരം പ്രതിസന്ധികളെ തരണം ചെയ്യാനാകൂ.)

130. Our work should be mainly education, both moral and intellectual (നമ്മുടെ യജ്ഞമെന്നത് ധാർമ്മീകവും ബുദ്ധിപരവുമായ വിദ്യാഭ്യാസമാണ്.)

131. He who loves lives, he who is selfish is dying. Therefore, love for love's sake. (സ്നേഹിക്കാനറിയാവുന്നവൻ ജീവിക്കുന്നു. സ്വാർത്ഥമതിയായ മനുഷ്യൻ മരിക്കുന്നു. അതിനാൽ സ്നേ ഹിക്കാൻ വേണ്ടി സ്നേഹിക്കാൻ പഠിക്കുക, അതാണ് ജീവിതം.



Scanned with CamScanner

132. I consider that the great national sin is the neglect of the masses and that is one of the causes of our downfall. (ഭാരതത്തിലെ ഭൂരിപക്ഷത്തെ തഴഞ്ഞൊരു വീക്ഷണം നിലനിർത്തിയതാണ് നാം ചെയ്ത ഏറ്റവും നീചമായ ദേശീയപാപം. അതുകൊണ്ടുതന്നെ നാം അധഃപതിക്കുകയും ചെയ്തു.)

133. He who sees Shiva in the poor, in the weak, and in the diseased really worships Shiva (പാവപ്പെട്ടവരിലും, ക്ഷീണിതനിലും ശിവനെ ദർശിക്കുന്നവനാണ് യഥാർത്ഥത്തിൽ ശിവാരാധന നടത്താൻ യോഗ്യനായവൻ.)

134.Utter no words of condemnation, close your lips and let your hearts open (വെറുപ്പുളവാക്കുന്ന ഒരു വാക്കും ഉച്ചരിക്കാതിരിക്കുക, നിങ്ങളുടെ ചുണ്ട് അടയ്ക്കുക, മനസ്സു തുറക്കട്ടെ.)

135. He who adjust himself best lives the longest. Knowledge is nothing but finding unity in the midst of diversity. (എല്ലാത്തിനോടും സമന്വയിച്ച് ജീവിക്കാനാകുന്ന വ്യക്തി ദീർഘകാലം ജീവിക്കുന്നു. വൈവിധ്യത്തിൽ ഏകത്വം ദർശിക്കുന്നതാണ് യഥാർത്ഥ ജ്ഞാനം.)

136. Him I call a mahatma whose heart bleeds for the poor, otherwise he is a Duratman (ദരിദ്രർക്കുവേണ്ടി ഹൃദയം തുടിക്കുന്ന വ്യക്തിയെ ഞാൻ മഹാത്മാവെന്നു വിളിക്കാം. അല്ലാത്തവർ ദുരാത്മാക്കളാണ്.)

137. What we want is vigour in the blood, strength in the nerves, iron muscles and nerves of steel, not softening namby-pamby words. (നമുക്കാവശ്യമായത് രക്തത്തിലന്തർലീനമായ ചൈതന്യം ശക്തമായ ഞരമ്പുകൾ, ഇരുമ്പുപോലുള്ള ശക്തിയുള്ള പേശികൾ, സ്റ്റീലുപോലുള്ള നെർവുകൾ, അതുമിതും പറയുമ്പോൾ മൃദുവാകാത്ത ദൃഢനിശ്ചയം.)

138. Give up jealousy and conceit. Learn to work united for others. The only god to worship is the human soul in the human body (അഹങ്കാരവും അസൂയയും തിരസ്കരിക്കൂ! മറ്റുള്ളവരുമായി ചേർന്നു പ്രവർത്തിക്കാൻ പഠിക്കൂ! മനുഷ്യശരീരത്തിലെ ജീവാത്മാവാണ് ആരാധ്യമായതിലേറ്റവും ശ്രേഷ്ഠം.)

139. Men are valuable than all the wealth of the world (ഈ ലോകത്തിലെ മറ്റേതു സമ്പത്തിനേക്കാളും വിലമതിക്കുന്നതും ശ്രേഷ്ഠവുമാണ് മനുഷ്യനും മനുഷ്യത്വവും.)

140. That action is moral which frees us from the bondage of matter (ധാർമ്മികമായ കർമ്മം എല്ലാ ബന്ധനങ്ങളിൽ നിന്നും നമ്മെ മോചിപ്പിക്കുന്നു.

141. Cleans the mind, this is all of religion (എല്ലാ മതത്തിന്റേയും സാരമെന്നത് മനുഷ്യമനസ്സിനെ പരിശുദ്ധമാക്കുക.)

142. Read man, he is the living poem (മനുഷ്യനെ വായിച്ചുപഠിക്കുക. അതാണ് ജീവനുള്ള കവിത.)

143. If your freedom hurts others, you are not free then (നിങ്ങളുടെ സ്വാതന്ത്ര്യം മറ്റുള്ളവരെ വേദനിപ്പിക്കുന്നുവെങ്കിൽ നിങ്ങൾ സ്വതന്ത്രനല്ല.)



Scanned with CamScanner

144. He who struggles is better than he who never attempts (ഒരിക്കലും ശ്രമിക്കാത്തവനേക്കാൾ ശ്രേഷ്ഠനാണ് നിരന്തരം ശ്രമിച്ചുകൊണ്ടിരിക്കുന്നവൻ

145. Give as the rose gives perfume, because it is its own nature, utterly unconscious of giving.(ഒരു റോസാപുഷ്പം നിസ്സംഗമായി സുഗന്ധം പരത്തുന്നതുപോലെ കൊടുക്കാനുള്ളതെല്ലാം ഈ ലോകത്തിന് നിസ്സംഗമായി കൊടുത്തുകൊണ്ടേയിരിക്കുക.)

146. Books are useless to us until our own book opens (സ്വന്തം പുസ്തകം തുറക്കാത്തവന് മറ്റു പുസ്തകങ്ങളെല്ലാം വ്യർത്ഥമാണ്.

147. Choose the highest ideal and live your life upto that. Look at the 'ocean' and not at the 'wave' (പരമ മായ ഒരു ലക്ഷ്യം മുന്നിൽ വെയ്ക്കുക. എന്നിട്ട് അതിനായി നിരന്തരംപ്രവർത്തി ക്കുക. മഹാസാഗരത്തെ ലക്ഷ്യമിടുക, ചെറിയൊരു പുഴയെയല്ല ലക്ഷ്യമിടേണ്ടത്.)

148. Do not spend your energy in talking, but meditate in silence (സംസാരിച്ച് ഊർജ്ജം കളയാതിരിക്കൂ. മൗനമായി ധ്യാനിക്കൂ!)

149. The whole ocean is present at the back of each wave (ഓരോ തിരയുടേയും പുറകിൽ ഒരു മഹാസമുദ്രം മുഴുവനുമുണ്ട്.)

150. Only those who want nothing are the masters of nature (ഒന്നിനോടും ആഗ്രഹവും ഒന്നും ആവശ്യമില്ലാത്തവർ പ്രകൃതിയെ കീഴടക്കിയവരായിത്തീരുന്നു.)

151. Put God behind everything- man, animal, food, work; make this a habit.(എല്ലാത്തിന്റേയും പിറകിൽ 'ദൈവത്തേയും' ചേർക്കുക - മനുഷ്യൻ, മൃഗം, കർമ്മം, വീക്ഷണം, ഇതൊരു ശീലമാക്കുക.)

152. No man should be judged by his defects (ഒരു മനുഷ്യനേയും അവന്റെ കുറവിന്റെയടിസ്ഥാനത്തിൽ വിലയിരുത്തരുത്.)

153. A perfect man's body mechani cally does right (പൂർണത നിറഞ്ഞ ഒരു മനുഷ്യൻ യാന്ത്രികമായി പോലും ശരിയായ നന്മകൾ ചെയ്തു കൊണ്ടിരിക്കും.

154. Bear every misery without even knowing that you are miserable (ദുഃഖിതനാണെന്ന ബോധമില്ലാതെ ദുഃഖങ്ങളെ അനുഭവിച്ചു മുന്നേറുക.)

155. Come to god anyway you can; only come. But in coming do not push any one down. (ഏതു വഴിയിലൂടെയും ദൈവത്തിലേക്കെത്തുക. വരുന്ന വഴിക്ക് ആരെയും തകർക്കാതെ യാത്ര തുടരുക.)

156. In eating, dressing or lying, in singing or playing, in enjoyment or disease, always manifest the highest moral courage. (ഭക്ഷിക്കുന്നതിലും, ഉറങ്ങുന്നതിലും, വസ്ത്രധാരണത്തിലും, പാടുന്നതിലും, കളിക്കുന്നതിലും, സുഖത്തിലും, ദുഃഖത്തിലും, ഏറ്റവും ഉയർന്ന ധാർമ്മീക ധീരത നിലനിർത്തുക.)



Scanned with CamScanner

157. Every being is the temple of Most High (എല്ലാമെല്ലാം ഏറ്റവും ഉയർന്ന നിലവാരമുള്ള ക്ഷേത്രമാണ്.)

158. Be brave and be sincere, then follow the path with devotion and you must reach the Lord (ധീരനും ആത്മാർത്ഥതയുള്ളവനുമാകൂ. ഇനി ഭക്തിയുടെ മാർഗത്തിലൂടെ സഞ്ച രിക്കൂ. ഈശ്വരസാക്ഷാത്കാരം പ്രാപ്യമാണ്.)

159. Religion begins where philosophy ends. (തത്വജ്ഞാനം അവസാനിക്കുന്നിടത്താണ് മതമാരംഭിക്കുന്നത്.)

160. Art is- representing the beautiful. There must be Art in everything (സൗന്ദര്യത്തെ പ്രതിഫലിപ്പിക്കുന്നതാണ് കല. എല്ലാത്തിലും കലയുണ്ടായിരിക്കണം.)

161. Blows are what awaken us and help to break the dream (നമ്മെ ഉണർത്തുന്നതും കർമ്മോന്മുഖരാക്കുന്നതും തിരിച്ചടികളാണ്. ഇതു സ്വപ്നസാക്ഷാത്കാരത്തിനുപാധിയായിത്തീരുന്നു.)

162. This thirst after body is the great bane of human life (ശരീരസുഖത്തിനുവേണ്ടിയുള്ള അത്യാഗ്രഹമാണ് എല്ലാത്തിന്റേയും വിനാശഹേതു.)

163. A golden chain is as much a chain as an iron one. (സ്വർണം കൊണ്ടുള്ളതാണെങ്കിലും ചങ്ങല, ചങ്ങലതന്നെയാണ് അത് ഇരുമ്പിന്റേതുപോലെയുള്ള ഫലമായിരിക്കും തരിക.)

164. Desire, ignorance and inequality - this is the trinity of bondage. (ബന്ധനത്തിനുള്ള മൂന്നു കാരണങ്ങൾ അത്യാഗ്രഹം, അജ്ഞത, അസമത്വം ഇവയാണ്.)

165. The cause of today is the effect of the past and the cause for the future. (ഭൂതകാലത്തിന്റെ പ്രതിഫലമാണ് വർത്തമാനകാലം. ഇതുതന്നെ യാണ് ഭാവിയുടെ കാരണവും.)

166. Before reaching the highest ideal, man's duty is to resist evil; let him work, let him fight, let him strike straight from the shoulder. (ഒരു മനുഷ്യൻ പരമോന്നതമായ നിലവാരത്തിലെത്തുംമുമ്പ് അയാൾ ചെയ്യേണ്ടതായ ധർ മ്മമാണ് തിന്മകൾക്കെതിരെ നിരന്തരം പോരാടുക എന്നത്. അതിനായി പ്രവർ ത്തിക്കണം, യുദ്ധം ചെയ്യണം, നേരിട്ടുതന്നെ തിന്മകളെ എതിർക്കണം. ശക്തമായിട്ടതു ചെയ്യണം)

167. What we want is an immense awakening of Rajasika energy, for the whole country is wrapped in the shroud of Tamas (ഭാരതം മുഴുവനും താമസികമായതുകൊണ്ട് ആവരണം ചെയ്യപ്പെട്ടിരിക്കുന്നു. രാജസീകശക്തി ഉയർത്തലാകട്ടെ നമ്മുടെ ലക്ഷ്യവും മാർഗവും.)

168. Infinite patience, infinite purity and infinite perseverance are the secret of success in a good cause (അനന്തമായ ക്ഷമ വേണം! അത്രതന്നെ പരിശു



Scanned with CamScanner

ഢിയും വേണം, കഠിനാധ്വാനവും ഇതോടൊപ്പം ചേരണം. ഇവയെല്ലാം ചേർന്നാലെ നന്മക്കു വേണ്ടിയുള്ള പോരാട്ടം വിജയിക്കൂ.)

169. This disease of fanaticism is one of the most dangerous of all diseases (മതമൗലികാന്ധതയാണ് മറ്റെല്ലാ രോഗത്തേക്കാളും ഭീകരമായ രോഗം.)

170. The cause of evil is our desire to be superior to others and our selfishness (നമ്മുടെ അത്യാഗ്രഹവും സ്വാർത്ഥതയും മറ്റുള്ളവരേക്കാൾ ശ്രേഷ്ഠനാകാനുള്ള വെമ്പലുമാണ് പലതിന്മകൾക്കും പ്രശ്നങ്ങൾക്കും കാരണം.

## സനാതനധർമ്മ പഠനം – 47

## MESSAGES OF SWAMI VIVEKANANDA - 4

## വിവേകാനന്ദ സന്ദേശം നിത്യജീവിതത്തിൽ – 4

171. The only religion that ought to be taught is the religion of fearlessness (നിർഭയനായി ജീവിക്കുവാനാണ് പഠിപ്പിക്കേണ്ടത്. അതാണ് എല്ലാത്തിനേക്കാളും ശ്രേഷ്ഠമായ പാഠം.)

172. It is preferable to live on grass for the sake of doing good to others. (മറ്റുള്ളവർക്കു നന്മ വരുത്തുവാനായി പുല്ലുമാത്രം തിന്നു ജീവിക്കേണ്ടിവന്നാലും അതു ശ്രേഷ്ഠകർമ്മമാണ്.)

173. The power of love is infinitely of greater potency than the power of hatred. (വെറുപ്പിന്റെ ശക്തിയേക്കാൾ എത്രയോ ഉയർന്നതാണ് സ്നേഹത്തിന്റെ ശക്തി.)

174. It is hatred that separates man from man; therefore it is wrong and false. (മനുഷ്യരെ തമ്മിൽ വേർതിരിക്കുന്നത് വെറുപ്പു മാത്രമാണ്. അതുകൊണ്ട് 'വെറുപ്പ്' തെറ്റുമാണ്കുറ്റവുമാണ്.)

175. In helping the world we really help ourselves (ഈ ലോകത്തെ സഹായിക്കുമ്പോൾ നാം നമ്മെ തന്നെ സഹായിക്കുകയാണ്.)

176. Defeat is the ornament the hero adorns himself with (ഒരു ധീരന് പരാജയം പോലും ഒരു ആഭരണമാണ്.)

177. There is only one country in the world which understands religion. It is India. (ലോകത്തിലൊരു രാഷ്ട്രത്തിനു മാത്രമേ ആത്മീയതയെന്താണെന്ന് വ്യക്തമായിട്ടറിയാനാകുകയുള്ളൂ. അതു ഭാരതമാണ്.)

178. Religion is the backbone, the bedrock, the foundation upon which the national edifice has been built. (ധർമ്മബോധമുള്ള മതത്തിന്റെ അടിക്കല്ലിലാണ് ഒരു രാഷ്ട്രമെന്ന മണിമാളിക പണിയേണ്ടത്.)

179. Religion, in India, means realisation and nothing short of that (ആത്മസാക്ഷാത്കാരമാണ്, ഭാരതത്തിലെ മതങ്ങൾ പഠിപ്പിക്കുന്നത്.)



Scanned with CamScanner

180. National union in India must be a gathering up of all scattered spiritual forces. (വ്യത്യസ്ഥങ്ങളായ ആത്മീയധാരകളുടെ സമന്വയമാണ് ഭാരതത്തിലെ ദേശീയൈക്യമെന്നത്. അതാണിന്നത്തെ ആവശ്യവും.)

181. The world is yet to learn from India, is the idea not only of toleration, but of sympathy (സഹനശക്തിയുടേയും അനുകമ്പയുടേയും പാഠങ്ങൾ ലോകം ഭാരതത്തിൽ നിന്നിനിയും പഠിക്കാനിരിക്കുന്നതേയുള്ളൂ.)

182. He who can become mad with an idea, he alone sees light. (അത്യുജ്ജ്വലമായ ആശയങ്ങളിൽ ഭ്രാന്തമായ ഇച്ഛാശക്തിയുള്ളവനാണ് ആശയത്തെ പ്രകാശമാനമാക്കുന്നത്.)

183. Multitude counts for nothing. A few heart- whole, sincere, and energetic men can do more in a year, than a mob in a century (വൻസംഖ്യകളുടെ ബലം ഒന്നുമല്ല - കഠിനാധ്വാനമെന്തെന്നറിയുന്ന ആത്മാർത്ഥമായ, ഊർജ്ജസ്വലരായ കുറെ വ്യക്തികൾ ചേർന്നാൽ അവർക്കൊരുവർഷം കൊണ്ടുചെയ്യാൻ സാധിക്കുന്നതിനേക്കാൾ കൂടുതലൊന്നും തന്നെ ഒരു വലിയ ജനക്കൂട്ടത്തിന് ഒരു നൂറ്റാണ്ടുകൊണ്ടു ചെയ്യാനാകില്ല.

184. The first of everything should go to the poor we have only a right to what remains (എല്ലാത്തിന്റേയും ആദ്യാവകാശം പാവപ്പെട്ടവനുള്ളതാണ്.ബാക്കിയുള്ളതുമാത്രമായിരിക്കാം നമുക്കുള്ളത്.)

185. Work- this is time; for the freshest, the untouched, the un-smelled flowers alone are to be laid at the feet of the Lord. (കർമ്മനിരതരാകൂ! ഇതാ അവസരമെത്തിയിരിക്കുന്നു. ഏറ്റവും പുതുമയാർന്ന, ഇതുവരെ സ്പ ർശിക്കുകയോ വാസനിക്കുകയോ ചെയ്യാത്ത പുഷ്പങ്ങളാണ് ഈശ്വരന്റെ/ഭാരതമാതാവിന്റെ പാദങ്ങളിൽ അർപ്പിക്കേണ്ടത്.

186. It is reason that develops into inspiration, and therefore inspiration does not contradict reason, but fulfils it.(കാരണാന്വേഷണമാണ് ഇച്ഛാശക്തിയായി വളരുന്നത്. അതുകൊണ്ടുതന്നെ ഇച്ഛാശക്തിയൊരിക്കലും കാര്യകാരണബന്ധത്തിനെതിരല്ല.)

187. Meddle not with so called social reform, for there cannot be any reform without spiritual reform first. (സാമൂഹിക പരിവർത്തനത്തെക്കുറിച്ച് ചിന്തിക്കുന്നതിനു മുമ്പുതന്നെ ആത്മീയമായ ശുദ്ധീകരണവും പരിവർത്തനവുമുണ്ടാകണം.

188. It is life to do good, it is death not do good to others.(നന്മചെയ്യുന്നതാണ് ജീവിതം തിന്മചെയ്യുന്നതു മരണവും.)

189. If a religion cannot help man wherever he may be, wherever he stands, it is not much of use.(എതൊരു മതവും മനുഷ്യനെ സഹായിക്കാനുതകുന്നില്ലെങ്കിൽ ആ മതം കൊണ്ടു വലിയ പ്രയോജനമൊന്നുമില്ല.)



Scanned with CamScanner

190. The man who is frightened into religion has no religion at all. (മതത്തെ ഭയപ്പെടുന്നവന് മതമേയില്ല.)

191. Self-sacrifice, indeed, is the basis of all civilisations (ആത്മസമർപ്പണമാണ് എല്ലാ സംസ്കാരങ്ങളുടേയും അടിത്തറ.)

192. Blessed are they whose bodies get destroyed in the service of others. (മറ്റുള്ളവരെ സഹായിക്കുന്നതിലൂടെ ഈ ശരീരം ഇല്ലാതാകുന്നുവെങ്കിൽ അനുഗ്രഹീതരാണവർ.)

193. Spirit speaks unto spirit in silence, and yet in most unmistakable language. (ആത്മാവ് പരമാത്മാവിനോട് പൂർണശാന്തതയിൽ സംസാരിക്കുന്നു. അതും ഒരിക്കലും തെറ്റാത്തഭാഷയിലൂടെ.

194. He alone is sinner who sees a sinner in another man (മറ്റുള്ളവരെ പാപിയായിക്കാണുന്നവരാണ് യഥാർത്ഥ പാപികൾ.)

195. Slave wants power to make slaves (അടിമയെന്നും ശക്തിയാഗ്രഹിക്കുന്നത് മറ്റുള്ളവരെ അടിമയാക്കാനാണ്.)

196. We must keep a firm hold on spirituality that inestimable gift handed down to us by our ancient forefathers. (ആത്മീയതയെ മുറുകെ പിടിക്കുക. അതാണ് നമ്മുടെ പൂർവപിതാമഹന്മാർ നമുക്കു കൈമാറിയ സ്വത്ത്.)

197. Whatever we shall be in the future will be the result of what we think and do now. (ഇപ്പോൾ നാം ചെയ്യുന്നതിന്റേയും ചിന്തിക്കുന്നതിന്റേയും ഫലമാണ് നമ്മുടെ ഭാവി.)

198. In religion there is no caste; caste is simple a social institution (ധാർമ്മികമായ മതത്തിൽ ജാതിവ്യവസ്ഥകളില്ല. ജാതിവ്യവസ്ഥകൾ സാമൂഹികവ്യവസ്ഥിതിയാണ്.)

199. Who serves Jiva serves God indeed. (ഓരോ ജീവാത്മാവിനേയും സേവിക്കുന്നവൻ ഈശ്വരനെ സേവിക്കുന്നു.)

200. All the secret of success is there; to pay as much attention to the means as to the end. (ലക്ഷ്യത്തിനും പന്ഥാവിനും തുല്യപ്രാധാന്യം നൽകുന്നതാണ് എല്ലാത്തരം വിജയത്തിന്റേയും രഹസ്യം.)

201. We can give nothing to God. He gives all to us (ഈശ്വരനായി നമുക്കൊന്നും കൊടുക്കാനില്ല. ഈശ്വരൻ നമുക്കായി എല്ലാം തരുന്നു.)

202. The brave alone can afford to be sincere. Compare the lion and the fox. (ധീരനു മാത്രമേ ആത്മാർത്ഥതയുള്ളവനാകാനാകൂ. സിംഹത്തേയും കുറുക്കനേയും താരതമ്യം ചെയ്തുനോക്കൂ.)



Scanned with CamScanner

203. Money does not pay, nor name; fame does not pay, nor learning. It is love that pays; it is character that cleaves it way through adamantine walls of difficulties. (പണമോ, പേരും പെരുമയുമോ, വിദ്യാഭ്യാസമോ ഒന്നും നമുക്കു നേട്ടമുണ്ടാക്കുന്നില്ല. ആത്മാർ ത്ഥമായ സ്നേഹവും! സ്വഭാവവൈശിഷ്ട്യവും മാത്രമാണ് ഏതു പ്രശ്നങ്ങളുടേയും ഉരുക്കു മതിലുകളെ പിളർന്ന് നമ്മെ മുന്നോട്ടു നയിക്കേണ്ടത്

204. Beware of everything that is untrue; stick to truth and we shall succeed, may be slowly, but surely. (സത്യത്തിലടിയുറച്ചുനിൽക്കൂ, അസത്യത്തെ ആശ്രയിക്കരുത്. നാം തീർച്ചയായും വിജയിക്കും, സാവധാനത്തിലാണെങ്കിലും.)

205. In the universal melody these ideas stand out; freedom, strength (ഈ ലോകസംഗീതതാളത്തിൽ സ്വാതന്ത്ര്യവും ശക്തിയും വേറിട്ടു വേറിട്ടു നിൽക്കുന്ന രണ്ടു സംഗീതങ്ങളാണ്.)

206. Never lose faith in yourselves; you can do anything in the universe. (ആത്മവിശ്വാസം ഒരിക്കലും നഷ്ടപ്പെടുത്തരുത്. അതുണ്ടെങ്കിൽ ഈ ലോകത്തിലെന്തും നിങ്ങൾക്കു നേടാം.)

207. Our best work is done, our greatest influence is exerted when we are without a thought of self. (സ്വാർത്ഥതാബോധമില്ലാതെ പ്രവർത്തിക്കാനുള്ള ഇച്ഛാശക്തിയുണ്ടായാൽ തന്നെ ഏറ്റവും വലിയ പ്രവൃത്തി ചെയ്തു കഴിഞ്ഞു.)

208. Ritual is concretised philosophy (പ്രായോഗിക തത്വശാസ്ത്രമാണ് ആചാരാനുഷ്ഠാനങ്ങൾ.)

209. God is the inexplicable, inexpressible essence of love- to be known, but never defined. (സ്നേഹത്തിന്റെ മൂർത്തിമദ്ഭാവമാണ് വിവരണാതീതമായ നിർവ്വചിക്കാനാകാത്ത 'ഈശ്വരൻ'.)

210. Be like a lily; stay in one place and expand your petals and bees will come of themselves. (ഒരു താമരപോലെ ജീവിക്കുക. ഒരിടത്തുനിന്ന് വികസിക്കുക, പടരുക. തേനീച്ചകൾ താനേ വന്നുകൊള്ളും.)

211. You are best, you are real; when you are not- when the little self is gone. (നിങ്ങളുത്തമനാണ്, നിങ്ങൾ എന്നത് ഒരു യാഥാർത്ഥ്യവുമാണ്, നിങ്ങളിലെ ആത്മസത്ത നഷ്ടപ്പെടുമ്പോൾ നിങ്ങൾ നിങ്ങളല്ലാതാകുന്നു.

212. Fire and enthusiasm must be in our blood. (കത്തിജ്വലിക്കുന്ന തീവ്രതയും ഇച്ഛാശക്തിയും നമ്മുടെ രക്തത്തിലുണ്ടാകണം.)

213. Great things can be done by great sacrifices only. (അത്യുജ്ജ്വലമായ ത്യാഗത്തിലൂടെ മാത്രമേ വലിയ നേട്ടങ്ങളുണ്ടാക്കാനാകൂ.)

214. I want iron wills and hearts that do not know how to quake. (വിറക്കാനറിയാത്ത ഇരുമ്പിന്റെ മനസ്സും ഹൃദയവുമാണ് എനിക്കു വേണ്ടത്.)

215. Who makes us ignorant? We ourselves. We put our hand over our eyes and weep that it is dark. (നമ്മളെ അജ്ഞരാകുന്നതാരാണ്? നമ്മൾ തന്നെ! നാം സ്വയം കണ്ണുകൾ പൊത്തിപ്പിടിച്ചു കരയുന്നു. ചുറ്റും ഇരുട്ടാണെന്നു പറഞ്ഞ്.)

216. We reap what we sow. We are the makers of our own fate. None else has the blame none has the praise. (നാം വിതയ്ക്കുന്നത് നാം കൊയ്യുന്നു. നമ്മുടെ ഭാവി നമ്മുടെ തന്നെ സൃഷ്ടിയാണ്. അതിനാരേയും കുറ്റപ്പെടുത്താനുമാകില്ല, പുകഴ്ത്താനുമാകില്ല.)

217. Are great things ever done smoothly? Time, patience, and indomitable will must show. (മഹത്തായ കർമ്മങ്ങളേതെങ്കിലും സുഖമമായി നടത്താൻ സാധിച്ചിട്ടുണ്ടോ? സമയം, ക്ഷമ, തളരാത്ത മനഃശക്തി ഇവയാണതിന്നാവശ്യം.

218. Learning and wisdom are superfluities, the surface glitter merely, but it is the heart that is the seat of all power. (പലർക്കും പലപ്പോഴും വിദ്യാഭ്യാസവും ബുദ്ധിയും അധികപ്പറ്റാണ്, അതെല്ലാം തിളക്കം തരുമായിരിക്കാം, എന്നാൽ ഹൃദയമാണ് എല്ലാ ശക്തിയുടേയും കേന്ദ്രസ്ഥാനം.)

219."comfort" is no test of truth; ON the contrary, truth is often far from being " comfortable" (സുഖസൗകര്യങ്ങൾ സത്യത്തിന്റെ പരീക്ഷണമോ ഭാനമോ അല്ല മറിച്ച്, സത്യമെന്നത് സുഖസൗകര്യങ്ങൾക്കും ഏറെ വിദൂരത്തിലാണ്.)

220. Never think there is anything impossible for the soul. It is the greatest heresy to think so. (ആത്മാവിന് അസാധാരണമായതൊന്നുമില്ല. മറിച്ചു ചിന്തിക്കുന്നത് വിഡ്ഢിത്തമാണ്. നാസ്തികത്വവുമാണ്.)

221. If there is sin, this is the only sin — to say that you are weak, or others are weak. (ഈ ലോകത്തിൽ പാപമെന്നതുണ്ടെങ്കിൽ അത് നിങ്ങൾ തളർന്നവനാണെന്നു പറയുന്നതും മറ്റുള്ളവർ തളർന്നവരാണെന്നു പറയുന്നതുമാണ്.)

222.Whenever we attain a higher vision, the lower vision disappears of itself. (നാം ഉയർന്ന കാഴ്ചപ്പാടുണ്ടാക്കിയാൽ താഴ്ന്ന നിലവാരത്തിലുള്ള വീക്ഷണം ഇല്ലാതാകും.)

223.Stand as a rock; you are the indestructible . You are the self ( atman), the God of the universe. (ഒരു പാറപോലെ നിൽക്കുക, നിങ്ങൾ നശിപ്പിക്കാനാകാത്തവനാണ്. നിങ്ങൾ ശരീരമല്ല ആത്മാവാണ്; അത് ഈ പ്രപഞ്ചത്തിന്റെ ഈശ്വരനാണ്.)

224. It is the patient building of character, the intense struggle to realize the truth, which alone will tell in the future of humanity. (സത്യത്തെ അറിയാനുള്ള അധമ്യമായ ഒരു യുദ്ധമാണ് ധന്യമായ സ്വഭാവം സൃഷ്ടിച്ചെടുക്കുകയെന്നത്. ഇതാണ് മാനവരാശിയുടെ ഭാവിക്കാധാരം.)



Scanned with CamScanner

225. Knowledge can only be got in one way, the way of experience; there is no other way to know. (അനുഭവത്തിലൂടെ മാത്രമേ അറിവു ലഭിക്കൂ. മറ്റൊരു മാർഗവും ജ്ഞാനസമ്പാദനത്തിനായിട്ടില്ല.)

## സനാതനധർമ്മ പഠനം – 48

## MESSAGES OF SWAMI VIVEKANANDA - V

## വിവേകാനന്ദ സന്ദേശം നിത്യജീവിതത്തിൽ – 5

226. Perfection is always infinite. We are the infinite already. You and I, and all beings, are trusting to manifest that infinity. (പരിപൂർണത അനന്തമായ കാലത്തിലാണ്. നമ്മളവിടെയാണ് നിൽക്കുന്നത്. ഞാനും നിങ്ങളും മറ്റെല്ലാ ജീവജാലങ്ങളും ആ അനന്തതയുടെ പ്രദർശനം ചെയ്യാനാണ് ശ്രമിക്കുന്നത്.)

227. Religion as a science, as a study is the great and healthiest exercise that the human mind can have. (മതം എന്ന ശാസ്ത്രത്തിന്റെ പഠനം മഹത്തും ആരോഗ്യദായകവുമായ വലിയൊരു യജ്ഞമായി മാനവ മനസ്സ് ഏറ്റെടുത്ത് നടത്തേണ്ടതാണ്.)

228."face the brutes" that is a lesson for all life-face the terrible, face it boldly,. Like the monkeys, the hardships of life fall back when we cease to flee before them. ('ക്രൂരമായത് അഭിമുഖീകരിക്കുക' അതാണ് ജീവിതം ഭീകരമായത് അഭിമുഖീകരിക്കുക. ധൈര്യമായിട്ട് അഭിമുഖീകരിക്കുക. കുരങ്ങന്മാരുടെ മുന്നിൽ ധീരനായി നിന്ന് അവയെ അഭിമുഖീകരിച്ചാൽ അവയെ ല്ലാം തനിയെ ഓടിപ്പോകും. നമുക്കു ധീരമായി മുന്നേറാം.)

229. Anything that brings spiritual, mental, or physical weakness, touch it not with the toes of your feet. (ആത്മാവിനും, മനസ്സിനും, ശരീരത്തിനും ക്ഷീണമുണ്ടാക്കുന്ന ഒന്നിനേയും കാൽ വിരൽത്തുമ്പിലൂടെ പോലും സ്പർശിക്കരുത്.)

230. Books are infinite in number and time is short. The secret of knowledge is to take what is essential. Take that and try to live upto it. (ഗ്രന്ഥങ്ങളനന്തമാണ് സമയം പരിമിതവും. അറിവു നേടുന്നതിന്റെ രഹസ്യമെന്നത് അത്യാവശ്യമുള്ളതെല്ലാം പഠിക്കുക. അതനുസരിച്ച് ജീവിക്കാൻ പഠിക്കുക.)

231.Both the forces of good and evil will keep the universe alive for us, until we awake from our dreams and give up this



Scanned with CamScanner

building of mud pies. (നന്മകളുടേയും തിന്മകളുടേയും ശക്തികൾ ഈ ലോകത്തെ ഇപ്രകാരം നിലനിർത്തുന്നു. നാം സ്വപ്ന ലോകത്തിൽ നിന്നുണർന്ന് തിന്മ കളുടെ ചെളിക്കെട്ടുകൾ തകർക്കുന്നതുവരെ ഇതു തുടരുന്നു.)

232. Everything must be sacrificed, if necessary, for that one sentiment, universality. (വിശ്വമാനവീകത എന്ന ഉദാത്തമായ നന്മ പലതും ത്യജി ക്കേണ്ടിവരും.)

233. Go on saying " I am free" never mind if the next delusion comes and says " I am bound". Dehypnotize the whole thing. ('ഞാൻ സ്വതന്ത്രനാണെന്ന്' മന്ത്രം ജപിക്കുക. ഞാൻ അസ്വാതന്ത്രനാണെന്ന തോന്നൽ ഇടയ്ക്കുണ്ടായാലും കാര്യമാക്കേണ്ടതില്ല. നിങ്ങൾ തിരിച്ചു വരുക തന്നെ ചെയ്യും.)

234. If the mind is intensely eager, everything can be accomplished- mountain can be crumbled into atoms. (അതിശ ക്തമായ ഇച്ഛാശക്തിക്ക് കീഴ്പ്പെടുത്താൻ പറ്റാത്തതായിട്ടൊന്നുമില്ല. ഒരു പർവ്വതത്തെ പോലും തകർക്കാൻ സാധിക്കുന്നതാണ് ശക്തി.)

235. Impurity is a mere superimposition under which your real nature has become hidden. But the real you is already perfect, already strong. (തിന്മയെന്നത് നിങ്ങളുടെ യഥാർത്ഥ സ്വഭാവത്തെ ആവരണം ചെയ്തിരിക്കുന്ന കവചം മാത്രമാണ്. യഥാർത്ഥത്തിൽ നിങ്ങൾ പൂർണനാണ്, ശക്തനുമാണ്, നമ്മുടെ പ്രതീകവുമാണ്.)

236. It is the cheerful mind that is persevering, it is the strong mind that hews its way through a thousand difficulties. (സംരക്ഷി ക്കേണ്ടത് സന്തോഷകരമായ ഒരു മനസ്സിനെയാണ്. ശക്തമായ ഒരു മനസ്സാണ് ആയി രക്കണക്കിന് പ്രശ്നങ്ങളെ അതിജീവിച്ചു മുന്നേറുന്നത്.)

237. Nether seek nor avoid take what comes, it is liberty to be affected by nothing, Do not merely endure, be unattached. (ഒന്നി നേയും ക്ഷണിക്കുകയോ ഒഴിവാക്കുകയോ വേണ്ട. വരുന്നതെല്ലാം സ്വീകരിക്കുക.)

238. One who leans on others cannot serve the God of Truth (ആരാണോ മറ്റൊരുവനിൽ ചാരിനിൽക്കുന്നത് അവന് ഈശ്വരസേവകനാകാൻ സാധ്യ മല്ല. സത്യസേവകനാകാനും സാധ്യമല്ല.)

239. Out of purity and silence comes the word of power. (പരിശു ദ്ധിയുടേയും മൗനത്തിന്റേയും ഉൽപന്നമാണ് ശക്തി)



Scanned with CamScanner

240. Perfection is always infinite. We are the infinite already. You and I, and all beings, are trying to manifest that infinity. (പൂർണതയെപ്പോഴും അനന്തമാണ്. നാം സ്വയം അനന്തമാണ്. ഞാനും നിങ്ങളും ഈ ലോകത്തിലുള്ളതുമെല്ലാം ആ പൂർണതയുടെ പ്രദർശന വസ്തുവാണ്.)

241. Please everyone without becoming a hypocrite or a coward. (ഒരു കുടിലനോ, ഭീരുവോ ആകാതെ എല്ലാവരേയും സന്തോഷിപ്പിക്കാൻ ശ്രമിക്കുക.)

What is the use eloquence over a dull mind? What is the use of her, casting charm before the blind? **Subhashitavali- 2888**

It is the intention that is important in action. Kissing the consort is so different from planting a kiss on the daughter. **Subhashitavali- 2966**



Scanned with CamScanner

Just as light and shadow are insceperable aspects so are the man and his actions. **Subhasshitavali- 3080**

Who has assured a hundred years of life to the newborn? It is by tact and persistance that longevity is earned. **Subhashitavli- 3086**

One should not go empty handed to see the king, God, preceptor, priest, son and friend. A gift could always beget a gift. **Sooktimala- 649**

Both ambrosia and poison are in our own body. Man embraces death by falling a victim to indulgence but attains immortality by steadfastly following truth. **Mahabharatam- 175/22**

Saraswathi, Goddess of learning, becomes his who selects and collects precious words of wisdom from the learned. **Nityaneeti- 354**

### സനാതനധർമ്മ പഠനം –54

## ഭരണാധികാരി ശ്രദ്ധിക്കേണ്ടതായ കാര്യങ്ങൾ

## വിദുര ഉപദേശ സാരത്തിൽ നിന്ന്

### രഹസ്യ ചർച്ചകൾ അരുതാത്ത 4 പേർ

അല്പബുദ്ധികൾ, ദീർഘസൂത്രികൾ, ദ്രുതഗതിയിൽ കാര്യങ്ങൾ ചെയ്തുതീർക്കുന്നവർ, മുഖസ്തുതി പറയുന്നവർ ഇത്തരം നാലു തരക്കാരുമായി രഹസ്യകാര്യങ്ങൾ ചർച്ച ചെയ്യരുത്.

### സംരക്ഷിക്കപ്പെടേണ്ട 4 പേർ

ഗൃഹസ്ഥാശ്രമിയായ സമ്പന്നൻ തന്റെ വീട്ടിൽ നാലു തരത്തിലുള്ളവരെ സംരക്ഷിക്കണം. ബന്ധുവായ വൃദ്ധൻ, ദുരവസ്ഥയിലായ കുലീനൻ, ദരിദ്രനായ സുഹൃത്ത്, സന്തതിയില്ലാത്ത സഹോദരി.

### ഉടൻ ഫലം ലഭിക്കുന്നത് 4 കാര്യങ്ങൾ

ദേവതകളുടെ സങ്കല്പം, ബുദ്ധിമാന്മാരുടെ പ്രഭാവം, വിദ്വാന്മാരുടെ വിനയം, പാപികളുടെ വിനാശം ഇവയാണ് നാലു കാര്യങ്ങൾ.



Scanned with CamScanner

### പ്രയാസപ്പെട്ടാണെങ്കിലും സംരക്ഷിക്കേണ്ടത്

പിതാവ്, മാതാവ്, അഗ്നി, ആത്മാവ്, ഗുരു എന്നീ അഞ്ച് അഗ്നികളെ പുരുഷൻ വളരെ പ്രയാസപ്പെട്ടും ശുശ്രൂഷിക്കേണ്ടതാകുന്നു.

### നമ്മെ ആശ്രയിക്കുന്ന 5 പേർ

മിത്രം, ശത്രു, ഉദാസീനൻ, ആശ്രയം കൊടുക്കുന്നവൻ, ആശ്രയം തേടുന്നവൻ ഈ അഞ്ചു പേർ, അങ്ങയെ അനുഗമിക്കുന്നു.

### വർജിക്കേണ്ട 6 ദോഷങ്ങൾ

ശ്രേയസ്സ് ആഗ്രഹിക്കുന്ന പുരുഷൻ ആറ് ദോഷങ്ങളെ പരിത്യജിക്കേണ്ടതാണ്. ഉറക്കം, മടി, ഭയം, ക്രോധം, ആലസ്യം, ദീർഘസൂത്രത ഇവയാണ് ഈ ആറു ദോഷങ്ങൾ.

### ഉപേക്ഷിക്കേണ്ട 6 പേർ

ഉപേക്ഷിക്കേണ്ടിയിരിക്കുന്ന ആറുപേർ, ഉപദേശങ്ങൾ തരാത്ത ആചാര്യൻ, മന്ത്രോച്ചാരണം ചെയ്യാ ത്ത ഹോതാവ്, രക്ഷിക്കാൻ അശക്തനായ രാജാവ്, അപ്രിയം പറയുന്ന ഭാര്യ, ഗ്രാമത്തിൽ താമസിക്കാൻ ആഗ്രഹിക്കുന്ന പശുപാലൻ, വനത്തിൽ താമസിക്കാനാഗ്രഹിക്കുന്ന ക്ഷുരകൻ എന്നിവരാണ്.

### നിലനിർത്തേണ്ടതായ 6 ഗുണങ്ങൾ

മനുഷ്യൻ ആറ് ഗുണങ്ങളെ ഒരിക്കലും ഉപേക്ഷിക്കരുത്. സത്യം, ദാനം, അനാലസ്യം, ശുഷ്കാന്തി, അനസൂയ, ക്ഷമ, ധൈര്യം എന്നിവയാണ് ഈ ആറു ഗുണങ്ങൾ.

### അനുഭവിക്കുന്ന 6 സുഖങ്ങൾ

ഈ ലോകത്തിൽ ജീവിക്കുന്നവൻ അനുഭവിക്കേണ്ടത് ആറുസുഖങ്ങളാണ്. സമ്പത്തിന്റെ വർദ്ധനവ്, രോഗപീഡകൾ ഇല്ലായ്മ, സ്നേഹമുള്ളവളും അനുകൂലമായി സംസാരിക്കുന്നവളുമായ ഭാര്യ, പറഞ്ഞതുകേട്ടുനടക്കുന്ന മകൻ, താൻ പഠിച്ച വിദ്യകൊണ്ട് ധനം സമ്പാദിക്കുവാനുള്ള കഴിവ് എന്നിവയാണ് ഈ ആറ് ഐഹിക സുഖങ്ങൾ.

### നഷ്ടപ്പെടുന്ന 6 സ്വത്തുക്കൾ

അല്പനേരത്തെ അശ്രദ്ധകൊണ്ട് ആറു സ്വത്തുകൾ നഷ്ടപ്പെടുന്നു: പശു, പരിചാരകൻ, വിള, ഭാര്യ, വിദ്യ, താഴ്ന്നവനുമായിട്ടുള്ള ബന്ധം ഇവയാണ് ആറു സ്വത്തുകൾ.



Scanned with CamScanner

## പൂർവോപകാരികളെ ആദരിക്കാത്തവർ 6 പേർ

ആറുപേർ തങ്ങളുടെ പൂർവോപകാരികളെ ആദരിക്കാറില്ല. പഠിത്തം അവസാനിച്ച ശിഷ്യൻ ആചാര്യനെ, വിവാഹിതനായ മകൻ മാതാവിനെ, കാമപൂർത്തിവന്ന പുരുഷൻ സ്ത്രീയെ, കാര്യം സാധിച്ചു കഴിഞ്ഞ പുരുഷൻ തന്റെ സഹായിയെ, നദി മറുകര കടന്നശേഷം തോണിയെ, രോഗവിമുക്തനായവൻ വൈദ്യനെ, സ്മരിക്കാറില്ല.

## മനുഷ്യ ജീവിതത്തിലെ 6 സുഖങ്ങൾ

രോഗവിമുക്തമായുള്ള അവസ്ഥ, കടക്കാരനല്ലാതിരിക്കൽ, പരദേശവാസിയാകാതിരിക്കൽ, നല്ല മനുഷ്യരുമായിട്ടുള്ള സുഹൃദ്ബന്ധം, സ്വന്തം പ്രയത്നംകൊണ്ടുള്ള ഉപജീവനം, ഭയരഹിതമായ ജീവിതം, ഈ ആറെണ്ണമാണ് മനുഷ്യജീവിതത്തിലെ സുഖങ്ങൾ.

## നിത്യ ദുഃഖിതരായ 6 പേർ

ഈർഷ്യവെച്ചു പുലർത്തുന്നവൻ, വെറുപ്പ് വളർത്തിക്കൊണ്ടുവരുന്നവൻ, സദാ അസന്തുഷ്ടനായിരിക്കുന്നവൻ, എല്ലായിപ്പോഴും കോപിക്കുന്നവൻ, എപ്പോഴും ശങ്കിക്കുന്നവൻ, അന്യരുടെ ഭാഗ്യത്തെ ആശ്രയിച്ചു ജീവിക്കുന്നവൻ, ഇവർ നിത്യദുഃഖിതരായിക്കഴിയുന്നു.

## ത്യജിക്കേണ്ട 7 ദോഷങ്ങൾ

വ്യസനത്തെ വരുത്തിവെയ്ക്കുന്നതും, നാശഹേതുവുമായ ഏഴു ദോഷങ്ങളെ സദാ ത്യജിക്കേണ്ടതാകുന്നു. സ്ത്രീസേവാ, ചൂതുകളി, മദ്യപാനം, നായാട്ട്, വാക്പാരുഷ്യം, ദണ്ഡപാരുഷ്യം, അർത്ഥദുർവ്വ്യയം ഇവയാകുന്നു ആ ഏഴു ദോഷങ്ങൾ.

## പുതുമയുള്ള 8 സുഖങ്ങൾ

എട്ട് സുഖങ്ങളാണ് ലൗകിക ജീവിതത്തിൽ എന്നും പുതുമയാർജ്ജിച്ചുകൊണ്ട് വർത്തിക്കുന്നത്. അവ സ്നേഹിതന്മാരുമായുള്ള പുനഃസമാഗമം, ധാരാളം സ്വത്ത് കൈവരൽ, പുത്രനെ ആലിംഗനം ചെയ്യൽ, മൈഥുനാവസാനത്തിലുള്ള തളർന്നുവീഴൽ, സന്ദർഭോചിതമായ പ്രിയാവചനം, സ്വന്തം സമുദായത്തിൽ ഔന്നത്യം പ്രാപിക്കൽ, അഭീഷ്ടവസ്തുപ്രാപ്തി, ജനസദസ്സിൽ ബഹുമാനിതനാകൽ.

## കീർത്തി വർധിപ്പിക്കേണ്ട 8 ഗുണങ്ങൾ

പുരുഷന്റെ കീർത്തിയെ വർദ്ധിപ്പിക്കുന്നത് എട്ടു ഗുണങ്ങളാണ്. ബുദ്ധിശക്തി, കുലീനത, മനോനിയന്ത്രണം, ശാസ്ത്രജ്ഞാനം, പരാ

ക്രമം, മിതഭാഷിത്വം, സ്വശക്തിക്കനുസരിച്ചുള്ള ദാനതല്പരത, കൃതജ്ഞത.

### ധർമ്മാധിഷ്ഠിത പ്രവർത്തനമില്ലാത്ത 10 പേർ

ഏതൊരു പണ്ഡിതൻ ഈ ശരീരത്തെ ഒമ്പതു ദ്വാരങ്ങളോടുകൂടിയതും, മൂന്നു (വാതാപിത്തകഫ) സ്തംഭങ്ങളോടു കൂടിയതും, അഞ്ചു ജ്ഞാനേന്ദ്രിയങ്ങളാകുന്ന സാക്ഷികളോടുകൂടിയതും, ആത്മാവിന്റെ നിവാസസ്ഥാനവുമാകുന്നു എന്ന് അറിയുന്നുവോ അവൻ മഹാജ്ഞാനിയാകുന്നു.

### പ്രഭാവത്തെ വർധിപ്പിക്കുന്ന 8 ഗുണങ്ങൾ

എട്ടു ഗുണങ്ങൾ മനുഷ്യന്റെ പ്രഭാവത്തെ വർദ്ധിപ്പിക്കുന്നു. ബുദ്ധിശക്തി, കുലീനത, ദമം, ശാസ്ത്രജ്ഞാനം, പരാക്രമം, മിതഭാഷിത്വം, യഥാശക്തിദാനം, കൃതജ്ഞത എന്നിവയാണ് ആ എട്ടു ഗുണങ്ങൾ.

### സജ്ജനങ്ങളിലെ 4 + 4 ഗുണങ്ങൾ

യജ്ഞം, ദാനം, അദ്ധ്യയനം, തപസ്സ് – ഈ നാലു ഗുണങ്ങൾ സജ്ജനങ്ങൾക്ക് സ്വതഃസിദ്ധമാണ്. ഇന്ദ്രിയനിഗ്രഹം, സത്യം, ആർജ്ജവം, മൃദുലത – ഈ ഗുണങ്ങളെ സജ്ജനങ്ങൾ സദാ ആചരിക്കയും ചെയ്യുന്നു.

### ധർമ്മ മാർഗങ്ങളായ 8 ഗുണങ്ങൾ

യജ്ഞം, അദ്ധ്യയനം, ദാനം, തപസ്സ്, സത്യം, ക്ഷമ, ദയ, അലോഭം (സംതൃപ്തി), എന്നിവ ധർമ്മമാർഗ്ഗങ്ങളായി നിർദ്ദേശിച്ചിരിക്കുന്നു.

### ധന്യമായ 10 ഗുണങ്ങൾ

സത്യം, സത്സ്വഭാവം, ശാസ്ത്രജ്ഞാനം, വിദ്യ, കുലീനത, ശീലം, ബലം, ധനം, ശൂരത, മധുരസംഭാഷണം ഈ പത്തു ഗുണങ്ങൾ സ്വർഗ്ഗപ്രാപ്തിക്കു സഹായകങ്ങളാകുന്നു.

### നല്ല ദൂതർ

അഹങ്കാരമില്ലായ്മ, ധൈര്യം, വേഗം പണിചെയ്തു തീർക്കുവാനുള്ള കഴിവ്, ദയ, സാമർത്ഥ്യം, മറ്റുള്ളവരുടെ പ്രലോഭനങ്ങൾക്ക് വശംവദനാകാതിരിക്കൽ, അരോഗദൃഢഗാത്രത, ഔദാര്യത്തോടെ സംസാ



Scanned with CamScanner

രിക്കാനുള്ള കഴിവ് ഈ എട്ടു ഗുണങ്ങളോടുകൂടിയവൻ ദൂതകൃത്യത്തിന് നിയോഗിക്കപ്പെടുവാൻ യോഗ്യനാകുന്നു.

### രാജാവിന്റെ 5 ബലങ്ങൾ

ഒരു രാജാവിന് സാധാരണയായി അഞ്ചുവിധത്തിലുള്ള ബലങ്ങളാണുണ്ടാകുന്നത്. അതിൽ ബാഹുബലം ഏറ്റവും ഒടുവിലത്തേതാണ്. നല്ല മന്ത്രിയുണ്ടായിരിക്കുന്നത് രണ്ടാമത്തെ ബലമാണ്. ധാരാളം സമ്പത്തുണ്ടാകുന്നത് മൂന്നാമത്തേതും. പിതൃപിതാമഹന്മാർ വഴി പരമ്പരയായി സിദ്ധിക്കുന്ന അഭിജാതബലം നാലാമത്തേതാണ്. ബുദ്ധിബലമാണ് സർവ്വശ്രേഷ്ഠമായ ബലമെന്ന് ബുദ്ധിമാന്മാർ പറയുന്നു.

### ഐശ്വര്യ വർധനക്കുള്ള 7 കാര്യങ്ങൾ

ധൈര്യം, ശമം, ദമം, ശുദ്ധി, കാരുണ്യം, മധുരസംഭാഷണം, മിത്രദ്രോഹം ചെയ്യാതിരിക്കൽ ഈ ഏഴു കാര്യങ്ങൾ ഐശ്വര്യത്തെ വർദ്ധിപ്പിക്കുന്നതാകുന്നു.

## സനാതനധർമ്മ പഠനം –55
## ജീവിതത്തിലെ നന്മ തിന്മകൾ
### വിദുരോപദേശത്തിൽ നിന്ന്

അനാവശ്യമായ പരദേശവാസം, പാപന്മാരുമായുള്ള കൂട്ടുകെട്ട്, പരദാരഗമനം, അഹങ്കാരത്തോടെയുള്ള പെരുമാറ്റം, കളവ്, ചതി, മദ്യപാനം, ഈ വകയൊന്നും ചെയ്യാത്തവൻ സദാ സുഖമായി ജീവിക്കുന്നു.

ഏതൊരുവൻ ചോദിക്കപ്പെടുമ്പോൾ യാഥാർത്ഥ്യം തുറന്നു പറയുന്നുവോ, സുഹൃത്തിനുവേണ്ടി വാഗ്വാദം ഒഴിവാക്കുന്നുവോ, ആദരവ് കിട്ടാതിരുന്നാലും കോപിക്കാതിരിക്കുന്നുവോ, സദാ വിവേകം കൈവിടാതെ പെരുമാറുന്നുവോ, അന്യരുടെ ദോഷങ്ങളെ കാണാൻ ഇഷ്ടപ്പെടാതിരിക്കുന്നുവോ, സർ വ്വരിലും ദയയോടെ വർത്തിക്കുന്നുവോ, സ്വയം ദുർബലനായിരിക്കെ മറ്റൊരാൾക്ക് ജാമ്യം നില്ക്കാതിരിക്കുന്നുവോ, ഉച്ചത്തിൽ സംസാരിക്കുന്നുവോ, അന്യരുടെ വാദമുഖത്തെ ക്ഷമയോടെ കേൾക്കുവാൻ തയ്യാറാകുന്നുവോ, അത്തരത്തിലുള്ള വർ എങ്ങും പ്രശംസനീയരായിത്തന്നെയിരിക്കുന്നു.



Scanned with CamScanner

ഏതൊരുവൻ ഔദ്ധത്യത്തോടെ വേഷധാരണം ചെയ്യുന്നില്ലയോ, അന്യരോട് തന്റെ പൗരുഷത്തെപ്പറ്റി ആത്മപ്രശംസ ചെയ്യുന്നില്ലയോ, കോപാവിഷ്ടനാകുമ്പോൾകൂടി കടുത്ത വാക്കുകൾ പറയാതിരിക്കുന്നുവോ ആ പുരുഷനെ ലോകം സ്നേഹത്തോടെ സ്വീകരിക്കുന്നു.

ഏതൊരു ബുദ്ധിമാൻ ദംഭം, മോഹം, മാത്സര്യം, പാപകർമ്മങ്ങൾ, രാജദ്രോഹം, പരവഞ്ചന, സാമുദായിക വൈരം, ഇവകൾ ചെയ്യാതിരിക്കുന്നുവോ, മദ്യപാനി, ഉന്മത്തൻ, ദുർജ്ജനങ്ങൾ എന്നിവരുമായി വാഗ്വാദത്തിൽ ഏർപ്പെടാതിരിക്കുന്നുവോ, അദ്ദേഹം ശ്രേഷ്ഠൻതന്നെ.

ഏതൊരുവൻ സകല ജീവജാലങ്ങൾക്കും ശാന്തി യും സമാധാനവും ഉണ്ടാകണമെന്ന് ആഗ്രഹിക്കുന്നുവോ, സത്യസന്ധനും മൃദുല സ്വഭാവിയും അന്യരെ ആദരിക്കുന്നതിൽ തല്പരനും ശുദ്ധനുമായ സ്വഭാവത്തോടുകൂടിയവനും ആകുന്നുവോ, അദ്ദേഹം രത്നത്തെപ്പോലെ സ്വജനസമൂഹത്തിൽ പ്രസന്നതയോടെ ശോഭിക്കുന്നു.

തന്റെ രാജ്യത്തിലെ പ്രജകളുടെ സ്ഥിതി, ലാഭം, നഷ്ടം, ഭണ്ഡാരം, ജനപദം, ശിക്ഷാരീതി എന്നിവകളുടെ കൃത്യമായ അളവുകൾ അറിയാത്ത രാജാവ് ആ രാജ്യത്ത് അധികകാലം നിലനില്ക്കുകയില്ല.

തേനീച്ച, വണ്ട് എന്നീ ഷഡ്പദങ്ങൾ പൂക്കളെ നോവിക്കാതെ ഏതു വിധത്തിലാണോ അവയിൽ നിന്നും തേൻ ശേഖരിക്കുന്നത് അതു പ്രകാരം രാജാവ് പ്രജകളെ കഷ്ടപ്പെടുത്താതെ അവരിൽ നിന്ന് കരം പിരിച്ചെടുക്കേണ്ടതാണ്.

മൂലധനം അല്പവും ലാഭം അധികവും ആയ ഉദ്യമങ്ങൾ വേഗത്തിൽ ആരംഭിക്കുവാൻ ബുദ്ധിമാനായ പുരുഷൻ തയ്യാറാകുന്നു. അത്തരം പ്രവൃത്തികളെ യാതൊന്നും തടസ്സപ്പെടുത്തുന്നുമില്ല.

പൂത്തുകൊണ്ടിരിക്കുന്നതും എന്നാൽ കായ്ക്കാത്തതും, കായ്കൾ ഉള്ളതും എന്നാൽ കയറി പറ്റാൻ സാധിക്കാത്തതും പഴുത്തിട്ടില്ലെങ്കിലും പഴുത്ത നിറത്തിലുള്ള ഫലങ്ങളോടുകൂടിയതുമായ വൃക്ഷത്തെപ്പോലെ ഇരിക്കണം രാജാവ് - എന്നാൽ അദ്ദേഹത്തെ ആരും ആക്രമിക്കുകയില്ല.

ഏതൊരു രാജാവ് തന്റെ പ്രജകളെ വാക്കുകൊണ്ടും നോക്കുകൊണ്ടും മനസ്സുകൊണ്ടും പ്രവൃത്തികൊണ്ടും സന്തുഷ്ടരാക്കുന്നുവോ പ്രജകൾ ആ രാജാവിൽ സദാ സന്തുഷ്ടരായിരിക്കുന്നു.



Scanned with CamScanner

ഭ്രാന്തന്മാരുടെ ആക്രോശങ്ങളിൽനിന്നും ബാലന്മാരുടെ ജല്പനങ്ങളിൽ നിന്നും സാരമായത് എല്ലാംതന്നെ ഗ്രഹിക്കണം. എങ്ങനെ എന്നാൽ കല്ലുകളിൽനിന്ന് സ്വർണ്ണം സംഭരിക്കുന്നതുപോലെ.

സത്യംകൊണ്ടു ധർമ്മം രക്ഷിക്കപ്പെടുന്നു, നിത്യോപയോഗംകൊണ്ട് വിദ്യ സംരക്ഷിക്കപ്പെടുന്നു, ശുചിത്വംകൊണ്ട് സൗന്ദര്യം സംരക്ഷിക്കപ്പെടുന്നു, ചാരിത്രംകൊണ്ട് കുലം സംരക്ഷിക്കപ്പെടുന്നു.

അന്യരുടെ ധനത്തിലും സൗന്ദര്യത്തിലും പരാക്രമത്തിലും കുലീനതയിലും സുഖത്തിലും, സൗഭാഗ്യത്തിലും സമ്മാന്യതയിലും ഈർഷ്യാവാനായിരിക്കുന്നവന്റെ രോഗം മാറാവ്യാധിയാകുന്നു.

ഈ മനുഷ്യശരീരം ഒരു രഥമാണ്. ബുദ്ധി അതിന്റെ സാരഥിയാണ് ഇന്ദ്രിയങ്ങൾ കുതിരകളാണ്. ഈ ഇന്ദ്രിയങ്ങളാകുന്ന കുതിരകളെ തന്റെ വശത്തിൽ നിർത്തുവാൻ സാമർത്ഥ്യമുള്ള ധീരനായ പുരുഷൻ നല്ല പാകത വന്ന കുതിരകളെ പൂട്ടിയ രഥത്തിൽ എന്നപോലെ സുഖമായി സഞ്ചരിക്കുന്നു; ജീവിക്കുന്നു.

അസൂയയില്ലായ്മ, ആർജ്ജവം, പവിത്രത, സന്തോഷം, പ്രീതിയുളവാക്കുന്ന സംഭാഷണരീതി, അടക്കവും ഒതുക്കവും, സത്യഭാഷണം, നിശ്ചയദാർഢ്യം - ഈ വക ഗുണങ്ങൾ ദുരാത്മാക്കളായ പുരുഷന്മാരിൽ ഒരിക്കലും ഉണ്ടാവുകയില്ല.

മധുരമായ വാക്കുകളിലൂടെ പറയുന്ന ഒരു കാര്യം പലവിധത്തിൽ ഗുണകരമായി ഭവിക്കുന്നു. എന്നാൽ അതേകാര്യം തന്നെ പരുഷമായ വാക്കുകളിൽകൂടെ പറയുന്നതായാൽ അനർത്ഥങ്ങൾക്കും കാരണമാകുന്നു.

വിനാശകാലം അടുത്തിരിക്കുന്ന മനുഷ്യന്റെ ബുദ്ധി കാലുഷ്യപൂർണ്ണമായിത്തീരുന്നു. ആയതിനാൽ ആ പുരുഷന് അന്യായങ്ങൾ ന്യായങ്ങളാണെന്നുള്ള തോന്നൽ മനസ്സിൽനിന്ന് വിട്ടുമാറുന്നില്ല.

മദ്യപാനം, കലഹം, സാമുദായികവൈരം, ഭാര്യാഭർത്താക്കന്മാരുടെ അഭിപ്രായവ്യത്യാസം, കുടുംബാംഗങ്ങളുടെ സ്പർദ്ധാമനോഭാവം, രാജകോപം, ദുഷ്ടമാർഗാചരണം, സ്ത്രീപുരുഷവാക്തർക്കം ഇവയെല്ലാം സർവദാ വർജ്ജ്യങ്ങളാണെന്ന് നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു.

വാർദ്ധക്യം സൗന്ദര്യത്തെ നശിപ്പിക്കുന്നു. ആഗ്രഹം ധൈര്യത്തെ നശിപ്പിക്കുന്നു. മരണം പ്രാണികളെ നശിപ്പിക്കുന്നു, അസൂയ ധർമ്മാ



Scanned with CamScanner

ചരണബോധത്തെ നശിപ്പിക്കുന്നു, ക്രോധം ഐശ്വര്യത്തെ നശിപ്പിക്കുന്നു, കാമം ലജ്ജയെ നശിപ്പിക്കുന്നു, അഹങ്കാരം സർവ്വതും നശിപ്പിക്കുന്നു.

ഏവകൊണ്ട് വാർദ്ധക്യത്തിൽ സുഖമായി ജീവിക്കുവാൻ സാധിയ്ക്കും, യൗവനകാലത്ത് അത്തരം പ്രവൃത്തികൾ ചെയ്യണം. ഏവയാൽ മരണാനന്തരം സുഖം സിദ്ധിയ്ക്കും, ജീവിച്ചിരിക്കുമ്പോൾ അത്തരം കാര്യങ്ങൾ ചെയ്യണം.

നമ്മുടെ കുലത്തിൽ വൈരം വരുത്തിവയ്ക്കുന്നവരായി ആരും ഉണ്ടാകരുത്. അന്യരുടെ ധനത്തെ അപഹരിക്കുന്ന രാജാവോ മന്ത്രിയോ ഉണ്ടാകരുത്. മിത്രദ്രോഹിയോ കളവ് ചെയ്യുന്നവനോ അസത്യം പറയുന്നവനോ ഉണ്ടാകരുത്.

പുല്ലുകൊണ്ടുണ്ടാക്കിയ പായ, അതിഥികൾക്ക് ഇരിക്കുവാനുള്ള സ്ഥലം, കഴിക്കുവാനും മറ്റുമുള്ള ജലം, മധുരമായ വാക്കുകൾ ഇവ സജ്ജനങ്ങളുടെ ഗൃഹങ്ങളിൽ സുലഭമായി ഉണ്ടായിരിക്കണം.

പെട്ടെന്ന് കോപിക്കുകയും കാരണമില്ലാതെ സന്തോഷിക്കുകയും ചെയ്യുന്നത് ദുർജ്ജനങ്ങളുടെ ലക്ഷണമാണ്.

എല്ലായ്പോഴും പ്രിയം പറയുന്നവരെ സുലഭമായി കാണാൻ സാധിക്കും. എന്നാൽ അപ്രിയമാണെങ്കിലും ഗുണകരമായ കാര്യങ്ങൾ പറഞ്ഞുകൊടുക്കുന്നവരും, ആ കാര്യങ്ങളെ ശ്രദ്ധയോടെ കേൾക്കുന്നവരും തുലോം ദുർല്ലഭമാകുന്നു.

ഒരു കുലത്തെ രക്ഷിക്കുവാൻ ഒരു വ്യക്തിയെ ഉപേക്ഷിക്കണം. ഒരു ഗ്രാമത്തെ രക്ഷിക്കുവാൻ ഒരു കുലത്തെ ത്യജിക്കണം, ഒരു രാജ്യത്തെ രക്ഷിക്കുവാൻ ഗ്രാമത്തെ ത്യജിക്കണം മോക്ഷം ലഭിക്കുവാൻ ഈ ഭൂമിയെത്തന്നെ ഉപേക്ഷിക്കണം.

അധികം ദയാലുവായ രാജാവ്, വ്യഭിചാരിണിയായ സ്ത്രീ, രാജസേവകൻ, പുത്രൻ, സഹോദരൻ, ചെറിയ കുഞ്ഞുള്ള വിധവ, അധികാരഭ്രഷ്ടനായ സൈനികോദ്യോഗസ്ഥൻ, ഈ വക ആളുകളുമായി ഇടപാടുകൾ ചെയ്തുകൂടാത്തതാകുന്നു.

ബുദ്ധിമാനായ പുരുഷനോട് ക്രൂരമായി പ്രവർത്തിച്ചിട്ട് താൻ ദൂരെയാണല്ലോ ഇരിക്കുന്നത് എന്നു കരുതി ആശ്വസിക്കരുത്. ഉപദ്രവിച്ചാൽ അവർ ഇങ്ങോട്ടും ഉപദ്രവിക്കും തീർച്ച.



Scanned with CamScanner

വിശ്വസിക്കാൻ അർഹതയില്ലാത്തവരെ വിശ്വസിക്കരുത്. വിശ്വസ നീയരാണെന്ന് തോന്നുന്നവരെത്തന്നെ അധികം വിശ്വസിക്കരുത്. അതിവിശ്വാസത്തിൽ നിന്നുണ്ടാകുന്ന ആപത്ത് ഉന്മൂലനാശം കൂടി വരുത്തുവാൻ പര്യാപ്തമാകുന്നു.

## സനാതനധർമ്മ പഠനം –56

# പഴഞ്ചൊല്ലുകളിലെ മാനേജ്മെന്റ് സന്ദേശങ്ങൾ

1. **അകലത്തെ ബന്ധുവിനേക്കാൾ അരികത്തെ ശത്രു നല്ലത്.** –എന്നുമെന്നും അടുത്തുള്ള വ്യക്തികൾക്കാണ് അകലെ യുള്ള വ്യക്തികളെക്കാൾ എളുപ്പത്തിലും ദീർഘമായും നമ്മളെ സഹായിക്കാനാകുക എന്നറിയണം.

2. **അഞ്ചുവിരലും ഒരുപോലല്ല.** - എല്ലാ മനുഷ്യരും ഒരിക്കലും ഒരേപോലെയാകു മെന്നും നാം ധരിക്കരുത്.

3. **അടിതെറ്റിയാൽ ആനയും വീഴും.** – എതു വ്യക്തിക്കും തെറ്റു പറ്റിയാൽ അതിന്റെ ഫലം ആ വ്യക്തി അനുഭവിക്കേണ്ടി വരും.

4. **അണ്ണാൻകുഞ്ഞും തന്നാലായത്.** – എല്ലാ വ്യക്തികൾക്കും അവരവരുടെ പരിധിക്കു ള്ളിലും പരിമിതികൾക്കുള്ളിലും നിന്നു കൊണ്ട് കുറേയേറെ കാര്യങ്ങൾ ചെയ്യാനാകും.

5. **അധികമായാൽ അമൃതും വിഷം.** – നന്മയാ യാലും, തിന്മയായാലും വാക്കും, പ്രവൃത്തിയും, ദ്രവ്യവും ഒന്നും തന്നെ പരിധി കടക്കരുത്.

6. **അപ്പം തിന്നാൽമതി, കുഴിയെണ്ണണ്ട.** – ചില കാര്യങ്ങൾ പരിധിക്കപ്പുറം ചിന്തിച്ച് വേവലാതി പ്പെടേണ്ട കാര്യമില്ല. ആവശ്യമില്ലാത്തതിനെക്കുറിച്ച് ചിന്തിച്ച് സമയം കളയേണ്ടതുമില്ലന്നറിയണം.

7. **അമ്മയുടെ മടിയിൽ ഇരിക്കുകയും വേണം അച്ഛന്റെ കൂടെ നടക്കുകയും വേണം.** – രണ്ടു മൂന്ന് കാര്യങ്ങൾ ഒരുമിച്ചു ചെയ്യാൻശ്രമിച്ചാൽ പരാജയപ്പെട്ടേക്കാം. അതിനു ശ്രമിക്കരുത്.

8. **ആനകൊടുത്താലും ആശ കൊടുക്കരുത്.**- പ്രതീക്ഷ കൊടുക്കുന്നതിനു മുമ്പും വാഗ്ദാ നം ചെയ്യുന്നതിനു മുമ്പും ശ്രദ്ധിക്കുക. പിന്നീട് അതു പ്രശ്നമുണ്ടാകരുത്.

9. **ആനയ്ക്ക് തടി ഭാരം ; ഉറുമ്പിന് അരി ഭാരം.** –

ഓരോ ജോലിയും ഉത്തരവാദിത്വവും ഓരോ ത്തർക്ക് ഓരോ രീതിയിലായിരിക്കും എന്നു നാം അറിയണം.

10. **ആറിയകഞ്ഞി പഴങ്കഞ്ഞി.** –പലതും അതാതു സമയത്തു തന്നെ ചെയ്യണം. പിന്ന ത്തേക്ക് എന്നു പറഞ്ഞ് മാറ്റിവെച്ചാൽ അത് അപ്രധാനമായിത്തീരും.

11. **ഇരിക്കുന്ന കൊമ്പ് മുറിക്കരുത്.**- അവന വന് ആധാരവും ജീവിതോപാ സിയുമായിട്ടുള്ളത് നശിപ്പിക്കരുത്.

12. **ഇരിക്കും മുമ്പേ കാൽ നീട്ടരുത്.** – എല്ലാ കാര്യങ്ങളും ചിന്തിച്ചും വിശകലനം ചെയ്തും വേണം കാര്യങ്ങളിലേക്കിറങ്ങാനെന്നറിയണം.



Scanned with CamScanner

13. **ഇല മുള്ളിൽ വീണാലും മുള്ള് ഇലയിൽ വീണാലും ഇലയ്ക്ക് തന്നെ കേട്.** – കാര്യ നിർവഹണം ഏതു വിധത്തിലായാലും ചില പ്പോൾ ഒരേ ഭാഗത്തിനായിരിക്കും അതിന്റെ ദൂഷ്യഫലങ്ങളനുഭവിക്കേണ്ടി വരുക.

14. **ഉണ്ടവനറിയില്ല, ഉണ്ണാത്തവന്റെ വിശപ്പ്.** – പലർക്കും പലവിധത്തിലുള്ള ദുഃഖങ്ങളും പ്രശ്നങ്ങളുമാണ്. മറ്റു പലർക്കും അതറിയാൻ വിഷമവുമായിരിക്കും.

15. **ഉണ്ണിയെക്കണ്ടാലറിയാം ഊരിലെ പഞ്ഞം.** – വ്യക്തിയേയും കുടുംബാന്തരീക്ഷവും പരിസരവും കണ്ടാൽ തന്നെ കുറേ കാര്യങ്ങൾ ചോദിക്കാതെ അറിയാൻ കഴിയും.

16. **ഉത്തരം മുട്ടുമ്പോൾ കൊഞ്ഞനം കുത്തും.** – വാദിക്കാനും വെല്ലുവിളിക്കാനും വരുന്നവർ ഉത്തരം ലഭിക്കാതാകുമ്പോൾ വിഷയം മാറ്റുന്നതു കാണാവുന്നതാണ്.

17. **ഉപ്പു തിന്നവൻ വെള്ളം കുടിക്കും.** – പ്രശ്നങ്ങളുണ്ടാക്കിയവർ അതിന്റെ പരിണത ഫലവും അനുഭവിക്കും.

18. **ഉള്ളതുകൊണ്ട് ഓണം.** – എല്ലായിടത്തും ആഗ്രഹിച്ചതും പ്രതീക്ഷിച്ചതും ലഭിച്ചു എന്നു വരില്ല, ലഭ്യമായതുകൊണ്ട് മുന്നോട്ടു പ്രയാണം ചെയ്യുക.

19. **ഉള്ളിലൊന്ന്, നാക്കിലൊന്ന്, കൈയിലൊന്ന്.** – ഒരുദ്ദേശമില്ലാതെ തുറന്ന മനസ്സോടെ പ്രവർത്തിക്കുക.

20. **ഉറങ്ങുന്നവനെ ഉണർത്താം, ഉറക്കം നടിക്കു ന്നവനെ ഉണർത്താൻ പറ്റുമോ ?** – അടഞ്ഞ മനസ്സു വെച്ചുകൊണ്ട് മുൻവിധി യോടെ പലതും ചെയ്യുകയും പറയുകയും ചെയ്യു ന്നവരെ പറഞ്ഞു മനസ്സിലാക്കി അവരിൽ മാറ്റമുണ്ടാക്കുകയെന്നത് അസാദ്ധ്യമാണ്.

21. **എത്താത്ത മുന്തിരിങ്ങ പുളിക്കും.** – പലതും ചെയ്യാമെന്നേറ്റവൻ പരാജയം മൂടിവെക്കാൻ ശ്രമിക്കുമ്പോൾ മറ്റുള്ളവ രിൽ, മറ്റുള്ളതിൽ കുറ്റമാരോപിക്കുന്നു.

22. **എലിയെ തോല്പിക്കാൻ ഇല്ലം ചുട്ടു.** – ചെറിയ പ്രശ്നങ്ങൾ പരിഹരിക്കാനായി ഭീകരമായ പരിഹാര മാർഗങ്ങൾക്കിറങ്ങി പുറപ്പെടരുത്.

23. **എല്ലുമുറിയെ പണിചെയ്താൽ പല്ലു മുറിയെ തിന്നാം.** – കഠിനയത്നം, സ്ഥിരോത്സവം, ഇതെല്ലാം നന്മ നിറഞ്ഞ ഫലം ലഭിക്കാനാവശ്യമാണ്.

24. **എഴുതാപ്പുറം വായിക്കരുത്.** – ആവശ്യമില്ലാത്ത കാര്യങ്ങളിൽ ഇടപെടരുത്.

25. **എറിഞ്ഞ കല്ലും പറഞ്ഞവാക്കും തിരിച്ചെടുക്കാൻ പറ്റുകയില്ല.** – ചെയ്തതും, പറഞ്ഞതുമായ തെറ്റുകൾ തിരുത്താനാകില്ല. ഭൂതകാലത്തെ തിരുത്താനും ബുദ്ധിമുട്ടാണ്.

26. **എച്ചുകെട്ടിയാൽ മുഴച്ചിരിക്കും.** – ചേരുന്നതു പ്രകാരം വേണം വസ്തുവും, വിവരവും, വാക്കുകളും ചേർക്കേണ്ടത്. അല്ലാ തത് ഗുണത്തേക്കാളേറെ ദോഷം ചെയ്യും.

27. **ഐക്യമത്യം മഹാബലം.** – ഒരുമിച്ചു പ്രവർത്തിക്കലായിരിക്കണം കർമ്മ മാർഗ്ഗ വും ലക്ഷ്യവും.

28. **ഒത്തു പിടിച്ചാൽ മലയും പോരും (മറിക്കാം).** – ഒത്തൊരുമിച്ചു പ്രവർത്തിച്ചാൽ വളരെ സങ്കീർണമായ പ്രശ്നങ്ങൾ പോലും പരിഹരിക്കാനാകും.

29. **ഒരു കുന്നിന് ഒരു കുഴി.** – ജീവിത ത്തിൽ ഉയർച്ചയും താഴ്ചയും; ലാഭവും



Scanned with CamScanner

നഷ്ടവും, ചിരിയും കരച്ചിലും; വരവും പോക്കും; ശത്രുക്കളും മിത്രങ്ങളുമുണ്ടെന്നറിയണം.

**30. ഒരു കമ്പിൽ പിടിച്ചാലും പുളിങ്കമ്പിൽ പിടിക്കണം.** – നാം ആരെ ആശ്രയിക്കുമ്പോഴും ശക്തനായ വ്യക്തിയെ വേണം ആശ്രയിക്കാൻ. ദുർബലനെ ആശ്രയിക്കരുത്.

**31. ഒരുമ തന്നെ പെരുമ.** – ഒത്തൊരുമിച്ച് പ്രവർത്തിക്കുമ്പോളുണ്ടാകുന്ന ബലം ശക്തവും, ഫലം ഉജ്ജ്വലവുമാണ്.

**32. ഒരു വെടിക്ക് രണ്ട് പക്ഷി.** – ഒരു പ്രവൃ ത്തിയിലൂടെ രണ്ടു നേട്ടങ്ങളുണ്ടാകുക.

**33. ഓടുന്ന പട്ടിക്ക് ഒരു മുഴം മുന്നെ.** – കാര്യങ്ങൾ മുൻകൂട്ടി ചിന്തിച്ചുവേണം പ്രവർത്തിക്കാൻ.

**34. കടന്നൽ കൂട്ടിൽ കല്ലെറിയരുത്.** – ആവശ്യമില്ലാതെ പ്രശ്നങ്ങളുണ്ടാക്കരുത്, അത് പിന്നീട് സങ്കീർണ പ്രശ്നങ്ങളായി മാറുമെന്നോർക്കുക.

**35. കണ്ടറിയാത്തവൻ കൊണ്ടറിയും.** – കാര്യ ങ്ങൾ വ്യക്തമായി അറിഞ്ഞു പ്രവർത്തിക്കാനുള്ള കഴിവില്ലെങ്കിൽ അഥവ അതിനു ശ്രമിച്ചില്ലെങ്കിൽ അതിന്റെ തിക്ത ഫലങ്ങൾ അനുഭവിക്കേണ്ടി വരുമെന്നോർക്കുക.

**36. കടിക്കുന്ന പട്ടി കുരയ്ക്കില്ല.** – ചിലർ കാര്യങ്ങൾ ശാന്തമായി ബഹളമുണ്ടാക്കാതെ ചെയ്യുന്നു. അവർ കർമ്മ നിരതരായിരിക്കും.

**37. കണ്ണാടിക്കൂട്ടിലിരുന്ന് കല്ലെറിയരുത്.** –
അവനവന്റെ അവസ്ഥയറിയാതെയും മുമ്പും പിമ്പും നോക്കാതെയും പ്രവർത്തിക്കരുത്.

**38. കണ്ണിൽ കൊള്ളാനുള്ളത് പുരികത്തായി.** – സങ്കീർണമായ പ്രശ്നങ്ങളുണ്ടാകാതെ നിസ്സാരമായി ഒരു പ്രശ്നം അവസാനിച്ചു.

**39. കയ്ച്ചിട്ട് ഇറക്കാനും വയ്യ, മധുരിച്ചിട്ട് തുപ്പാനും വയ്യ.** – ചില കാര്യങ്ങൾ, വാക്കുകൾ, പ്രവർത്തികൾ സ്വീകരിക്കാനും തിരസ്കരിക്കാനും ബുദ്ധിമുട്ടായിരിക്കുന്ന അവസ്ഥയാണിത്.

**40. കരയുന്ന കുഞ്ഞിനേ പാലുള്ളൂ.** – അവനവനു വേണ്ടതും ആവശ്യമുള്ളതും പറ ഞ്ഞറിയിച്ച് പ്രശ്ന പരിഹാരം കണ്ടെത്തണം.

**41. കാക്ക കുളിച്ചാൽ കൊക്കാകുമോ ?** – ചില വ്യക്തികളിൽ എളുപ്പത്തിൽ മാറ്റമുണ്ടാകുമെന്ന് പ്രതീക്ഷിക്കരുത്.

**42. കാണാൻ പോകുന്ന പൂരം പറഞ്ഞു കേൾപ്പിക്കണോ ?** – ചില കാര്യങ്ങൾ നാം വ്യക്തമായി ട്ടറിയാൻ അവസരമുള്ളപ്പോൾ അതറിഞ്ഞതിനു ശേഷം പ്രതികരിക്കുക. ഭാഗികമായി കേട്ടറിഞ്ഞ് പ്രതികരിക്കാതിരിക്കുക.

**43. കാര്യം കാണാൻ കഴുതക്കാലും പിടിക്കണം.** – ചില നേട്ടങ്ങളുണ്ടാക്കാൻ കുറേയധികം താഴേണ്ടി വരുമെന്നോർക്കുക.

**44. കാലത്തിനൊത്ത് കോലം കെട്ടണം.** –
ചുറ്റുപാടുകൾക്കനുസരിച്ച് പ്രവർത്തിക്കാൻ പഠിക്കണം.

**45. കുടം കമഴ്ത്തിവച്ച് പുറത്ത് വെള്ളമൊഴിക്കരുത്** – പ്രയോജനമില്ലാത്ത പ്രവൃത്തി ചെയ്യരുത്. പ്രയോജനപ്പെടാത്ത രീതിയിലും ചില പ്രവൃത്തി ചെയ്യരുത്.



Scanned with CamScanner

46. **കുന്തം പോയാലും കുടത്തിലും തപ്പണം.** – കാര്യങ്ങൾ അന്വേഷിക്കണം, പലരോടും പലയിടത്തും അന്വേഷിക്കണം.

47. **കോരിയ കിണറ്റിലേ ഉറവുള്ളൂ.** – പുതിയ പുതിയ നേട്ടങ്ങളുണ്ടാകാൻ പഴയത് പഴയത് മാറ്റിക്കൊണ്ടേയിരിക്കണം.

48. **ഗതികെട്ടാൽ പുലി പുല്ലും തിന്നും.** – ചിലപ്പോൾ പ്രതീക്ഷിക്കാത്ത വിധത്തിൽ സംഭവിച്ചാൽ സംഭവിച്ചതിനനുസരിച്ച് ജീവിക്കാൻ പഠിക്കണം.

49. **ചങ്ങാതി നന്നെങ്കിൽ കണ്ണാടി വേണ്ട** – നമ്മെക്കുറിച്ച് മറ്റുള്ളവരിൽ നിന്നും വിലയിരുത്തലുകൾ സ്വീകരിക്കുക.

50. **ചോറിങ്ങും കൂറങ്ങും.** –മനസ്സും ചിന്തകളും ഒരു വ്യക്തിക്കും/കാര്യത്തിനും പ്രവൃത്തി മറ്റൊരു വ്യക്തിക്കും കാര്യത്തിനും വേണ്ടിയാകരുത്. രണ്ടും ഒന്നിലാകണം.

51. **ജനിക്കും മുമ്പ് ജാതകം കുറിക്കണോ.** – പ്രശ്നങ്ങളുണ്ടാകുന്നതിന് മുമ്പ് തന്നെ പൂർണ പരിഹാരം ഗണിച്ചുവെക്കാൻ ശ്രമി ച്ചാൽ പൂർണ വിജയം ലഭിച്ചു എന്നുവരില്ല

52. **ജാത്യാലുള്ളതു തൂത്താൽ പോകുമോ ?** - ചിലരുടെ കർമ്മവും, വാക്കുകളും, രീതി യും ചെറുപ്പകാലം മുതൽക്കുള്ളതാണ്. അതെല്ലാം മാറ്റാൻ എളുപ്പമല്ല.

53. **തന്നെത്താനറിയാഞ്ഞാൽ പിന്നെത്താനറിയും.** - സ്വയം അനുഭവിച്ചറിയാൻ വിമുഖ ത കാണിച്ചാൽ, പരിണതഫലങ്ങളറിയു മ്പോൾ കൂടുതൽ ദുഃഖിക്കേണ്ടി വരും.

54. **താൻ കുഴിച്ച കുഴിയിൽ താൻ തന്നെ വീഴും.** –സ്വയം വരുത്തിവെക്കുന്ന പ്രശ്നങ്ങൾ സ്വയം അനുഭവിക്കേണ്ടി വരും.

55. **താൻ പാതി ദൈവം പാതി.** – സ്വയം ചെയ്യേണ്ടതു ചെയ്യുക, പിന്നീടുള്ള ഈശ്വരാനുഗ്രഹം പോലെ സംഭവിക്കട്ടെയെന്നു കരുതുക.

56. **തീക്കൊള്ളികൊണ്ട് തല ചൊറിയരുത്.** –സങ്കീർണമായ പരിഹാരമാർഗങ്ങളുപയോഗിച്ച് നിസ്സാര പ്രശ്നങ്ങൾ പരിഹരിക്കാൻ ശ്രമിക്കരുത്.

57. **തീയിൽ കുരുത്തത് വെയിലത്തു വാടില്ല.** – സങ്കീർണമായ പ്രശ്നങ്ങളഭിമുഖീകരിച്ച് വളർന്നവർ നിസ്സാര പ്രശ്നങ്ങൾ വരുമ്പോൾ തളരില്ല.

58. **തൂശി കടത്താൻ ഇടം കൊടുത്താൽ തൂമ്പാ കടത്തും.** – ചില ചെറിയ നന്മകളിൽ നിന്ന് മുതലെടുത്ത് ചിലർ ചൂഷണം നടത്താൻ ശ്രമിക്കുന്നത് കരുതിയിരിക്കുക.

59. **തേടിയ വള്ളി കാലിൽ ചുറ്റി**– അന്വേഷിച്ചിറങ്ങുമ്പോൾ പലരും, ആവശ്യമുള്ളതും, മുമ്പിൽ തന്നെ വന്നു ചേരുന്നത് പ്രയോജനപ്പെടുത്തുക.

60. **നല്ല മരത്തിൽ ഇത്തിൾ പിടിച്ചു.**– നല്ല വ്യകതി മോശപ്പെട്ടവനായിത്തീർന്നു.

61. **നാക്കു നന്നെങ്കിൽ നാടടക്കാം.** – നല്ല രീതിയിൽ സംസാരിക്കാനുള്ള വാക്ചാതുരിയുണ്ടെങ്കിൽ പലരേയും പലതിനേയും കീഴടക്കാനാകും.

62. **നിറകുടം തുളുമ്പില്ല** – നന്മ നിറഞ്ഞ അറിവുള്ളവർ ആവശ്യമില്ലാത്ത കാര്യങ്ങളിലിടപ്പെടില്ല.

63. **പടപേടിച്ച് പന്തളത്തു ചെന്നപ്പോൾ പന്തവും കൊളുത്തി പട പന്തളത്തുനിന്ന്.** – പ്രശ്ന പരിഹാരത്തിന് ഇറങ്ങി ചെല്ലുമ്പോൾ അവിടെ നിന്നും വലിയ പ്രശ്നങ്ങൾ അഭി മുഖീ കരിക്കേണ്ടി വരുന്നതു കരുതിയിരിക്കുക.



Scanned with CamScanner

64. **പത്തമ്മ ചമഞ്ഞാലും പെറ്റമ്മയാകില്ല.** – വളരെ വേണ്ടപ്പെട്ട ചിലർക്കു പകരം മറ്റൊരുവനെ ലഭിച്ചു എന്നു വരില്ല.

65. **പമ്മെത്തിന്നാൽ പനയും തിന്നാം.** – അടുക്കം ചിട്ടയോടും കൂടി കാര്യങ്ങൾ ചെയ്താൽ സങ്കീർണമായതും കുറേക്കൂടി എളുപ്പത്തിൽ ചെയ്തു തീർക്കാനാകും.

66. **പഴഞ്ചൊല്ലിൽ പതിരില്ല.** – പഴയ പല ഉപ ദേശങ്ങളിലുംതെറ്റുകൾ കുറവായിരിക്കും.

67. **പഴുത്തപ്ലാവില വീഴുമ്പോൾ പച്ചപ്ലാവില ചിരിക്കും.** – എല്ലാവർക്കും എല്ലായിപ്പോഴും ഒരേ അവസ്ഥയായിരിക്കില്ല.

68. **പാപി ചെല്ലുന്നിടം പാതാളം** – പ്രശ്നമുണ്ടാക്കുന്നവർ പോകുന്നിടത്ത് അവർ പ്രശ്ന മുണ്ടാക്കിയെന്നു വരും.

69. **പുകഞ്ഞ കൊള്ളി പുറത്ത്** – പ്രയോജനമില്ലാത്തവരും പ്രശ്നം സൃഷ്ടിക്കുന്ന വരും കൂടെയുണ്ടാകുന്നത് നല്ലതല്ല.

70. **പുത്തനച്ചി പുരപ്പുറം തൂക്കും** – പുതിയ വ്യക്തികൾ പലപ്പോൾ അംഗീകാരത്തിനായി വേണ്ടാത്തതും ചെയ്തു എന്നുവരുമെന്നോർക്കുക.

71. **പൂച്ചയ്ക്ക് പൊന്നുരുക്കുന്നിടത്ത് എന്തുകാര്യം.** – ആവശ്യമില്ലാത്തിടത്തേക്ക് ആവശ്യ മില്ലാത്തവർ പോകാതിരിക്കണം. ആവശ്യമില്ലാ ത്തതിൽ ഇടപെടാതിരിക്കണം.

72. **മടിയൻ മല ചുമക്കും.** – ചെയ്യേണ്ട കാര്യ ങ്ങൾ ചെയ്യാതെ അലസരായിരുന്നാൽ പിന്നീ ട് കഠിനമായത് ചെയ്യേണ്ടിയും ബുദ്ധിമുട്ടേ ണ്ടിയും വരും.

73. **മിന്നുന്നതെല്ലാം പൊന്നല്ല.** – നല്ലതും ശുദ്ധകരവുമെന്നു തോന്നുന്ന പലതും അങ്ങി നെയായിരിക്കണമെന്നില്ല. ശ്രദ്ധയോടെ വിലയിരുത്തി മാത്രം സ്വീകരിക്കുക.

74. **മുറ്റത്തെ മുല്ലയ്ക്കു മണമില്ല** – അടുത്തു ള്ള പല മഹദ് വ്യക്തികളുടെയും മഹത്വം നാം അറിയാതെയും പ്രയോജന പ്പെടുത്താ തേയും പോകുന്നു.

75. **മൗനം വിദ്വാനു ഭൂഷണം** – വേണ്ടാ ത്തിടത്ത് കയറി സംസാരിക്കാതിരുന്നാൽ അത് ശ്രേഷ്ഠന്മാർക്ക് തന്നെ നല്ലതാ യിരിക്കും. അവർ അവഹേളിതരാകില്ല എന്നുമറിയണം.

## സനാതനധർമ്മ പഠനം –57

## സംഖ്യാതത്വങ്ങൾ

**ഈശ്വരോപാസന രീതികൾ** : വൈദീകം, താന്ത്രികം .

**അശ്വനീദേവതകൾ** : മിതാഹാരം, ഹീതായാസം + ഹിതാഹാരം മിതായാസം

**ത്രിമൂർത്തികൾ** : സൃഷ്ടിക്കാധാരമായ പ്രപ ഞ്ച ചൈതന്യം- ബ്രഹ്മാവ്. സ്ഥിതി ക്കാധാരമായ പ്രപഞ്ച ചൈതന്യം - വിഷ്ണു. സംഹാരത്തിന്നാധാരമായ പ്രപഞ്ച ചൈതന്യം - ശിവൻ.

**ത്രിഗുണം** : സത്വഗുണം, രജോഗുണം, തമോഗുണം

**ത്രിസന്ധ്യ** : ഇരുട്ടിൽ നിന്ന് വെളിച്ചത്തിലേക്കുള്ള സന്ധി- പ്രഭാതസന്ധ്യ; സൂര്യന്റെ ഉയർച്ചയിൽ നിന്ന് താഴ്ചയിലേക്കുള്ള സന്ധി- മധ്യാഹ്ന സന്ധ്യ; വെളിച്ചത്തിൽ നിന്നിരുട്ടിലേക്കുള്ള സന്ധി - സായം സന്ധ്യ



Scanned with CamScanner

**ത്രിഫല** : കടുക്ക- നെല്ലിക്ക- താന്നിക്ക. മൂന്നു ആയുർവേദ ഔഷധഗുണമുള്ളവയാണ്

**ത്രിമധുരം** : കദളിപ്പഴം, തേൻ, കൽക്കണ്ടം

**ത്രികാലജ്ഞാനം** : ഭൂത- വർത്തമാന ഭാവികാലത്തെക്കുറിച്ചുള്ള ജ്ഞാനം

**ത്രി ദോഷം** : വാത - പിത്ത - കഫം (ആയുർവേദത്തിന്റെഅടിസ്ഥാനതത്വം)

**ത്രിലോകം** : ഭൂലോകം. ഭൂവർലോകം. സ്വർലോകം

**ത്രി നാഡി** : ഇഡ - പിംഗള - സുഷുമ്ന

**(ത്രി)പ്രാണായാമം** : രേചകം - പൂരകം - കുംഭകം

**ത്രിഋണം** : തീരാത്ത മൂന്ന് കടങ്ങൾ ഈ ജന്മം നൽകിയതിന് ഈശ്വര നോടുള്ള കടം ദേവ ഋണം. അച്ഛനമ്മമാരോടുള്ളത് പിതൃ ഋണം. ഋഷിവര്യന്മാരോടുള്ളത് ഋഷി ഋണം.

**ചതുർവേദം** : ഋഗ്വേദം, യജുർ വേദം, സാമവേദം, അഥർവവേദം

**ചതുരാശ്രമം** : ബ്രഹ്മചര്യം, ഗൃഹസ്ഥം, സന്യാസം, വാനപ്രസ്ഥം

**ചതുർവിധപുരുഷാർത്ഥം** : ധർമ്മ - അർത്ഥ - കാമ - മോക്ഷം

(ധാർമ്മീക മൂല്യങ്ങൾ സംരക്ഷിക്കുക. സുഖമായി ജീവിക്കാനുള്ള സമ്പത്ത് ധാർമ്മികമായുണ്ടാക്കുക, ജീവിതത്തിലെ ആഗ്രഹങ്ങൾ സഫലീകരിക്കുക, എല്ലാത്തിൽ നിന്നും മോചനം നേടുക)

**ചതുരവസ്ഥ** : ജാഗ്രത്, സ്വപ്ന, സുഷുപ്ത, തുരീയാവസ്ഥകൾ.

**പഞ്ചഭൂതം** : പൃഥ്വി-അപ്-തേജ -വായു - ആകാശം (പ്രപഞ്ചഘടനയുടെ ആധാരമാണിത്)

**പഞ്ച പ്രാണൻ** : പ്രാണ - അപാന - വ്യന - ഉദാന - സമാനൻ.

**പഞ്ച ജ്ഞാനേന്ദ്രിയം** : കണ്ണ് - ചെവി - മൂക്ക് - നാക്ക് - ത്വക്ക് (മനുഷ്യൻചുറ്റുപാടുകളുമായി ബന്ധപ്പെടുന്ന അവയവങ്ങളാണിത്)

**പഞ്ചകർമ്മേന്ദ്രിയം**: കൈ-കാൽ- നാക്ക്- ഗുദം-ജനനേന്ദ്രിയം (ശരീരത്തിൽ പ്രവർ ത്തിക്കുന്ന അവയവങ്ങൾ)

**പഞ്ചാഗ്നി തപസ്**: നാലുവശത്തും തീയിട്ട് മുകളിൽ സൂര്യനുമുള്ളപ്പോൾ ചെയ്യുന്ന തപസ്സാണ് പഞ്ചാഗ്നി തപസ്.

**പഞ്ചയമങ്ങൾ** : അഹിംസ - സത്യം - ആസ്തേയം - ബ്രഹ്മചര്യം -അപരിഗ്രഹം (ഹിംസിക്കാതിരിക്കുക, സത്യമറിയുക, മറ്റുള്ളവനെ ചൂഷണം ചെയ്യാതിരിക്കുക, ജീവിത ലക്ഷ്യത്തിലേക്ക് പ്രയാണം ചെയ്യു ക. മറ്റുള്ളവരുടേത് ആഗ്രഹിക്കാതിരിക്കുക)

**പഞ്ചനിയമങ്ങൾ** : ശൗചം, സന്തോഷം, തപ: സ്വാധ്യായം ഈശ്വരപ്രണിധാനം (ശാരീരകശുദ്ധി, സംതൃപ്തി, പ്രവർത്തന മണ്ഡലത്തിലെ ഗഹനമായ അറിവ്, സ്വയം പഠിച്ചറിവുനേടുക, പ്രപഞ്ചചൈതന്യത്തിനാധാരമായ ഒരു ജീവിതം നയിക്കുക.



Scanned with CamScanner

**പഞ്ചമാതാ :** സ്വന്തം മാതാവ്, വളർത്തമ്മ, ജ്യേഷ്ഠപത്നി, ഗുരുപത്നി, രാജപത്നി ഇവരാണ് അഞ്ച് അമ്മമാർ.

**പഞ്ചാംഗം :** തിഥി, വാരം, നക്ഷത്രം, കരണം, യോഗം ഇവയാണ് പഞ്ചാംഗം

**പഞ്ചാമൃതം :** പഴം- ശർക്കര- നെയ്യ്- കൽക്കണ്ടം- മുന്തിരി (ചിലപ്പോൾ പാൽ ചേർക്കാറുണ്ട്)

**പഞ്ചഗവ്യം :** ചാണകം, ഗോമൂത്രം, നെയ്യ്, തൈര്, പാൽ (പശുവിന്റെ അഞ്ചുതരം ഉൽപ്പന്നങ്ങൾ)

**പഞ്ചവാദ്യം :** തിമില, നാദസ്വരം, ഇലത്താളം, ഇടക്ക, ചെണ്ട.

**പഞ്ചമഹായജ്ഞം:** ദേവന്മാർക്കുള്ളത് ദേവയജ്ഞം, ഋഷിമാർക്കുള്ള ത് ഋഷിയജ്ഞം, പിതൃക്കൾക്കുള്ളത് പിതൃയജ്ഞം, നമ്മുടെ ചുറ്റുപാടുമുള്ള ചരാചരങ്ങൾക്കുള്ളത് ഭൂതയ ജ്ഞം, മുനുഷ്യർ ക്കുള്ളത് മനുഷ്യയജ്ഞം

**പഞ്ചകന്യകൾ :** അഹല്യ - ദ്രൗപതി - സീത - താരാ- മണ്ഡോദരി.

**പഞ്ചപാണ്ഡവർ:** ധർമ്മപുത്രൻ- ഭീമൻ- അർജ്ജുനൻ, നകുലൻ, സഹദേവൻ

**പഞ്ച ലോഹം:** (നാലുഭാഗം) വെള്ളി, (ഒരു ഭാഗം) സ്വർണ്ണം, (എട്ടു ഭാഗം) ചെമ്പ്, (എട്ടു ഭാഗം) പിച്ചള (അൽപം) ഇരുമ്പ്

**പഞ്ചാക്ഷരം :** ന മ ശി വാ യ

**ഷഡ് രസം :** ഉപ്പ്, പുളി, എരിവ്, ചവർപ്പ്, മധുരം, കയ്പ്

**ഷഡാധാരം :**മൂലാധാരം, സ്വാധിഷ്ഠാനം, മണിപൂരകം, അനാഹതം, വിശുദ്ധി, ആജ്ഞാചക്രം

**ഷഡംഗങ്ങൾ:** ശിക്ഷ, നിരുക്തം, വ്യാകരണം, ഛന്ദശാസ്ത്രം, കൽപശാസ്ത്രം, ജോതിഷം

**ഷഡ് ദർശനം:** പൂർവ്വ മീമാംസ, ഉത്തര മീമാംസ, വൈശേഷികം, ന്യായം, സാംഖ്യം, യോഗം

**സപ്തസ്വരം :** സ രി ഗ മ പ ധ നി

**സപ്തഗിരി :** മഹേന്ദ്രപർവതം, മലയപർവതം, സഹ്യപർവതം, ഹിമാലയപർവതം, രേവാപർവതം, വിന്ധ്യാപർവതം, ആരാവലി പർവതം

**സപ്ത ലോകം :** ഭൂമിക്കുമുകളിലുള്ള ഏഴുലോകങ്ങൾ : ആവഹ - പ്രവഹ- ഉദ്വഹ- സുവഹ - പരിവഹ - പരാവഹ. ഇതിനെ മറ്റൊരുരീതിയിലും അറിയപ്പെടുന്നു ഭൂലോകം- ഭുവർലോകം- സ്വർലോകം- മഹർലോകം- ജനലോകം- തപോലോകം- സത്യലോകം

**ഭൂമിക്ക് ചുവട്ടിലുള്ള സപ്തലോകം:** അതല- വിതല- സുതല- രസാതല- തലാതല- മഹാതല- പാതാളം

**സപ്തദ്വീപുകൾ :** (ഭൂമിയിലുള്ള ഏഴു ഭൂഖണ്ഡങ്ങൾ) ജംബു ദ്വീപ്, പ്ലക്ഷ ദ്വീപ്, ശാക ദ്വീപ്, കുശ ദ്വീപ് ക്രൗഞ്ച ദ്വീപ്, ശാൽമലി ദ്വീപ്, പുഷ്കര ദ്വീപ്



Scanned with CamScanner

**സപ്ത നദികൾ** : ഗംഗ- യമുന- ഗോദാവരി-സരസ്വതീ-നർമ്മദ-സിന്ധു- കാവേരി

**സപ്ത ചിരംജീവികൾ:** അശ്വത്ഥാമാവ്- ബലി- വ്യാസൻ - ഹനുമാൻ - വിഭീഷണൻ- കൃപൻ- പരശുരാമൻ

**സപ്ത നഗരികൾ** : അയോദ്ധ്യ- മഥുര- കാശി- കാഞ്ചീ- അവന്തിക- പുരീ- ദ്വാരാവതീ - ദ്വാരക

**പ്രതിഷ്ഠയിലെ സപ്ത മാതൃക്കൾ:** ബ്രാഹ്മീ, മാഹേശ്വരീ, കൗമാരി, വൈഷ്ണവീ, വാരാഹീ, ഇന്ദ്രാണീ, ചാമുണ്ഡി.

**സപ്ത മഹാശൈലങ്ങൾ** (സംസ്കൃതത്തിലെ അതിപുരാതന നാമങ്ങൾ) ഹിമശൈലം, ഹേമകൂട ശൈലം, ക്ഷുധാചലം, സുരാചലം, നിഷധാചലം, നീലാചലം, ശ്വേതാചലം

**അഷ്ട ദ്രവ്യങ്ങൾ** : കരിമ്പ്, അരിപ്പൊടി, കദളിപ്പഴം, അവിൽ, എള്ള്, മോദകം, നാളികേരം, മലർ

**(അഷ്ടമംഗലങ്ങൾ പലവിധത്തിലുണ്ട്)**

**അഷ്ടമംഗലം** (1) : കണ്ണാടി, നിറകുടം, സ്വർണ്ണം, പുതുവസ്ത്രം, സ്ത്രീ, അക്ഷതം, പശു, ദീപം

(ലൗകീക) **അഷ്ടമംഗലം** (2) : ദീപം, കണ്ണാടി, സ്വർണ്ണം, ധാന്യപാത്രം, നെയ്യ്, വസ്ത്രം, ഗ്രന്ഥം, കുങ്കുമച്ചെപ്പ്

(ഉത്തമ) **അഷ്ടമംഗലം** (3) : അക്ഷതം, ഗ്രന്ഥം, ദീപം, കണ്ണാടി, സ്വർണം, നിറകുടം, പഴം, വസ്ത്രം

**അഷ്ടമംഗലം** (4) : വെറ്റില, അക്ഷതം, അടയ്ക്ക, മരപ്പാത്രം, വസ്ത്രം, കണ്ണാടി, ഗ്രന്ഥം, ദീപം

**അഷ്ടാംഗപ്രണാമം** : മാറിടം, നെറ്റി, വാക്ക്, മനസ്, തൊഴുകൈ, കണ്ണ്, കാൽമുട്ടുകൾ, കാലടികൾ ചേർന്നു ള്ള പ്രണാമം

**അഷ്ടാക്ഷരം:** ഓം നമോ നാരായണായ.

**അഷ്ടദിക് പാലകർ** : ഇന്ദ്രൻ (കിഴക്ക്) അഗ്നി (കിഴക്ക് തെക്ക് എന്നീ ക്രമത്തിൽ) യമൻ, നിർഋതി, വരുണൻ, വായു, സോമൻ, ഈശാനൻ

**അഷ്ടബന്ധം:** ശംഖുപൊടി, ചെഞ്ചെല്യം, കടുക്ക, പരുത്തി, കോഴിപ്പരൽ, ആറ്റുമണൽ, കോലരക്ക്, നെല്ലിക്ക

**അഷ്ടാംഗയോഗം** : യമം, നിയമം, ആസനം, പ്രാണായാമം, പ്രത്യാഹാരം, ധ്യാനം, ധാരണ, സമാധി

**അഷ്ടഐശ്വര്യം:** (1) അണിമ. (അണുവി നെപ്പോലെ ചെറിതാകുന്നതിനുള്ള കഴിവ്) (2) മഹിമ (പർവ്വതത്തെപ്പോലെ വലുതാകുന്നതിനുള്ള കഴിവ്) (3) ഗരിമ (ഭാരം വളരെ വർദ്ധിപ്പിക്കാനുള്ള കഴിവ്) (4) ലഘിമ (ഭാരം കുറക്കാനും ഇല്ലാതാക്കാനുമുള്ള കഴിവ്) (5) പ്രാപ്തി (അഭീഷ്ടങ്ങളെല്ലാം സാധിക്കുന്നതിനുള്ള കഴിവ്) (6) പ്രാകാമ്യം (അഭീഷ്ടങ്ങളെല്ലാം സാധിക്കുന്നതിനുള്ള കഴിവ്) (7) ഈശ്വര്യം



Scanned with CamScanner

(ഈശ്വരനു തുല്യമായ അവസ്ഥയിൽ എത്തിച്ചേരാനുള്ള കഴിവ്) (8) വശിത്വം (എല്ലാറ്റിനേയും വശീകരിക്കാനുള്ള കഴിവ്.

(അണിമ: ഇവിടെ യോഗിയുടെ ശരീരത്തെ അണുവിനേപ്പോലെ ചെറുതാക്കുന്നതിന് കഴിയുമെന്നല്ല അർത്ഥമാക്കുന്നത്. അണുവിന്റെ അത്രയും ചെറിയ ഒരു സംഗതിയെപ്പോലും അതുമായി താദാത്മ്യം പ്രാപിക്കുന്നതുകൊണ്ട് കൂടുതലറിയാൻ സാധിക്കുന്നമെന്നാണ് സൂചിപ്പിക്കുന്നത്.

മഹിമ : യോഗികൾക്ക് പർവ്വതത്തേപ്പോലെ വലുതാകുന്നതിനുള്ള കഴിവിനെയല്ല സൂചിപ്പിക്കുന്നത്. പർവ്വതത്തെപ്പോലുള്ള മഹത്തായ ഒരു കാര്യം നമുക്ക് കൈകാര്യം ചെയ്യേണ്ടിവരുമ്പോൾ നാം മാനസികമായി പർവ്വതാകാരം പൂണ്ടെങ്കിൽ മാത്രമേ അത് നമ്മുടെ കൈപ്പിടിയിൽ അമർ ന്നു കിട്ടുകയുള്ളൂ അതാണ് മഹിമ.

ഗരിമ : ഗരിമയാകട്ടെ നിസ്സാരകാര്യ മെന്ന് നാം ധരിക്കുന്ന കാര്യങ്ങൾ നിസ്സാരങ്ങളായിക്കൊള്ളണമെന്നില്ലെന്നും അതിന് അതിന്റേതായ ഘനമുണ്ടെന്നും അതിനെ ഘനമായിത്തന്നെ കാണണമെന്നുമുള്ള കാഴ്ചപ്പാടിലാണ് ഗരിമ

ലഘിമ : ലഘിമയാകട്ടെ മസ്സിന്റെ ഭാരം കുറ ച്ച് ശരീരത്തെ കൊണ്ട് എത്ര ഭാരപ്പെട്ട സംഗതികളേയും ചെയ്യിക്കാമെന്നുള്ളതാണിത്.)

അഷ്ടപ്രകൃതി : ഭൂമി- ആപ- അനലൻ- വായു- ആകാശം- മനസ്സ്- ബുദ്ധി- അഹങ്കാരം

അഷ്ടദിഗ്ഗജങ്ങൾ : ഐരാവതം, പുണ്ഡരീകം, വാമനം, കുമുദം, അഞ്ജനം, പുഷ്പദന്തം, സാർവഭൗമം, സുപ്രതീകം- പ്രപഞ്ചത്തിൽ ഭൂമിയുടെ സ്ഥാനത്തെ വിവരിക്കുന്ന മഹാസങ്കല്പത്തിലാണ് ഈ എട്ട് ദിഗ്ഗജങ്ങളുടെ പേരുവരുന്നത്

നവഗ്രഹങ്ങൾ : സൂര്യൻ, ചന്ദ്രൻ, കുജൻ, ബുധൻ, ഗുരു, ശുക്രൻ, ശനി, രാഹു, കേതു (ഇവിടെ ഗ്രഹം എന്ന പദത്തിന് പ്ളാനറ്റ് എന്ന അർത്ഥമല്ല ഉള്ളത്, സ്വാധീനിക്കുന്നത് എന്നർത്ഥമേയുള്ളൂ. പ്ളാനറ്റ് എന്ന അർത്ഥത്തിൽ വരണമെങ്കിൽ അതിന് ജ്യോതിശാസ്ത്രത്തില പദം താരഗ്രഹം എന്നാണ്.)

നവരത്നം : മുത്ത്, മാണിക്യം, വൈഡൂര്യം, ഗോമേദകം, വജ്രം, പവിഴം, പത്മരാഗം, മരതകം, നീലം

നവഖണ്ഡങ്ങൾ : (ഏഷ്യ ഭൂഖണ്ഡത്തിലുള്ളത്) ഇന്ദ്രഖണ്ഡം,കശേരു ഖണ്ഡം, താമ്രഖണ്ഡം, ഗഭസ്തിഖണ്ഡം, നാഗഖണ്ഡം, സൗമ്യഖണ്ഡം, ഗന്ധർവഖണ്ഡം, ശരഖണ്ഡം, രാമഖണ്ഡം

ദശാവതാരം :മത്സ്യം, കൂർമ്മം, വരാഹം, നരസിംഹം, വാമനൻ, പരശുരാമൻ, ബലരാമൻ, ശ്രീരാമൻ, ശ്രീകൃഷ്ണൻ, ഘല്ഗി (കൽകി)

ദശനാദജാതികൾ : ചിണി, ചിഞ്ചിണി, ഘണ്ടാനാദം, ശംഖനാദം, തന്ത്രീനാദം, വേണുനാദം, താളനാദം മൃദംഗനാദം, ഭേരീനാദം, മേഘനാദം



Scanned with CamScanner

**മുപ്പത്തി ആറു തത്വങ്ങൾ** : ശിവം, ശക്തി, സദാശിവം, ഈശ്വരൻ ശുദ്ധവിദ്യ, മായാ, കലാ, വിദ്യാ, രംഗം, കാലം, നിയതി, (പ്രപഞ്ച) പുരുഷ, പ്രകൃതി, അഹ കാര (awareness) ബുദ്ധി, മനസ്, ശ്രോത്രം, ത്വക്, നേത്രം, ജിഹ്വാ, ഘ്രാണം വാക്, പാണി, പാദം, വായു, ഉപസ്ഥം, ശബ്ദം, സ്പർശം, രൂപം, രസം, ഗന്ധം, ആകാശം, വായു, തേജസ്, ആപസ്, പൃഥ്വി തത്വങ്ങൾ

## സനാതനധർമ്മ പഠനം –58

# Indian values in business and life

1. Human beings different from animals
2. Purpose of our life and prayer
3. Why and how to live
4. Growth and stagnation in life
5. Duration of our life and changes
6. How and how long we live
7. Useful, purposeful and fruitful life
8. Value based life and profession
9. Mind, thoughts , action and results
10. Changing the mind in I and we
11. Optimism and pessimism
12. Creating a vision in the mind and action
13. Relations between the mind and body
14. Positive and negative results
15. Holistic approach to success and failures
16. Results and rewards in the mission
17. Bringing change in mind and its result
18. Evolutionary and revolutionary changes



Scanned with CamScanner

19. Setting the goal and working
20. Change and step changes
21. Efficiency and effectiveness
22. Effort and result and path of mission
23. Holistic role of mind and body
24. Holistic approach of individuals
25. Individuals and family relations
26. Family traditions and business
27. Name and fame of the family
28. Generations to the generations
29. Holistic approach towards society
30. Sarvey bhavanthu sukhina:
31. From narrow mind to broad mind
32. Mission oriented business and vice versa
33. Marching from zero to hero
34. Taking and giving message four paths
35. Stories, experiences, advise and facts
36. Path of transferring messages to family
37. Creativity and innovation in business
38. Sathyam dharmam neeti and nyaayam
39. Working and growing together
40. Motivating and appreciating one and all
41. Step corrections at all stages
42. Thinking, starting, doing, finishing and evaluating
43. Devotion, dedication and sincerity



Scanned with CamScanner

44. Sharing, caring and curing

45. Building the culture and transferring

46. Being different from others

47. Setting trends in tangible parameters

48. Evaluating the quality of individuals

49. Measuring group activities

50. Communication skill improving

51. Ahimsa , sathyam, astheyam and aparigrahm

52. Soucham, santhosham, thapa, swaadhyaam

Books discussing the subjects of value based life and business: Viduropadesam, Bheeshmopad- esam, Bharathopadesam, Bharthruhari's upadesa sathakam, Lakshmanopadesam, Koutilya neeti saaram, hithopadesam, Bhagavath geetha, yoga aasishtam, stories + experiences + messages + truths and facts etc on life given in puraanaas, itihaasaas, Vedas and upanishads.

## സനാതനധർമ്മ പഠനം –59

## AN OUTLINE OF INDIAN SCIENTIFIC AND TECHNOLOGICAL HERITAGE

1. Learning Sanskrit is not compulsory to learn the Indian scientific and technological heritage. Many books are available in regional and English languages. Large quantum of knowledge is directly available from the internet also.
2. First step to learn S&T heritage is to divide the heritage subjects as done in modern science. The basic sciences and applied sciences (technology).



Scanned with CamScanner

3. **Basic sciences** like chemistry, maths, astronomy, geography, physics, biochemistry, botany, physiology, anatomy, medicines, metals, gems, alloys, etc .

4. **Applied or engineering sciences** like civil + mechanical + biochemical + medical+ textiles' +painting/ colorants + fermentation + leather + food + metallurgy, etc.

5. Basic heritage S&T knowledge are available in different spiritual and philosophical books and also from specific heritage subject books.

6. Eg - 1: Definition of atom, wave nature of sound, speed of light, Heisenberg's uncertainty principles, evolution theory, psychology, health science, etc are available in our spiritual and philosophy books.

7. Eg - 2: Information on pure inorganic chemistry, medicine, methodology of preparing the plant products are available in hundreds of Sanskrit rasa texts dealing with rasa chikitsa and ayurveda. Many information on physics are available in each chapter of the yanthra sarvaswa which is a small part of amsubodhini.

8. For learning maths and astronomy knowledge of Aryabhatteeya + Bhaskareeya + katapayaadi number systems is a must and basic requirement.

9. **In Aryabhateeya system** ka to ma = 1 to 25; ya, ra to ha 30, 40 to 90; Vowels carry the values as given Eg cha = 6; chi = 6,00 chu = 6,00,00; chru = 6,00,00,00; che = 6,00,00,00,00 and so on . Addition of letter values gives the number. Giyinga sa = gi+yi+nga+sa = 300 +3000+5+70 = 3375

10. **In Bhaskareeya number,** kha, ambaram, soonyam, aakaesam, etc = 0; bhoomi, sasi, . roopam, = 1, netram, srothram, paadam, hastham, etc = 2; Rama, guna,. Agni, sandhya , etc = 3; Vedam, samudram, vanam, etc = 4; indriya, bhootha, sara, etc = 5; ruthu, rasa, etc = 6; swara, rushi, etc 7 and so on. Now see how the number is written; vyoma (0) soonya (0) sara (5) adri (7) indu (1) randra (9) adri (7) adri(7) sara(5) indiava: (1) Write the letters from right to left =



Scanned with CamScanner

1577917500 (number of days in a mahayuga) All the synonyms of the above words also carry same number value

11. **In ka ta pa ya adi number** system ka,ta,pa,ya, = 1; kha tha, pha, ra = 2; ga, da, ba,la = 3......and so on nja, na = 0; any vowel coming first in the word also = 0; last letter is to be taken from mixed letters. Eg; from rdhya r+d+dh+ya, take only ya as 1. Any vowel mixing with the letters will not make any change for the letter value Eg: ga, gi, gu, gru, ge, gai, go, gow all these carry the same value = 3; writing numbers ; go(3) pa(1) jna(0) ya(1) di(8) na(0) dha(9) ma(5). Write the number from right to left; 59' 08'' 10''' 13'''' (59 minute, 8 second, 10 decisecond and 13 micro second is the revolution speed of earth around the sun per day.

12. **Vedic geometry** means Boudayana, Kaatyaayana, Aapasthamba, Manava sulba sootras. The focus of the sulba sutras is on a variety of geometrical figures used for yaaga saala and fire altars construction. Vedic maths do not have much connection with Vedas, still is a fantastic tool accepted and researched world over.

13. **Mathematics;** Thousands of heritage maths books/ palm leaves manuscripts are available even today. Arithmetic knowledge like progression, interest calculation, multiplication, finding of roots/squares/power of n numbers, quadratic equation, areas, volumes, perimeters, surface areas, etc of squares, rectangles, rhombus, trapezeum, circle, circle inscribed, cone, cylinder, sphere, semi sphere, different structures and figures, etc. are well documented Variety of theorems, sin ø, cos ø and so on.

14. Hundreds of theorems are also known to our forefathers, which unfortunately are now known in the name of western scientists and mathematicians.

15. **Astronomy:** Hundreds of heritage astronomy books are available even today. They explain shape, size, diameter, rotation, revolution, gravity, sunrise/ sun set, etc of earth, eclipse/ possibility of eclipse, apogee / perigee, international day line, east/west of the line, declination, precision equinox, celestial and terrestrial latitude + longitude, parallax error, day



Scanned with CamScanner

radius, information about position /rotation /revolution / day duration / etc of all planets, sun, moon, etc, are precisely explained.

16. **Chemistry and chemicals:** There are more than a hundred Sanskrit texts available in Govt Sanskrit College, TVM which were written during 5th century AD to 15th Century AD. Rasarnavam, rasaratna samuchayam, rasendra saaram and so on. The contents of the books are making different compounds of copper, gold, silver, lead, zinc, mercury, and mica for rasa chiktsa. The scientific and technological content in these books are no way inferior.

17. **Biotechnology**: This is not a modern subject or modern science. Remember dozens of arishtas and asavas are the products of perfect fermentation technology. Even the grandmas technology shows micro organism free pickles and storage products. Variety of alcohol products has been explained in arthaaastra and the detailed explanation of the alcohol production and duties of the liquour department head are explained.

18. **Civil Engineering:** The living scientific and technological marvels are the temples, mandapas, gopuras, palaces, forts and houses and huge marvellous building constructed in different parts of India. The temples like Padmanabha swamy, Sucheendram, Tiruchendur, Chidambaram, Kumbakonam, Kancheepuram, Madhura, Khajuraho, Hoysala and so on are the standing marvel of our civil engineering capability. Many of them can be placed as the first among the seventh world wonders. The Jaisalmar palaces, palaces of the pink cities, Gwalior fort, Mehrauli temple, and so on are few among the greatest monuments. Many forts and palaces stand as the proof of our great architectural and civil engineering capability.

19. **Textiles;** Kancheepuram and Banaras silk sarees and cotton, jute, leader, products which has a history of production and export from 600 BC. They are still standing in the forefront of the Indian industry.

20. **Metallurgy:** Copper, zinc, lead, iron, gold, silver and variety of their alloys were produced from time imemmorial. Indian brass, bronze, gold mixed with different proportion of copper and silver were all known. Delhi, Dhar and Mukambika iron rustless pillars,



Scanned with CamScanner

Kodumanal sword, shows our metallurgical capability. Production and purification details of these metals and alloys right from Vedic period are available.

21. **Ceramics:** Ishtakaadhyaya of sulba sutra gives variety of ceramic products, the Lothal port made out of 6 lakhs bricks has a history of not less than 5000 years to explain.

22. **Instruments and Yanthras**: Amsubodhini and its part yanthra sarvaswa give excellent details of instruments like aeroplane, spectro photo meter and so on. Many astronomical books give indepth knowledge on jyothir yanthras. Many ayurveda books explain equipments used for producing ayurvedic drugs.

23. Search for all the above in internet and motivate others to learn from internet through giving key words of the subject of their interest.

24. Four Pramanas : Sastram pramanam + Prathyaksham pramanam + Aapthavakyam pramanam + Anumanam pramanam

25. Learn scientific heritage to become a proud Indian, to inform the world about our discoveries and also to use them in our daily life.

************************



Scanned with CamScanner

## ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയിന്റിഫിക് ഹെറിറ്റേജ്
## ലക്ഷ്യവും മാർഗ്ഗവും

**പാപ്പനംകോട്, തിരുവനന്തപുരം – 695 018.**

- ഭാരതീയ പൈതൃക പഠന പ്രചരണക്ലാസ്സുകൾ, പ്രഭാഷണങ്ങൾ തികച്ചും നൂതനമായ രീതിയിലൂടെ സംഘടിപ്പിക്കുന്നു.
- ഇംഗ്ലീഷിലും മലയാളത്തിലുമുള്ള ബ്രോഷറുകൾ, പുസ്തകങ്ങൾ, ലഘുലേഖകൾ, പഠന ലേഖനങ്ങൾ എന്നിവയുടെ വിതരണം.
- സിഡികൾ, ഡിവിഡികൾ, പെൻഡ്രൈവുകൾ പ്രസിദ്ധീകരിക്കുന്നു.
- ഫെയ്സ് ബുക്ക്, വാട്സ്ആപ്പ്, യൂട്യൂബ്, ഇന്റർനെറ്റ് മെസേജ്, മൊബൈൽ മെസേജ്, ട്വിറ്റർ മെസേജ് പൈതൃക പ്രചാരണത്തിനായി ഉപയോഗിക്കുന്നു.
- പൈതൃക വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും പ്രചാരകർക്കും വിഷയത്തിലെ യോഗ്യതക്കനുസരിച്ച് ഉയർന്ന നിലവാരത്തിലുള്ള IISH ഡിജിറ്റലൈസ്ഡ് സർട്ടിഫിക്കറ്റുകൾ നൽകുന്നു.
- ദേശവിദേശങ്ങളിലെ പൈതൃക പ്രചാരണ സംഘടനകളുമായി സഹകരിച്ച് ഗഹനമായ പ്രചാരണയജ്ഞ പ്രവർത്തനം സംഘടിപ്പിക്കുന്നു.
- വേദപഠന പ്രചരണം വളരെ ലളിതമായി നടത്തുന്നു.
- അന്ധവിശ്വാസങ്ങളും ദുരാചാരങ്ങളും അകറ്റി ശാസ്ത്രീയമായ പൈതൃക പ്രചരണം സമാന ചിന്താഗതിയുള്ള സംഘടനകളുമായി ചേർന്ന് നടത്തുന്നു.


**Brochure written by Dr. N. Gopalakrishnan,**
**Indian Institute of Scientific Heritage,**
**Trivandrum - 695 018., Ph : 0471 - 2490149,**
**www.iish.org, iishservice1@gmail.com. www.iish.org,**
**www.dharmaradio.in, youtube, facebook - dr.n.gopalakrishnan.**






Scanned with CamScanner